# മരണത്തിലൂടെ ജീവൻ



242.

ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ്

# മരണത്തിലൂടെ ജീവൻ

ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ്

[illegible]

സ്നേഹത്തോടെ

അലോഷ്യസ്

08/11/2006

PC Library & Research Center
8415

# മരണത്തിലൂടെ ജീവൻ

ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ്

പ്രസാധനം, വിതരണം
മീഡിയ ഹൗസ്, ഡൽഹി

**MARANATHILOODE JEEVAN** *(Malayalam)*

Fr. Aloysius D. Fernandez

First Edition : July 2006

242

© Fr. Aloysius D. Fernandez

*Cover design:* Prof. V. C. John, Mavelikara

*Type setting:* Jcic Paravoor, Alappuzha - 14

Layout: Presanna Kumar O.P.

*Printed at: Jyoti Printers,* E-94, Sector - 6, Noida, UP,
Ph: 0120-2422117, 2422104

**Media House**
375-A, Pocket II, Mayur Vihar Phase-I, Delhi - 110 091
Phone: 011-22751317, 43042096, Telefax: 011-22750667
E-mail: mediahousedelhi@gmail.com/hotmail.com
Website: www.mediahousedelhi.org

ISBN: 81-7495-239-X

**Price: Rs.45/-**

# ഉള്ളടക്കം


ഒരു വാക്ക്

അവതാരിക

1. മരണത്തിലൂടെ ജീവൻ 15

2. സ്വർഗ്ഗത്തിലേയ്ക്കുള്ള വണ്ടി 19

3. മരിച്ചു മണ്ണടിയാത്ത സഭ 22

4. യേശുവിനെ ഇവിടെങ്ങും കാണുന്നില്ല 26

5. യേശുവിരുദ്ധതയുടെ തിരുസഭ 31

6. യേശു തോറ്റു, സഭ ജയിച്ചു 37

7. നെയ്യാറ്റിൻകര സംഭവം -
കേരളത്തിലെ ലത്തീൻ കത്തോലിക്കാ സഭ
ചരിത്രബാദ്ധ്യത ഏറ്റെടുക്കുമോ? 40

8. രാഷ്ട്രീയ വ്യക്തതയോടെയുള്ള കാൽവെപ്പ് അനിവാര്യം 47

9. രണ്ടാം വത്തിക്കാൻ സൂനഹദോസ് - ജനോന്മുഖം 53

10. ഇടവക ഒരു ജനകീയ മുന്നേറ്റം 56

11. സഭ ദരിദ്രർക്കുവേണ്ടിയുള്ളതല്ല,
ദരിദ്രരുടേതു തന്നെയാകണം 59

12. ദരിദ്രരുടെയും പീഡിതരുടെയും സഭ
എങ്ങനെ സ്ഥാപിതസഭയായി ? 65

13. ഒരു ജനകീയ പ്രസ്ഥാനം 71

14. സഭ ഒരു വിമോചന പ്രസ്ഥാനം 77

# ഒരു വാക്ക്

ചരിത്രത്തിലെ ക്രിസ്തുവും നാം കാണുന്ന സഭയും എന്നും എന്റെ മുമ്പിൽ ഒരു ചോദ്യച്ചിഹ്നമായിരുന്നു. വൈദികപരിശീലന കാലത്തുള്ള ദൈവശാസ്ത്രപരവും സഭാപരവുമായ പഠനങ്ങൾ എന്നിൽ പുതിയ ചോദ്യങ്ങൾ ഉയർത്തി. തുടർന്നുള്ള ജീവിതത്തിൽ നിരന്തരമായ പഠനവും അന്വേഷണവും ഗൗരവമായിത്തന്നെ നട ത്താൻ ശ്രമിച്ചിട്ടുണ്ട്. ദരിദ്രരും അടിച്ചമർത്തപ്പെട്ടവരുമായി യേശു താദാത്മ്യപ്പെട്ടുകൊണ്ടാണ്, നവലോകസൃഷ്ടിയായ ദൈവരാജ്യ സാക്ഷാത്ക്കാരത്തിനായി പ്രവർത്തിച്ചത്. ഇന്നത്തെ അവസ്ഥയെ സമൂലം പരിവർത്തിപ്പിക്കുന്ന ഇടതുപക്ഷത്താണ് യേശു നില ഉറ പ്പിച്ചത്; അവിടെത്തന്നെയാണ് യേശുവിന്റെ സഭ വേരൂന്നേണ്ടതും. ആ ചിന്തയുടെ ഏറ്റം ലളിതമായിട്ടുള്ള ഒരു പ്രകാശനമാണീ ചെറു ഗ്രന്ഥം. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള ചർച്ചയ്ക്ക് ഇതു സഹായമായാൽ ഞാൻ ധന്യനായി.

ഈ പുസ്തകം ഇത്ര സമ്പുഷ്ടമാക്കാൻ ധാരാളം പേർ സഹക രിച്ചിട്ടുണ്ട്. അവരിൽ സർവ്വശ്രീ സി. പി. സുധാകരൻ, ഡോ. ജോർജ് കെ. അലക്സ്, എൻ. ജി. ശാസ്ത്രി, കൊച്ചുമോൾ, പി. വി. വേണു ഗോപാൽ, തോംസൺ വർഗീസ്, ജി. സെബാസ്റ്റ്യൻ എന്നിവരെ പ്രത്യേകം സ്മരിക്കുന്നു.

ഇതിന്റെ ഡി. റ്റി. പി. യും ലേയൗട്ടും ചെയ്ത ശ്രീ. ഒ. പി. പ്രസ ന്നകുമാറിനെയും കവർ ഡിസൈൻ ചെയ്ത പ്രൊഫ. വി. സി. ജോണി നെയും, ഈ പുസ്തകത്തിന്റെ സ്ക്രിപ്റ്റ് ഏറ്റുവാങ്ങി അച്ചടിച്ചു പ്രസിദ്ധീകരിക്കുന്ന ഡൽഹി മീഡിയ ഹൗസിനേയും എന്റെ നന്ദി അറിയിക്കുന്നു.

*08. 07. 2006* *ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ്*

## അവതാരിക

# അസ്വാസ്ഥ്യജനകമായ ചോദ്യങ്ങൾ

ക്രൈസ്തവ ദർശനത്തിലുറച്ചുനിന്ന് പാർശ്വവൽക്കരിക്കപ്പെട്ടവരുടെയിടയിൽ വിപ്ലവകരമായി പ്രവർത്തിക്കുന്ന ഫാദർ അലോഷ്യസ് മലയാളവായനക്കാർക്ക് സുപരിചിതനാണ്.'ഓറ' എന്ന ആനുകാലികപ്രസിദ്ധീകരണവും 'കറുത്ത കുർബ്ബാന' എന്ന ആത്മകഥാപരമായ രചനയും 'അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ' എന്ന ലേഖനസമാഹാരവും സാമൂഹികനീതിയെക്കുറിച്ച് ഉത്കണ്ഠപ്പെടുന്ന വായനക്കാർക്ക് അപരിചിതമാകാൻ വയ്യ. ഔദ്യോഗികസഭയുടെ കാഴ്ചപ്പാടിനെയും നടപടികളെയും കർക്കശമായ സ്വരത്തിൽ വിമർശിക്കുന്ന ഫാ. അലോഷ്യസിന്റെ പൗരോഹിത്യാവകാശങ്ങൾ ഇതിനകം അപഹരിക്കപ്പെട്ടിട്ടില്ല എന്നത് സഭയുടെ തന്ത്രശാലിത്വം മാത്രമാണ് സാക്ഷ്യപ്പെടുത്തുന്നത്.

ക്രൈസ്തവ ദർശനത്തെക്കുറിച്ച് സംശയാതീതവും സുവ്യക്തവുമായ ഒരു കാഴ്ചപ്പാട് ഫാദറിനുണ്ട്. ലിബറേഷൻ തിയോളജിയിൽ നിന്നാണ് അത് ഊർജ്ജം സംഭരിക്കുന്നത്. അചഞ്ചലമായ ഈ പ്രത്യയ സ്ഥൈര്യമാണ് അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾക്കും ഉൾക്കാഴ്ചകൾക്കും കരുത്തു പകരുന്നത്. വ്യവസ്ഥാപിതമായ ദൈവശാസ്ത്രം സാധാരണ വിശ്വാസികളിൽ നിന്നും കാതലായ പല സത്യങ്ങളും മറച്ചുപിടിക്കാറുണ്ട്. പൗരോഹിത്യം അതിന്റെ വ്യാഖ്യാനങ്ങളിൽ വൈശദ്യം പാലിക്കുകയല്ല, അവ്യക്തത നിറയ്ക്കുകയാണു പതിവ്. ഫാ. അലോഷ്യസിന് താൻ പറയുന്നതെന്താണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതു

സുതാര്യമായവതരിപ്പിക്കുന്നതിന് തടസ്സമായ ഒഴിയാബാധകളുമില്ല. 'മരണത്തിലൂടെ ജീവൻ' എന്ന പുതിയ ഗ്രന്ഥത്തിലെ ലേഖനങ്ങളെ ശ്രദ്ധേയമാക്കുന്നത് ഈ പ്രത്യേകതകളാണ്.

ഏതു പ്രസ്ഥാനവും സ്ഥാപനവത്ക്കരിക്കപ്പെടുന്നതോടെ, അത് ഏതേതാദർശങ്ങളിൽ നിന്നാണോ രൂപംകൊണ്ടത് ആ ആദർശങ്ങളെത്തന്നെ, പ്രവർത്തികളിലൂടെ നിരസിക്കും. ചരിത്രത്തിൽ നാം തെളിഞ്ഞു കാണുന്ന സത്യമാണിത്. സ്ഥാപനവത്ക്കരണം എപ്പോഴും സംഭവിക്കുക അധികാരകേന്ദ്രിതമായിട്ടായിരിക്കും. അധികാരം ഉച്ചനീചത്വത്തിലധിഷ്ഠിതമായ ശ്രേണീകരണം അനിവാര്യമാക്കുന്നു. പിന്നെ പദവികൾ നിലനിർത്തുകയാവും പ്രധാനപ്രശ്നം. അധികാരത്തെയും പദവികളെയും സുസ്ഥാപിതമാക്കാൻ ഒന്നാമതായി വേണ്ടതു പണമാണ്. സ്ഥാപനങ്ങൾ സമ്പത്തിനെ അതിരുകടന്നാശ്രയിക്കുന്നത് അതുകൊണ്ടാണ്. ഈ അപകടം ക്രൈസ്തവ വിശ്വാസത്തിനുമുണ്ടായി. ഫാ. അലോഷ്യസ് ചൂണ്ടിക്കാണിക്കുന്നതുപോലെ നിന്ദിതരും പീഡിതരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമായ ജനതയുടെ വിമോചനം ലക്ഷ്യമാക്കി രൂപം കൊണ്ട, ചൈതന്യവത്തായ ഒരു പ്രസ്ഥാനമായ ക്രൈസ്തവകൂട്ടായ്മ ഒരു ചക്രവർത്തിയുടെ തന്ത്രപരമായ വിളംബരത്തിലൂടെ ഒരു മഹാസ്ഥാപനമായിത്തീരുകയായിരുന്നു. ആനന്ദ് 'നാലാമത്തെ ആണി'യിൽ വാദിക്കുന്നതുപോലെ പൗരോഹിത്യം ക്രിസ്തുവിനെ മാറ്റി നിറുത്തി സുസംഘടിതമായ ഒരു സഭ പടുത്തുയർത്തുകയായിരുന്നു.

ഒരു മതസ്ഥാപനമായി മാറിയതോടെ ഊന്നൽ സാക്രമെന്റുകളിലും വിശ്വാസപ്രഖ്യാപനങ്ങളിലുമായി. പതിതരുടെ വിമോചനമെന്ന അടിസ്ഥാനലക്ഷ്യം അതിന് അന്യമായി.

കാരുണ്യത്തിന്റെ പ്രദർശനമെന്നോണം സഭ നടത്തുന്ന സേവന പ്രവർത്തനങ്ങൾ യഥാർത്ഥ ദൗത്യത്തിൽ നിന്നുള്ള ഒളിച്ചോട്ടത്തിനു മറപിടിക്കുന്ന പരിപാടികളായിത്തീർന്നു. സഭ ദരിദ്രരെക്കുറിച്ച് ഉത്ക്കണ്ഠപ്പെടുകയും എന്തുകൊണ്ടു ദാരിദ്ര്യമുണ്ടാകുന്നു എന്ന ചോദ്യത്തിൽ നിന്ന് ഒഴിഞ്ഞുമാറുകയും ചെയ്യുന്നു. ദരിദ്രരോട് സഹാനുഭൂതി കാട്ടുകയും, സമ്പന്നരുമായി ഐക്യദാർഢ്യം പാലിക്കുകയും ചെയ്യുന്നു.

ഒരു കാലത്ത് ത്യാഗപൂർണ്ണമായ സേവനം ലക്ഷ്യമാക്കി

യിരുന്ന ക്രൈസ്തവ സ്ഥാപനങ്ങൾ ഇന്ന് മികച്ച കച്ചവട സ്ഥാപനങ്ങളായി മാറി. സഭയുടെ ധനാഗമമാർഗ്ഗങ്ങളെന്ന നിലയ്ക്കാണ് ഇന്ന് അവയ്ക്കു പ്രസക്തി. സ്വയം ചാകുന്നതിലൂടെ അന്യർക്കു ജീവൻ നൽകുന്ന ദർശനത്തിനവിടെ ഒരു സാംഗത്യവും ഇല്ലാതായി.

ഒരു കാലത്ത് വളരെ പ്രകടമായിത്തന്നെ വലതുപക്ഷ രാഷ്ട്രീയത്തോട് പക്ഷം ചേർന്നിരുന്ന സംഘടിതസഭ ഇന്ന് നിഷ്പക്ഷത ഭാവിക്കുകയും അവസരവാദപരമായ നിലപാടുകൾ സ്വീകരിക്കുകയും ചെയ്യുന്നു. ധാരാളം പണം കൊയ്യാൻ പറ്റുന്ന സ്ഥാപനങ്ങൾ അനുവദിച്ചുകിട്ടാൻ വേണ്ടി രാഷ്ട്രീയപ്പാർട്ടികളുടെ വാതിൽക്കൽ പാടു കിടക്കുക്യും വിശ്വാസികളെ വോട്ടുബാങ്കുകളാക്കി ഉയർത്തിക്കാണിച്ച് രാഷ്ട്രീയപാർട്ടികളെ വരുതിക്കു നിറുത്താൻ ശ്രമിക്കുകയും ചെയ്യുന്ന സഭാമേലദ്ധ്യക്ഷന്മാരുടെ രാഷ്ട്രീയപക്ഷപാതം ആരോടാണെന്ന ചോദ്യം ഫാദർ അലോഷ്യസ് ശക്തമായി ഉന്നയിക്കുന്നു.

സഭ ദരിദ്രർക്കുവേണ്ടിയുള്ളതായാൽപ്പോരാ ദരിദ്രരുടേതാവണം എന്നതാണ് ഗ്രന്ഥകാരൻ ഉന്നയിക്കുന്ന പ്രധാന വാദം.

ഫാ. അലോഷ്യസിന്റെ നിരീക്ഷണങ്ങളും ഉൾക്കാഴ്ചകളും സത്യത്തിന്റെ സാന്ദ്രമായ മുഴക്കമുള്ളതാണ്. അനുഭവത്തിന്റെ ഊർജ്ജവും കരുത്തും ആ ആശയങ്ങൾക്കുണ്ടുതാനും. എങ്കിലും പ്രസക്തമായ രണ്ടു ചോദ്യങ്ങൾ ഉന്നയിക്കാതെ വയ്യ.

ക്രൈസ്തവ ദർശനത്തിൽ നിന്ന് സഭ തന്ത്രപരമായി ഒഴിവാക്കിയ ഒരു തലത്തിനാണ് ഫാദർ ഊന്നൽ നൽകുന്നത്. അതേ സമയം ബൈബിൾ രക്ഷയെക്കുറിച്ചു നൽകുന്ന ദർശനത്തിന്റെ ആത്മീയതലത്തെക്കുറിച്ച് മൗനം പാലിക്കുകയും ചെയ്യുന്നു. എന്റെ രാജ്യം ഐഹികമല്ല എന്ന് പീലാത്തോസിന്റെ മുഖത്തു നോക്കിപ്പറഞ്ഞ ദൈവപുത്രനായ ക്രിസ്തുവിനെ പൂർണ്ണമായുൾക്കൊള്ളാൻ ഈ തലം കൂടി അംഗീകരിക്കേണ്ടതല്ലേ? ക്രിസ്തു വിഭാവനം ചെയ്ത വിമോചനം സമഗ്രമാകുന്നതപ്പോഴല്ലേ? ഫാ. അലോഷ്യസ് ഈ സത്യം അംഗീകരിക്കുമെന്നുതന്നെ ഞാൻ കരുതുന്നു. ആത്മീയതലത്തിന് വേണ്ടതിലധികം ഊന്നൽ നൽകുന്ന സഭ ഭൗതീകമായ വിമോചനത്തെ അവഗ

ണിക്കുന്നു എന്നതുകൊണ്ടാണ് അദ്ദേഹം ഈ നിലപാടെടുത്തത്.

രണ്ടാമത്തെ പ്രശ്നം ഇടതുപക്ഷരാഷ്ട്രീയത്തോട് ഫാദർ പ്രകടിപ്പിക്കുന്ന താല്പര്യമാണ്. മാർക്സിസം സ്ഥാപനവത്ക്കരിക്കപ്പെട്ടപ്പോഴല്ലേ മാർക്സിസ്റ്റ് പാർട്ടിയുണ്ടായത്? ഇന്ത്യൻ പരിതസ്ഥിതിയിൽ ക്രസ്തുവിനു സഭയോടുള്ളതിൽക്കവിഞ്ഞ വല്ല ബന്ധവും മാർക്സിസത്തിന് മാർക്സിസ്റ്റു പാർട്ടിയോടുണ്ടോ? എയർക്കണ്ടീഷൻ ചെയ്ത ക്വാർട്ടേഴ്സുകളിൽ താമസിച്ച് മക്കളെ വിദേശത്തും സ്വദേശത്തുമുള്ള സ്വാശ്രയസ്ഥാപനങ്ങളിൽ കോഴ കൊടുത്തു പഠിപ്പിക്കുന്ന പാർട്ടിനേതാക്കൾക്ക് 'ഇല്ലാത്തവരു'മായി സാത്മ്യം പ്രാപിക്കാനെങ്ങനെ കഴിയും? സാമ്പത്തികമായി ഇന്ത്യയിലേറ്റവും സമ്പന്നമായ പാർട്ടിയും അതാണ്. ഒട്ടേറെ വൻകിട സ്ഥാപനങ്ങൾക്കു മുതൽ മുടക്കാനുള്ള മൂലധനവുമതിനുണ്ടെന്ന് തെളിയിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

ഫാ. അലോഷ്യസിനെപ്പോലെ ആദർശധീരനായ ഒരു ആക്ടിവിസ്റ്റിനു എപ്പോഴും സുവർണ്ണ പ്രതിപക്ഷമായി നിൽക്കാനേ കഴിയൂ എന്നാണ് എന്റെ വിചാരം.

ഈ വിയോജനക്കുറിപ്പുകൾ ഫാദറിന്റെ വിമർശനങ്ങളുടെ മൂർച്ച കുറയ്ക്കുന്നുവെന്നോ അവയുടെ ഗൗരവം ലഘൂകരിക്കുന്നുവെന്നോ ഞാൻ കരുതുന്നില്ല. ചിന്തോദ്ദീപകവും അസ്വാസ്ഥ്യജനകവുമാണീ ലേഖനങ്ങൾ. ചിന്താശീലരായ മലയാളവായനക്കാർ ഈ പുസ്തകത്തെയും ഗൗരവപൂർവമേറ്റുവാങ്ങുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരം
25. 2. 2006

**ഡോ. ഡി. ബഞ്ചമിൻ**
പ്രൊഫസർ, മലയാളവിഭാഗം
കേരളസർവകലാശാല

## ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ്

1947 ആഗസ്റ്റ് 29 നു ജനനം. അച്ഛൻ ദാവീദ് വി. ഫെർണാന്റസ്, അമ്മ ത്രേസ്യാമ്മ. കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യ ത്തിൽ ബി. എ., ആലുവ സെന്റ് ജോസഫ് പൊന്റിഫിക്കൽ സെമിനാരി യിൽ നിന്നും ബി. ഡി., അമേരിക്കയിലെ ബോസ്റ്റൻ കോളേജിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം.

ബാംഗ്ലൂർ ഇൻഡ്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കമ്മ്യൂണിറ്റി ഓർഗനൈസേഷൻ കോഴ്സിൽ സർട്ടിഫിക്കറ്റ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസും അമേരിക്കൻ കൗൺസിലേഴ്സ് അസോ സിയേഷനും ട്രാഡയും സംയുക്തമായി നടത്തിയ അഡ്വാൻസ്ഡ് സൈക്കോ തെറാപ്പിയിലും കൗൺസിലിംഗിലും ഡിപ്ലോമ, ന്യൂഡൽഹി യിലെ ഇൻഡ്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ സോഷ്യൽ വർക്കേഴ്സ് പ്രൊമോഷൻ കോഴ്സിൽ ഡിപ്ലോമ, ഡോ. എം. എം. തോമ സിൽ നിന്ന് സോഷ്യൽ ആക്ഷനെപ്പറ്റിയും ഫാ. സെബാസ്റ്റ്യൻ കാപ്പ നിൽ നിന്ന് മാർക്സിസത്തിന് ഒരു മുഖവുര എന്നതിനെപ്പറ്റിയും ഗുരു കുല അനുഭവപഠനം, ബ്രസീലിൽ അടിസ്ഥാന ക്രൈസ്തവസമൂഹങ്ങ ളുമായുള്ള ആഭിമുഖ്യ സർട്ടിഫിക്കറ്റ്.

ഇവയിൽ നിന്നൊക്കെ പ്രചോദനം ഉൾക്കൊണ്ട് കേരളത്തിൽ വിമോ ചന ദൈവശാസ്ത്രപാത വെട്ടിത്തെളിക്കുന്നതിൽ കർമ്മധീരൻ. കർഷ കത്തൊഴിലാളികളുടെയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും സമൂഹത്തിലെ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെയും അവ കാശ-വിമോചനപ്പോരാട്ടങ്ങളിൽ അവരോടൊപ്പം നടന്നുനീങ്ങുന്ന പോരാ ളി. ഈ പോരാട്ട പ്രക്രിയയ്ക്കു നിദാനമായി ചരിത്രത്തിൽ ഉരുത്തിരിഞ്ഞ സാമൂഹ്യപ്രതിരോധ സംഘങ്ങളായ എം. ജെ. എം. (മാവേലിക്കര), വി. വി. കെ. (പത്തനംതിട്ട), ഡി. പി. ഐ. എഫ്. സി. (കൊല്ലം), സരോവര

(കൊട്ടാരക്കര), ജനജാഗൃതി (ആലപ്പുഴ), സമന്വയം കേരളം (ആലപ്പുഴ), ഭൈരവി സ്ത്രീസംഘം (പത്തനംതിട്ട) എന്നിവയുടെയും, ഇവയുടെയെല്ലാം ഏകോപനം ലക്ഷ്യംവച്ചുകൊണ്ടുള്ള ജനകീയസംഘ ഏകോപനസമിതിയുടെയും രൂപീകരണത്തിലും വളർച്ചയിലും നിർണായകമായ പങ്കുവഹിച്ച കാര്യദർശി, സാമൂഹ്യാപഗ്രഥനത്തിലൂന്നിയ നേതൃത്വപരിശീലന കോഴ്സ് നല്കുന്നതിൽ അനുഭവസമ്പന്നൻ, ക്രിസ്തുദർശനത്തിലെ മാർക്സിയൻ ചിന്താധാരകളെയും മാർക്സിയൻ പ്രത്യയശാസ്ത്രത്തിലെ ക്രിസ്തുദർശനങ്ങളെയും മനുഷ്യവിമോചനത്തിനായി സമന്വയിപ്പിച്ചു വളർത്തുന്ന വിമോചനദൈവശാസ്ത്ര വക്താവ്. 24 വർഷങ്ങളായി പ്രസിദ്ധീകരിച്ചുവരുന്ന ഓറ മാസികയുടെ സ്ഥാപകാംഗം; ഇപ്പോൾ മാനേജിംഗ് എഡിറ്റർ.

**വിലാസം:**

ജനജാഗൃതി ഭവൻ, പുന്നപ്ര നോർത്ത് പി. ഒ.,
ആലപ്പുഴ - 688 014 ഫോൺ 0477 - 2287602

**പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ**

1. സഭയും സംസ്കാര സാത്മീകരണവും
2. സോളമനച്ചൻ: ആത്മസമർപ്പണത്തിന്റെ പ്രതീകം
3. അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ
4. കറുത്ത കുർബ്ബാന
5. നേർക്കാഴ്ചകൾ (പണിപ്പുരയിൽ)
6. ഒരു ഫെമിനിസ്റ്റാകുക (പണിപ്പുരയിൽ)
7. ബൈബിൾ - കറുത്തനീതിയുടെ പാഠപുസ്തകം (പണിപ്പുരയിൽ)
8. വിഭജിക്കപ്പെട്ട സമൂഹം (പണിപ്പുരയിൽ)
9. ആത്മീയതയുടെ സൂപ്പർമാർക്കറ്റ് (പണിപ്പുരയിൽ)

# 1

## മരണത്തിലൂടെ ജീവൻ

നസ്രത്തിലെ ബത്‌ലഹേമിൽ ജനിച്ച യേശു എന്ന മനുഷ്യൻ 33 വർഷം ജീവിച്ചു. അദ്ദേഹത്തിന്റെ സന്ദേശമോ ഉപദേശങ്ങളോ മതമേധാവികൾക്കോ സമ്പന്നർക്കോ നാട്ടുരാജാക്കൻമാർക്കോ രുചിച്ചില്ല. കടുത്ത രാക്ഷ്ട്രീയ കുറ്റവാളികളെ കുരിശിൽതൂക്കി കൊല്ലുകയായിരുന്നു അന്നത്തെ ശിക്ഷാനടപടി. യേശുവിനെ അവർ അങ്ങനെ കൊല ചെയ്തു. പക്ഷേ യേശു ഉയിർത്തെണീറ്റു ഇന്നും ചരിത്രത്തിൽ അജയ്യ ശക്തിയായി ജീവിക്കുന്നു.

യേശുവിന്റെ ജീവിതത്തെ ഇന്നത്തെ അവസ്ഥയുമായി ബന്ധിപ്പിച്ചുനോക്കാം. മരിക്കാതെ ഒന്നും ജീവിക്കുകയില്ല. അപ്പോൾ ഈ അവസ്ഥ മാറണം. ഗോതമ്പു മണി നിലത്തു വീണ് അഴുകണം (മത്താ.12:24) ഈ അഴുകൽ (മരണം) ശാരീരികം മാത്രമായാൽ പോരാ. ആചാരാനുഷ്ഠാനങ്ങൾ, മാനസിക ചിന്താഗതികൾ, മൂല്യബോധം, സമീപന രീതികൾ - ഇവയിലൊക്കെതന്നെ ഒരു മരണം സംഭവിച്ചാലേ, പുതിയ മുന്നേറ്റം ഉണ്ടാകൂ. ജീവിതത്തിന്റെ എല്ലാ മേഖലകളിലും, ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ, മരണ പ്രക്രിയ നടക്കണം.

യേശു മരിച്ചതുപോലെതന്നെ സഭയും മരിക്കണം. കേൾക്കുമ്പോൾ

തന്നെ യുക്തിഭംഗമായി തോന്നാം. പക്ഷേ യാഥാർത്ഥ്യമിതാണ്. മരിച്ചേ പറ്റൂ ജീവന്റെ സമൃദ്ധിക്ക്. സഭയുട്ടെ ദൈവശാസ്ത്രം, ആരാധനക്രമം, നിയമസംഹിത, അനുഷ്ഠാനങ്ങൾ, ശുശ്രൂഷകൾ - ഇവയ്ക്കൊക്കെ മരണം സംഭവിക്കണം; തിരുത്താൻ, പരിഷ്കരിക്കാൻ, മാറ്റം വരുത്താൻ തയ്യാറാകണം. ക്രൂശിന്റെ മാർഗ്ഗം ഗോതമ്പുമണിയാവുന്നതുപോലെയുള്ളൊരു പ്രക്രിയയാണ്; പറയാൻ എളുപ്പവും, പ്രവർത്തിക്കാൻ പ്രയാസവും. സഭയുടെ ചരിത്രം പരിശോധിക്കുക. രക്തസാക്ഷിത്വത്തിലാണ് സഭ വളർന്നത്. അവരുടെ രക്തം സഭയ്ക്കു വളമായിരുന്നു. അവർ മരിക്കാൻ തയ്യാറായതുകൊണ്ടാണ് നാം ജീവിക്കുന്നത്.

ഇതിന് മാനവചരിത്രം സാക്ഷിയാകുന്നു. 1948 ൽ ഗാന്ധിജിയുടെ രക്തസാക്ഷിത്വം ഹിന്ദു-മുസ്ലീം ഐക്യത്തിന്റെ ഉയിർത്തെഴുനേൽപ്പിന് കാരണമായി. മാർട്ടിൻലൂതർകിംഗ് ജൂനിയർ വെടിയേറ്റു മരിച്ചു, 1968 ൽ അമേരിക്കയിലെ കറുത്തവരുടെ അവകാശസംരക്ഷണത്തിനായി. അദ്ദേഹത്തിന്റെ മരണത്തിൽ ലോകം ഞെട്ടി. കറുത്തവർഗ്ഗം ഇന്നു സ്വതന്ത്രരാണ്. ക്രിസ്തീയ ധൈര്യമാണ് മാർട്ടിനെ നയിച്ചത്, ഗോതമ്പുമണി അഴുകുന്നതുപോലെ.

'Dying We Live' എന്നൊരു പുസ്തകമുണ്ട്. ജനിച്ചതു യഹൂദവംശത്തിലായി എന്ന ഒറ്റ 'കുറ്റ'ത്തിനു ലക്ഷക്കണക്കിനു യഹൂദരെ ഹിറ്റ്ലർ നിഷ്കരുണം കൊന്നു (1939 - 45). അന്നു സഭയെ മൂന്നായി കണ്ടിരുന്നു: മുഖ്യധാരാസഭ (main church); നേരിടുന്ന സഭ (confronting church); ഒളിവിലെ സഭ (underground church). ഇവരിൽ കുറച്ചുപേർ ഹിറ്റ്ലറിന്റെ പ്രവൃത്തിയെ ചോദ്യം ചെയ്തു. അവരെ അദ്ദേഹം കഠിന തടവി (concentration camp)ൽ ഇട്ടു കൊന്നു. അവരിൽ 50 പേർ തങ്ങളുടെ ഭാര്യമാർ, കുഞ്ഞുങ്ങൾ, കൂട്ടുകാർ മുതലായവർക്ക് എഴുതിയ കത്തുകളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. അവരുടെ എല്ലാവരുടേയും

കത്തുകളിലെ ഏക സ്വരമിതായിരുന്നു. നീതിക്കുവേണ്ടി, അനീതിക്കെതിരെ ധീരമായി ക്രിസ്തുവിന്റെ മാർഗ്ഗം ഞങ്ങൾ സ്വീകരിക്കുന്നു. ഭീരുവായി ജയിലിൽ നിന്നും വരാൻ ആഗ്രഹിക്കുന്നില്ല. ക്രിസ്തുരൂപത്തിൽ ചുംബിക്കാനും വന്ദിക്കാനും എളുപ്പം. പക്ഷേ ക്രിസ്തുവിന്റെ മാർഗ്ഗം എളുപ്പമല്ല.

ബൈബിളിൽ സെബദിപുത്രന്മാരുടെ അമ്മ യേശുവിനോട് മക്കൾക്കായി അഭ്യർത്ഥന നടത്തുന്നു. അവിടത്തെ രാജ്യത്തിൽ, തന്റെ വലതുവശത്തും ഇടതുവശത്തും ഇരിക്കാൻ ഈ മക്കളെ അനുഗ്രഹിക്കണമെന്നാണ് അഭ്യർത്ഥന. അതായത്, പ്രധാനമന്ത്രിയായ യേശു ഇവരെ രണ്ടു പേരെയും പ്രധാനപ്പെട്ട (ഉദാ. ആഭ്യന്തരം, ധനകാര്യം) രണ്ടു മന്ത്രിമാരാക്കണമെന്ന് പരിഭാഷ. നേതൃത്വവും അംഗീകാരവുമാണ് നമുക്ക് ഇഷ്ടം. യേശുവിന്റെ മറുപടി തീർത്തും കർക്കശം: ഒരു വിട്ടുവീഴ്ചയുമില്ലാതെയുള്ള മറുപടി. ഇടതും വലതും ഇരുത്തുന്നതു ഞാനല്ല; പക്ഷേ ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്. 'ഞാൻ കുടിക്കുന്ന പാനപാത്രത്തിൽ നിന്നു കുടിക്കാൻ പറ്റുമോ?' ക്രൂശിന്റെ അർത്ഥം നാളെ കഷ്ടതകളില്ലെന്നല്ല; മറിച്ച്, അവയെ നേരിടാൻ ധൈര്യവും പ്രത്യാശയും പ്രാപിക്കുക എന്നുള്ളതാണ്. മതാനുഷ്ഠാനിയായ ഗാന്ധിയും, സോഷ്യലിസ്റ്റായ ലോഹിയയും കമ്മ്യൂണിസ്റ്റായ ഇ. എം. എസ്സും, ഇവരെപ്പോലെയുള്ളവരോടൊപ്പം നിന്നു പൊരുതിയ കോടാനുകോടി സാമാന്യജനങ്ങളും ഈ പോരാട്ടത്തിന്റെ പ്രതീകങ്ങളാണ്.

ഇന്നത്തെ വ്യവസ്ഥാപിത സഭക്കു ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെയും ക്രൂശുമരണത്തെയും പറ്റി പ്രസംഗിക്കാൻ താല്പര്യം കുറഞ്ഞിരിക്കുന്നു. ശ്രദ്ധയും താല്പര്യവും ഉയിർപ്പിന്റെ മഹിമയിൽ മാത്രമാണ്. ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ഗൗരവമായി എടുക്കാത്ത ഉയിർപ്പു പൊള്ളയാണ്. രാജാക്കന്മാരോടും സമ്പന്നരോടും ഭരണകർത്താക്കളോടും വലിയ സ്ഥാപനനേതാക്കളോടും ഒപ്പം ഇരിക്കുക എളുപ്പം. എന്നാൽ

ദരിദ്രരോടും, തഴയപ്പെട്ടവരോടും, പുറം ജാതിക്കാരോടും, കറുത്തവരോടും, നികൃഷ്ടരോടും ഒപ്പം ഇരിക്കുക ദുഷ്ക്കരം; പക്ഷേ ഇതാണ് ക്രിസ്തുമരണത്തിന്റെ അനുഭവം; ഇവിടെ ഒളിച്ചോട്ടമില്ല; നേരിടലാണുള്ളത്. ഈ രണ്ടു സമീപനത്തിൽ നമ്മുടെ മുൻഗണനന ഏതിനാണെന്നു നാം വിലയിരുത്തണം; സഭയുടെ മുൻഗണനന ഏതിനാണെന്നും പുനഃപരിശോധിക്കണം.

# 2

# സ്വർഗ്ഗത്തിലേയ്ക്കുള്ള വണ്ടി

മത്തായി 1:15 ദൈവരാജ്യ ദർശനം വ്യക്തമാക്കുന്നു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെടുക. മാനസാന്തര(metanoiya) ത്തിന്റെ അർത്ഥം സമൂലമായ പരിവർത്തനമാണ്, മുഴുവൻ പുതുക്കലാണ്.

തന്റെ ദൈവരാജ്യ പ്രവർത്തനത്തിൽ യേശു സ്വീകരിച്ച മാനദണ്ഡമെന്താണ്? (1) സ്ഥലം: ജറുസലേമല്ല, ഗലീലിയയാണ് (ദരിദ്രജനവിഭാഗത്തിന്റെ സ്ഥലം)

(2) ജനം: അംഗീകാരം ലഭിച്ചിട്ടില്ലാത്ത, അടിച്ചമർത്തപ്പെട്ട പുരുഷാരം അഥവാ ജനക്കൂട്ടം (നേതാവില്ലാത്ത, അംഗീകാരമില്ലാത്ത, അസംഘടിതരായ, ഇടയനില്ലാത്ത, രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക-മതപരമായ അതിരുകളുടെ പിന്നാമ്പുറങ്ങളിൽ കഴിയുന്നവർ.)

ആരാണ് അംഗീകൃത ജനം? = ഫരിസീയർ, സദൂക്യർ, സെൻഹെൻട്രി സംഘം, പുരോഹിതവർഗ്ഗം..

ഇവിടെ ദരിദ്രർ എന്നാൽ ആര്? ആ വാക്കുകൊണ്ട് ഉദ്ദേശിക്കുന്ന മൂല അർത്ഥം എന്താണ്? കുനിഞ്ഞിരിക്കുന്നവർ, ഭാരം കൊണ്ട് നേരെ നിൽക്കുവാൻ കെല്പില്ലാത്തവർ എന്നാണ്. സാമ്പത്തിക ദാരിദ്യം മാത്രമല്ലെന്ന് വിവക്ഷ; മറിച്ച്, അടിച്ചമർത്തപ്പെട്ടവർ.

ദൈവരാജ്യത്തെപ്പറ്റി പരമ്പരാഗതമായി തന്നെ രണ്ടു ധാരണ (concept)കളുണ്ട്:

a) നിശ്ചലവീക്ഷണം (Static vision): ദൈവരാജ്യം വരുന്നത് ഇപ്പോഴെങ്ങുമല്ല. കാലത്തിന്റെ ഒരു സുപ്രധാന ഘട്ടത്തിൽ പെട്ടെന്ന് ഇങ്ങുവരും.

അതുകൊണ്ടു നമ്മുടെ കടമ ഇത്രമാത്രമേയുള്ളൂ. പാട്ടുപാടി, തമ്പേറടിച്ചു, സ്തോത്രംച്ചൊല്ലി ദൈവരാജ്യത്തിനുവേണ്ടി കാത്തിരിക്കുക.

'പരൂസിയ'(parousia)*യ്ക്കുവേണ്ടിയുള്ള കാത്തിരിപ്പ് - അത്രമാത്രം.

ഈ സമീപനത്തിൽ പതിയിരിക്കുന്ന അപകടങ്ങൾ പലതാണ്.

1. ഈ ലോകത്തോടുള്ള നിഷേധാത്മകമായ ഒരു നിലപാടാണിത്.
2. ചുറ്റുപാടും സമൂഹത്തിലും നടക്കുന്ന യാതൊന്നിനോടും താത്പ ര്യമില്ലാത്ത മനോഭാവം. ദൈവീക കാര്യത്തിൽ മാത്രം താല്പര്യം കാട്ടൽ.
3. ഈ ലോകവും പരലോകവും എന്ന ദ്വന്ദ്വസമീപനം (duality);ഫലമോ? നമ്മുടെ വ്യക്തിത്വം പോലും സമന്വയിക്കാൻ പറ്റാത്ത അവസ്ഥ.
4. ഈ സാഹചര്യത്തിൽ ദൈവരാജ്യം തരപ്പെടുത്താൻ നമുക്കു വലിയ ഉത്തരവാദിത്വം ഇല്ല. അതു തീർത്തും സ്വാഭാവികമായി (automatic) വരുമല്ലോ.

b) ദൈവരാജ്യത്തെപ്പറ്റിയുള്ള ചലനാത്മകവീക്ഷണം (Dynamic vision): ദൈവരാജ്യം ഒരു പ്രത്യേക അവസരത്തിലോ നിമിഷത്തിലോ വന്നുവീഴുന്നതല്ല; മറിച്ച്, ഓരോ കാലഘട്ടത്തിലും മനുഷ്യന്റെ ഇടപെട ലിലൂടെ ചരിത്രബന്ധിയായി വന്നു ചേരുന്നതാണ്. ഇത് ഒരു പ്രക്രിയ യാണ്. അങ്ങനെ ദൈവരാജ്യം ഇപ്പോൾതന്നെ നമ്മുടെ ഇടയിലുണ്ട്; ഓരോ കാലഘട്ടത്തിലും പരിവർത്തനം സൃഷ്ടിച്ചുകൊണ്ടുതന്നെ. മനു ഷ്യന്റെ ബോധപൂർവ്വമായ, പങ്കാളിത്തത്തോടുകൂടിയ പ്രവർത്തനമാണ് ഇതിനാവശ്യം. അതുകൊണ്ടാണ് ദൈവരാജ്യത്തെ 'നിലവിലുള്ളത് എന്നാൽ അപൂർണ്ണവും' (already but not yet)എന്നു വിശേഷിപ്പിക്കു ന്നത്. ഈ ബോധപൂർവ്വമായ പങ്കാളിത്തം രൂപമെടുക്കുന്നതു ഓരോ കാല ഘട്ടത്തിലൂടെ വളരുന്നതിലൂടെയാണ്. അതായത്, ഓരോ കാലഘട്ട ത്തിലും നിലവിലുള്ളതിനെ മാറ്റിമറിക്കുന്ന പ്രവർത്തനത്തിലൂടെ ദൈവ രാജ്യം കൈവന്നുകൊണ്ടിരിക്കുന്നു. അങ്ങനെ, അടിസ്ഥാനപര മായിതന്നെ ദൈവരാജ്യം ചലനാത്മകവും സ്ഫോടനാത്മകവു(dynamic & explosive)മാണ്.

---

** പരൂസിയ - ഗ്രീക്ക് പദം. ആഗമനം, എത്തിച്ചേരൽ, സാന്നിദ്ധ്യം എന്നൊക്കെ അർത്ഥമുണ്ട്. അധികാരസീമയിലുള്ള പ്രദേശമോ, രാജ്യമോ സന്ദർശിക്കുന്ന ചക്രവർത്തിയുടെ ഔദ്യോഗിക പര്യട നം. ബൈബിളിൽ അന്തിമവിധിയോടു ബന്ധപ്പെടുത്തിയുള്ള ക്രിസ്തുവിന്റെ രണ്ടാം വരവിനെയാണ് സൂചിപ്പിക്കുന്നത്.*

c) ഈ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ എന്തായിരിക്കുമെന്നും യേശു വ്യക്തമാക്കുന്നു. അടിസ്ഥാനപരമായി 4 മൂല്യങ്ങളെ എടുത്തു കാട്ടുന്നു:

(1) നീതി (justice)
(2) സ്വാതന്ത്ര്യം (freedom)
(3) കൂട്ടായ്മ (communion)
(4) തുല്യത (equality)

d) ഈ പുതിയ സമൂഹസൃഷ്ടിയിൽ നമ്മുടെ ദൗത്യമെന്ത്? ഈ മൂല്യങ്ങൾ മുറ്റി നിൽക്കുന്ന ഒരു സമൂഹത്തിന്റെ സാക്ഷാത്ക്കാരത്തിനായി കൂട്ടായി പ്രവർത്തിക്കുക. അതായത്, പ്രായോഗികമായി ഭൂമിക്കും വെള്ളത്തിനും വേണ്ടിയുള്ള ആദിവാസികളുടെ സമരം, കൂലിക്കും മനുഷ്യത്വത്തിനും വേണ്ടിയുള്ള കർഷകത്തൊഴിലാളികളുടെ സമരം, അവകാശങ്ങൾക്കുവേണ്ടിയുള്ള മത്സ്യത്തൊഴിലാളികളുടെ സമരം, വലിയവരുടെ വികസനത്തിന്റെ പേരിൽ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് പിഴുതെറിയപ്പെട്ടവരുടെ ജീവിക്കാൻ വേണ്ടിയുള്ള സമരം, ഇതരജനകീയ സമരങ്ങൾ. ഇവയിലുള്ള നമ്മുടെ പങ്കാളിത്തമാണ് നമ്മുടെ ദൗത്യം. അതായത് ഹൃദയപരിവർത്തനത്തിലൂന്നിയ ഘടനാപരമായ മാറ്റത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ പങ്കുചേരുകയാണു നമ്മുടെ ചരിത്ര ധർമ്മം.

e) നമ്മുടേത് ഒരു തീർത്ഥാടക സഭ(pilgrim church)യാണ്. അങ്ങനെ ദൈവരാജ്യം ദൈവത്തിന്റെ ഒരു സ്നേഹ ദാനവും (gift of God's love) കുറിക്കുകൊള്ളുന്ന പ്രതികരണവു(response with is challenging)മാണ്. ദൈവത്തിന്റെ ഈ ദാനം കൊണ്ട് നാം മനസ്സിലാക്കുന്നത് ദൈവത്തിന് മനുഷ്യരോട്, പ്രത്യേകിച്ച് സമൂഹത്തിൽ തഴയപ്പെട്ടവരോട് (marginalised)പ്രത്യേക കരുതൽ ഉണ്ടു് എന്നാണ്. ചരിത്രത്തിൽ ദരിദ്രരുടെ പക്ഷം പിടിച്ചുകൊണ്ടുള്ള ദൈവത്തിന്റെ ഇടപെടലിലൂടെയാണ് ദൈവരാജ്യം സാക്ഷാത്കരിക്കപ്പെടുക; ദൈവികയാത്ര ഫലസമ്പന്നമാവുക.

# 3

# മരിച്ചു മണ്ണടിയാത്ത സഭ

സഭയെന്ന വിശാല പ്രതിഭാസത്തിന്റെ ഒരു ഹ്രസ്വ (miniature) പ്രതിഫലനം തന്നെയാണ് ഇടവക. സഭയിലെ ഗുണങ്ങളും ദോഷങ്ങളും ഇടവകയിലും കാണാം.

A) ഇതിനെപ്പറ്റി മനസ്സിലൂടെ കടന്നുപോയ ചിന്തകൾ കുറിക്കട്ടെ. ബൈബിൾ വായിക്കുമ്പോൾ ശിഷ്യസമൂഹം (അതാണല്ലോ സഭ) എന്തായിരിക്കണമെന്ന് യേശു വ്യക്തമാക്കുന്നു; ചില പ്രതീക്കങ്ങളിലൂടെ-പുളിമാവ്, പ്രകാശം, ഉപ്പ്, മുന്തിരിച്ചെടി, ആട്ടിൻപറ്റവും ഇടയനും, തുടങ്ങിയവ. അതുപോലെതന്നെ അപ്പോസ്തലന്മാർ, പ്രത്യേകിച്ച് വി. പത്രോസും വി. പൗലോസും ബൈബിളിൽ സഭയെപറ്റി ചില ചിത്രങ്ങൾ വരയ്ക്കുന്നുണ്ട് ഭവനം, പരിശുദ്ധാത്മാവിന്റെ ആലയം, മനുഷ്യശരീരം, വിശുദ്ധരുടെ കൂട്ടം, വിജാതിയരെപ്പോലെ വഴക്കിടാത്തവർ, വിശുദ്ധവും രാജകീയവുമായ പൗരോഹിത്യമുള്ളവർ തുടങ്ങിയവർ: നോക്കണം, യേശു പഠിപ്പിച്ചത് ഒന്ന്; ദീർഘകാലം കഴിഞ്ഞില്ല, യേശുവിന്റെ ആത്മസത്തയിൽ നിന്ന് അകന്ന ധാരണകൾ കടന്നുവന്നു. സഭയെ വിലയിരുത്തുമ്പോൾ ഈ ഒരു യാഥാർഥ്യം നാം ശരിക്കും മനസ്സിലാക്കണം. സഭയെ, അതിന്റെ തനിമയിൽ മനസ്സിലാക്കുവാനും നിർവചിക്കുവാനും പഴയ നിയമത്തിൽ ദൈവജനമെന്നു വിശേഷിപ്പിക്കുന്നു. യേശുവിന്റെ പഠനത്തിൽ അതുപോലും കാണുന്നില്ല. ഗൗരവമായി കാണേണ്ട ഒരു പ്രശ്നമാണിത്.

B) ചരിത്രത്തിന്റെ മുന്നോട്ടുള്ളഗതിയിൽ, ദൈവശാസ്ത്രജ്ഞന്മാരും സഭാപണ്ഡിതരും സഭയെ പലരീതിയിൽ വിശേഷിപ്പിച്ചിരിക്കുന്നതായി നാം കാണുന്നു. അവയെ താഴെ പറയും വിധം കാണാമെന്നു തോന്നുന്നു.

1) സഭ/ഇടവക ഒരു പ്രസ്ഥാന(movement)മാണ്.

2) സഭ ഒരു സ്ഥാപന(institution)മാണ്. ശ്രേണീകരണം (വലിപ്പ ചെറുപ്പം ക്രമീകരണം - hierarchy) വന്നു കഴിഞ്ഞു.

3) സഭ ഒരു ജനസമൂഹ(community)മാണ്. അതായതു വെറുമൊരു ജനക്കൂട്ട(crowd)മല്ല; മറിച്ച്, ലക്ഷ്യം കൊണ്ടും പാരമ്പര്യം കൊണ്ടും ബന്ധപ്പെട്ടവരുടെ ഒരു കൂട്ടമാണ്.

4) സഭ ഒരു കൂദാശ (sacrament)അടയാളമാണ് ... അതു മനുഷ്യ സമൂഹമാണെങ്കിലും, ദൈവരാജ്യത്തിന്റെ പ്രതീകമാണ്.

5) സഭ വചനപ്രഘോഷക (herald) യാണ്. യേശുവിന്റെ സ്വർഗ്ഗാരോഹണത്തോടെ ശിഷ്യഗണത്തിനുനൽകിയ ആഹ്വാനത്തോടുള്ള പ്രതികരണമെന്നോണം, സദ് വാർത്ത പ്രഘോഷിക്കാ (proclamation of the gospel - good news) നുള്ള കൂട്ടം.

7) സഭ ശുശ്രൂഷക(servant)യാണ്. യേശുവിന്റെ പ്രവർത്തന ശൈലിയേയും പഠനത്തെയും അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ധാരണ. (ഞാൻ ശുശ്രൂഷിക്കുവാൻ ആണു വന്നത്, ശുശ്രൂഷിക്കപ്പെടുവാനല്ല; അപ്പസ്തോലരുടെ കാൽകഴുകൽ മുതലായവ ഉദാഹരണങ്ങൾ)

8) സഭ സമൂഹത്തെ മാറ്റിമറിക്കുന്ന ഏജന്റ് (agent of change): പുതിയ ദർശനങ്ങളോടെ, പുതിയൊരു ലോകത്തിനായുള്ള ചുവടുവയ്പ്പ്. ആദിമ ക്രൈസ്തവസഭയിൽ ഇക്കാര്യം പ്രകടമാണ്. എല്ലാം പൊതുവായി കരുതുന്ന, എല്ലാം ആവശ്യാനുസരണം പങ്കുവയ്ക്കുന്ന, എല്ലാം എല്ലാവർക്കുമായ ഒരു സ്നേഹ സമൂഹം/കൂട്ടായ്മ.

C) ഇന്നു സഭ ചരിത്രത്തിൽ എന്തു ചെയ്യുന്നു? എന്തായിരിക്കണം സഭയുടെ ധർമ്മം? എന്നൊക്കെയുള്ള കാര്യവും ചിന്തിക്കുന്നതു രസകരമായിരിക്കും.

തത്വത്തിൽ സഭയുടെ ചരിത്രധർമ്മം ക്രിസ്തു സാന്നിധ്യത്തിന്റെ ചരിത്രത്തിലെ തുടർച്ചയായിരിക്കുകയാണ് (Extention of Christic presence in history - Gaudium et Spes No.91)

പക്ഷേ ചരിത്രത്തിൽ പ്രായോഗികമായി സഭ എന്തു ധർമ്മമാണ് ചെയ്തുകൊണ്ടിരിക്കുന്നത് എന്നു വിശകലനം ചെയ്യുമ്പോഴാണ് നാം അന്തംവിട്ട് നിന്നുപോവുക. സഭ ഇന്നു വിരോധാഭാസങ്ങളുടെ ഒരു കൂമ്പാരമാണ്. രക്ഷപ്പെടുത്തുവാൻ സാധിക്കാത്ത രീതിയിൽ വഴിതെറ്റിപ്പോയി എന്നാണ് എന്റെ ബോധ്യം. ഇന്നു സഭ നിറവേറ്റിക്കൊണ്ടിരിക്കുന്ന വിവിധ ധർമ്മങ്ങളിലേയ്ക്ക് ഒന്നു വിരൽ ചൂണ്ടട്ടെ.

1) ഇന്നു നിലനില്ക്കുന്ന അനീതി നിറഞ്ഞ സാമൂഹ്യ സംവിധാനത്തെ സഭ ന്യായീകരിച്ചു അംഗീകരിക്കുന്നു (legitimizing the existing unjust system). ഇതിനെ ചോദ്യംചെയ്യാനോ, അതിന്റെ ഭാഗമായിരിക്കുവാൻ തയ്യാറല്ല എന്നു പ്രഖ്യാപിക്കുവാനോ ഒരുക്കമല്ല. ഈ അവസ്ഥയെ

മാറ്റിമറിക്കേണ്ട കാര്യമുണ്ടെന്നോ അതിന്റെ ചരിത്രപരമായ ഉത്തരവാദിത്വം സഭയ്ക്കുണ്ടെന്നോ വിചാരിക്കാതെ ഈ അവസ്ഥയെ അംഗീകരിച്ചു അതിന്റെ വെറും ഭാഗമായി മാറുന്നു.

2) ഇതിനെ അംഗീകരിക്കുക മാത്രമല്ല, ന്യായീകരിക്കുകകൂടി (justifying the same) ചെയ്യുന്നു. ഇതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചരിത്രത്തിൽ കാണാം. ഒരിക്കൽ അടിമത്തത്തെ അംഗീകരിച്ചു, പലിശ അംഗീകരിച്ചു, ഇൻക്യുസിഷൻ* അംഗീകരിച്ചു, കുരിശുയുദ്ധം അംഗീകരിച്ചു ഇങ്ങനെ പലതും പുതിയ രൂപത്തിലും ഭാവത്തിലും ഇന്നും നടക്കുന്നു. അതിൽ ഏറ്റവും പ്രധാനമായത് മനുഷ്യനെ എല്ലാ രീതിയിലും മനുഷ്യനല്ലാതാക്കുന്ന മുതലാളിത്തത്തെ വരെ ആഞ്ഞു ആശ്ലേഷിക്കാൻ സഭ തയ്യാറായി എന്നുള്ളതാണ്.

3) സഭയുടെ പരലോകജീവിതവീക്ഷണ ശൈലി ഇന്നു വളരെ വലിയ അപകടം സൃഷ്ടിക്കുന്നു. ഇവിടെ ഈ ലോകത്തിലെ ജീവിത ക്ലേശങ്ങൾക്കുള്ള നഷ്ടപരിഹാരം അങ്ങു സ്വർഗ്ഗത്തിൽ ലഭിക്കുമെന്നുള്ള ചിന്ത വളർത്തുന്നു. ഫലമോ? (a) നിസ്സഹായവസ്ഥ: പോംവഴി കണ്ടെത്താനാകാതെ സഹനത്തിന്റെ മനോഭാവം വളർത്തുന്നു. (b) ഈ ലോകത്തോടുള്ള നമ്മുടെ ഉത്തരവാദിത്വത്തിൽ നിന്നും തന്ത്രപരമായും പ്രത്യയശാസ്ത്രപരമായും ഒഴിഞ്ഞു മാറുന്നു.

4) സഭ സാമൂഹ്യ നിയന്ത്രണത്തിന്റെ ഒരു ഉപകരണമായി മാറുന്നു. അതിന്റെ സർവ്വ മേഖലകളും നിയന്ത്രിക്കപ്പെടുകയും കീഴടക്കപ്പെടുകയും ചെയ്യുന്നു. സഭ ബാഹ്യാധികാരകേന്ദ്രമായി മാറുന്നു. രാജാവിനെ വാഴിക്കുന്ന രീതിയിലാണ് പോപ്പിനെയും കർദ്ദിനാളിനെയും ബിഷപ്പിനെയും വൈദികനെയും ഒക്കെ വാഴിക്കുന്നത്. ഇങ്ങനെ ആകുമ്പോൾ രണ്ടു രീതിയിലാണ് സഭ ജനങ്ങളുമായി ഇടപെടുക.

(a) എതിർക്കുന്നവർക്കും (revolt) ചോദ്യം ചെയ്യുന്നവർക്കും ശിക്ഷ കൊടുക്കുക; ബാഹ്യമായിട്ട് ഭ്രഷ്ടും ആധ്യാത്മികമായി നരകശിക്ഷാ ഭീഷണിയും. അവരെ ഇതു വല്ലാതെ വേദനിപ്പിക്കാം; അവർ എതിർപ്പിൽ നിന്നും പിന്മാറാം. (b) സാമൂഹ്യപ്രവർത്തനം, ക്ഷേമപ്രവർത്തനം എന്ന പേരിൽ യഥാർത്ഥപ്രശ്നങ്ങളെ തൊടാതെ, മുട്ടുശാന്തികൾ നൽകി സാമാ

---

* **ഇൻക്യുസിഷൻ** – നിയമപരമായ അന്വേഷണമെന്നു വാച്യാർത്ഥം. ചരിത്രപരമായി റോമൻ കത്തോലിക്കാസഭയിൽ വിശ്വാസസത്യങ്ങൾക്കെതിരെ പാഷണ്ഡത പഠിപ്പിക്കുന്നവരെ വിചാരണ ചെയ്തു കഠിനമായി ശിക്ഷിക്കുന്ന കോടതി സമ്പ്രദായം. ഈ കോടതിയിലെ പ്രമുഖനെ അറിയപ്പെട്ടിരുന്നത്. 'ദി ഗ്രാന്റ് ഇൻക്വുസിസ്റ്റർ' എന്നാണ്. പിന്നീടതിറെ പരിശുദ്ധ ഓഫീസെന്നു (the Holy office) അറിയപ്പെട്ടു. വിശ്വാസസംഹിതാ സംഘം (Congregation for Doctrine of faith) ആണ്. ഇന്നു കഠിനമായ ശിക്ഷാനടപടിക്കു പൊതുവേ ഇൻക്യുസിഷനെന്നു വിശേഷിപ്പിക്കാറുണ്ട്.

ന്യജനത്തെ കൂടെ നിർത്തിയിട്ട്, അവയെ മൂടിവയ്ക്കുവാൻ ഉതകുന്ന പ്രവർത്തന ശൈലികൾ എടുക്കുന്നു. അങ്ങനെ സഭ മുതൽമുടക്കില്ലാത്ത കുറച്ചു മുതലാളിമാരുടെയും കുറെയേറെ തെറ്റിദ്ധരിപ്പിക്കപ്പെട്ട തൊഴിലാളികളുടെയും സംഘടനയായി രൂപാന്തരപ്പെടുന്നു.

5) പ്രവാചകധർമ്മം നിറവേറ്റുന്ന ന്യൂനപക്ഷം ഇന്നത്തെ മത-രാഷ്ട്രീയ-സാമൂഹ്യശക്തികളുടെ അനീതിയും അധികാരഗർവ്വും കണ്ടിട്ട്, അവർക്കെതിരെ ശക്തിയുക്തം സ്വരം ഉയർത്തുന്നു. ഇവരുടെ എണ്ണം വളരെ തുച്ഛമായിരിക്കും. ജീവിതമോ ഏറെ ക്ലേശകരവും. ഇങ്ങനെ ഒരു ചെറുസംഘം ജീവൻ കൊടുക്കാൻ തയ്യാറാകുന്നതുകൊണ്ടാണ് സഭ ഇത്രമാത്രം അനീതിനിറഞ്ഞതായിട്ടും മരിച്ചുമണ്ണടിയാത്തത്.

(വ്യക്തിപരമായ ഒരുൾനോട്ടം: ഇങ്ങനത്തെ ഒരു സഭയെ നവീകരിക്കുവാൻ എന്റെ ജീവിതത്തെ ബലികഴിച്ചിട്ടു എന്തെങ്കിലും അർത്ഥമുണ്ടോ? സഭയിൽ മാറ്റമുണ്ടാകില്ല തീർച്ച. എങ്കിൽ ചെയ്യാവുന്ന നന്മചെയ്തു ചരിത്ര ധർമ്മം നിറവേറ്റുകയല്ലേ നല്ലതു്? ഈ ചോദ്യത്തിനുള്ള ഉത്തരമാണ് സഭയുടെ ചട്ടക്കൂടിനപ്പുറം, മതേതര പ്രവർത്തനങ്ങളിൽ വ്യാപൃതനാകാൻ എന്നെ പ്രേരിപ്പിക്കുന്നത്.)

# 4

# യേശുവിനെ ഇവിടെങ്ങും കാണുന്നില്ല

സ്വാമി നിത്യചൈതന്യ യതി ഒരിക്കൽ പറയുകയുണ്ടായി ക്രിസ്തുവിനെ കാണാൻ എനിക്ക് ഭാഗ്യമുണ്ടായില്ല, എന്നാൽ ഒരു ക്രിസ്ത്യാനിയെ കണ്ടിട്ട് മരിക്കണമെന്ന് ഒരാഗ്രഹം മനസ്സിൽ സൂക്ഷിക്കുന്നുണ്ട്; നടക്കുമോ എന്നറിയില്ല. വെറും നാമധാരികളായ ക്രിസ്ത്യാനികളെ കണ്ടിട്ട്, ക്രിസ്തുവിനെ അനുധാവനം ചെയ്യുന്ന, അനുകരിക്കുന്ന യഥാർത്ഥ ക്രിസ്ത്യാനികളുണ്ടോ എന്ന വെല്ലുവിളിയാണദ്ദേഹം നമ്മുടെ മുമ്പിൽ വെച്ചത്. ഏതാണ്ടിങ്ങനെയൊരു കാര്യമാണ് ഗാന്ധിജിയും പറഞ്ഞത്. എനിക്കു ക്രിസ്തുവിനോട് സ്നേഹമാണ്; പക്ഷേ ക്രിസ്ത്യാനികളോട് വെറുപ്പാണ്.

ഇതൊരു ജീവിക്കുന്ന വൈരുദ്ധ്യമായി നിലകൊള്ളുന്നു. അതുകൊണ്ടുതന്നെ ഈ യാഥാർത്ഥ്യത്തെ അപഗ്രഥനം ചെയ്യേണ്ടത് അനിവാര്യമായിത്തീരുന്നു. പല വീക്ഷണകോണുകളിൽ നിന്നു ഇതിനെ നോക്കിക്കാണാം. വിശ്വാസത്തിന്റെ തലത്തിൽ നിന്നാണ് ഇതിനെ ഞാൻ വിശകലനം ചെയ്യാൻ ശ്രമിക്കുന്നത്.

ഇത് മതവിശ്വാസവും ഈശ്വരവിശ്വാസവും തമ്മിലുള്ള വൈരുദ്ധ്യത്തിലേക്ക് വിരൽചൂണ്ടുന്നു. സ്ഥാപനവൽക്കരണത്തിന്റെ എല്ലാ നൂലാമാലകളിലേയ്ക്കും അതിന്റെ വിവിധങ്ങളായ കെട്ടുപാടുകളിലേയ്ക്കും ചങ്ങലകളിലേയ്ക്കുമാണ് മതവിശ്വാസം നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുക. മറിച്ച് ഈശ്വരവിശ്വാസം ചലനാത്മകതയിലേയ്ക്കും സ്വാതന്ത്ര്യത്തിലേയ്ക്കും. രണ്ടു സമീപനങ്ങൾക്കും പിൻബലമുണ്ട്, വീക്ഷണവിശേഷങ്ങളുണ്ട്. അതുകൊണ്ടു തന്നെ ഈ വൈരുദ്ധ്യാത്മക അവസ്ഥയെ അല്പം കൂടി വസ്തുനിഷ്ഠമായി കാണാൻ നോക്കേണ്ടതുണ്ട്.

**4.1. ക്രമസമാധാനം > < മാറ്റിമറിക്കൽ:** ഇന്നത്തെ അവസ്ഥയെ അരക്കിട്ടുറപ്പിക്കുന്നതിനായി എല്ലാ നിയമങ്ങളും ചട്ടങ്ങളും നിയമസം

ഹിതകളും ഉപയോഗിക്കുകയാണ് ക്രമസമാധാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അവിടെ ക്രമമുണ്ട്, ജീവനില്ല. മറിച്ച് ഇന്നത്തെ അവസ്ഥയെ സമൂലം പരിവർത്തിപ്പിക്കുക, മുച്ചൂടും മാറ്റിമറിക്കുക എന്നതാണ് രണ്ടാമത്തേത് ഉന്നംവയ്ക്കുന്നത്. ആദ്യക്രൈസ്തവസഭയിലെ ക്രിസ്ത്യാനികളെ അന്നുണ്ടായിരുന്ന മറ്റു മതവിശ്വാസികൾക്ക് ഭയമായിരുന്നു; കാരണം അവർ നിലവിലുള്ള വ്യവസ്ഥയെ മാറ്റിമറിക്കണമെന്നു ആവശ്യപ്പെടുകയും അങ്ങനെ ചെയ്യുന്നവരുമായിരുന്നു. ഇന്നു ബഹുഭൂരിപക്ഷം വരുന്ന സാമാന്യജനം പട്ടിണിയിലും അനീതിയിലും കിടന്നുഴലുന്നിടത്ത്, ക്രമസമാധാനത്തിനു വേണ്ടി നില്ക്കുന്നതിൽ കവിഞ്ഞ് അനീതിയില്ല. ഇവിടെ വേണ്ടത് ഈ വ്യവസ്ഥയുടെ പൊട്ടിച്ചെറിയലാണ്, മാറ്റിമറിയ്ക്കലാണ്. യേശു ഇവിടെയാണ് നിലയുറപ്പിച്ചത്.

**4.2. ചിട്ടയും ക്രമവും > < നൈസർഗ്ഗീകതയും സ്വാഭാവികതയും:** ചിട്ടയുടെയും ക്രമത്തിന്റെയും അടിസ്ഥാനം അടിച്ചേല്പിക്കപ്പെടുന്ന നിയമങ്ങളാണ്. ബാഹ്യസമ്മർദ്ദമാണ് ഈ അവസ്ഥ നിലനിർത്താനുള്ള ശക്തി. മറിച്ചുള്ളത്, നൈസർഗ്ഗീകമായി സ്വയം മനസ്സിലാക്കി, പൊതുനന്മയെ അടിസ്ഥാനമാക്കിയുള്ള തീരുമാനമെടുക്കലാണ്. ഒരു വർഗ്ഗസമൂഹത്തിൽ ഇങ്ങനെ അറിഞ്ഞുകൊണ്ടുള്ള ഉൾബോധ്യത്തിലുള്ള നീക്കത്തിന്റെ പിന്നിൽ ചേരിചേരൽ അനിവാര്യമായി മാറുന്നു. ഒരു നിഷേധാത്മക സ്വഭാവം ഇതിന്റെ കാതലായി മാറുന്നു. അതുകൊണ്ടുതന്നെയാണ് യേശു നിരന്തരമായി ഈ നിഷേധത്തിന്റെയും പ്രതിഷേധത്തിന്റെയും റോൾ ശക്തമായി ഏറ്റെടുത്തിരുന്നത്.

**4.3. ഏകീകൃത രീതി > < തനതായ വ്യക്തിശൈലി:** മുകളിൽ സൂചിപ്പിച്ച സ്ഥാപനവൽക്കരണത്തിന്റെ നിർബന്ധിത ഉല്പന്നമാണ് നിർജ്ജീവമായ ഏകീകൃത രീതി. എല്ലാം ഒരുപോലെയിരിക്കുന്ന 'മോണോട്ടണസ്' ആയ ശൈലി. നിർജീവമായ, മരണതുല്യമായ ഒരവസ്ഥയാണിത്. ഇതാണ് സഭ സ്വീകരിച്ചത്. മറിച്ച് വൈവിദ്ധ്യത്തിൽ ജീവന്റെ തുടിപ്പ് തുളുമ്പിനിൽക്കും, ഓരോ വ്യക്തിയുടെയും തനതായ ശൈലികളെ വളർത്തി നിലനിർത്തുമ്പോൾ. ഇത് നല്ല നാളേയ്ക്കുവേണ്ടിയുള്ള വളർച്ചയുടെ സുനിശ്ചിത കാൽവെപ്പുകളാണ്. യേശുവിന്റെ സമീപനം അതായിരുന്നു. എടുത്തുചാട്ടക്കാരനായ പത്രോസിനേയും ദ്രവ്യാഗ്രഹക്കാരനായ യൂദാസിനെയും സ്നേഹസമ്പന്നയായ മഗ്ദലനയെയും ... അങ്ങനെ ഓരോരുത്തരേയും അവരായിരിക്കുന്ന രീതിയിൽ സ്വീകരിച്ച് അംഗീകരിക്കുന്ന ശൈലിയായിരുന്നു യേശുവിന്റേത്.

**4.4. കാരുണ്യം > < സഹാവബോധം:** ഉപരിവർഗ്ഗത്തിന്റെ ഔദാര്യമാണ് കാരുണ്യം. അത് മനുഷ്യനെ വളർത്തുന്നില്ല. എച്ചിൽ കൊണ്ട് വളർത്തപ്പെടുന്നത് പട്ടികളാണ്. ഇത് സഭയുടെ വലിയൊരു തന്ത്രമാണ്. ലാഭം കിട്ടുന്നതിൽ നിന്നു തുച്ഛമായത് കൊടുത്ത് പുണ്യം സമ്പാദിക്കുക. ഇതു വെറുമൊരു താൽക്കാലിക സുഖം മാത്രമാണ്. ശാശ്വതമായ ഒരനുഭവമല്ല. ഈ അടിയന്തര സഹായത്തിനു വിലയില്ലെന്നല്ല, ആവശ്യമില്ലെന്നുമല്ല. പക്ഷേ ആത്യന്തികമായി മാറുന്നിടത്താണ് പ്രശ്നം. സഭയുടെ വലിയൊരു കാരുണ്യസംവിധാനത്തിന്റെ പേരു തന്നെ വിശപ്പിനും രോഗത്തിനും എതിരെയുള്ള സമരം (campaign against hunger and disease) എന്നാണ്. നോക്കുക, ഇവിടെ ലക്ഷ്യംവച്ചിരിക്കുന്നത് വിശപ്പും രോഗവും മാത്രമാണ്; എന്തുകൊണ്ട് വിശപ്പ്, എന്തുകൊണ്ട് രോഗം എന്ന അടിസ്ഥാനപ്രശ്നത്തിലേയ്ക്ക് വിരൽചൂണ്ടുന്നതേയില്ല. മറിച്ച്, ഇന്നു വേണ്ടത് സഹവർത്തിത്വവും സഹാനുഭൂതിയും സഹാവബോധവുമാണ്. ഒപ്പമുള്ള അറിവും ഒപ്പമുള്ള നീക്കവുമാണ്. ഇവിടെ തുല്യത അവകാശപ്പെടുന്നു. ഔദാര്യത്തിന് ഇവിടെ സ്ഥാനമില്ല; അവകാശമാണ് സുപ്രധാനം. അവകാശത്തെ മാനിക്കാത്തിടത്ത് അവ പിടിച്ചുപറ്റുകതന്നെ വേണം. യേശുവിന്റെ മനോഭാവവും ഇടപെടൽശൈലിയും പഠനവും ഈ നിലയ്ക്കുള്ളതായിരുന്നു. ദൈവം പിതാവ്, എല്ലാവരും ദൈവമക്കൾ, പരസ്പരം സഹോദരീസഹോദരന്മാർ, തുല്യർ എന്ന തത്വചിന്ത യേശുവിന്റെ പഠനത്തിന്റെ കാതലെന്നു തന്നെ പറയാം. അവിടെ വിവേചനമില്ല, വലിപ്പച്ചെറുപ്പമില്ല. യേശുദർശനത്തിന്റെ മാഹാത്മ്യമിതാണ്.

**4.5. ചുമതലകൾ > < അവകാശങ്ങൾ:** ചുമതലകൾ ഒരു വർഗ്ഗസമൂഹത്തിൽ ഉപരിവർഗ്ഗത്തിന്റെ അടിച്ചേല്പിക്കൽ പ്രക്രിയയുടെ ഭാഗമാണ്. സ്ഥാപിതസമൂഹത്തിന്റെ മൂല്യസംഹിത ചുമതലകളിൽ അടിസ്ഥാനപ്പെടുത്തിയതാണ്. ഇന്നു പലപ്പോഴും തൊഴിലാളികളെയും തൊഴിലാളിവർഗ്ഗത്തെയും നിശിതമായി വിമർശിക്കുന്നത് അവർക്ക് ചുമതലാബോധമില്ല, അവകാശബോധമേയുള്ളു; ചുമതലയും അവകാശവും ഒത്തുപോകേണ്ടതാണ്; പരസ്പരം പൂരകങ്ങളാണ് എന്നൊക്കെ പറഞ്ഞുകൊണ്ടാണ്. ഈ സമീപനത്തിൽ ഒരു ഭയങ്കര കള്ളക്കളിയുണ്ട് എന്ന് സൂക്ഷ്മവിശകലനത്തിൽ കാണാൻ സാധിക്കും. ചുമതലകൾ നിർവഹിക്കുക ഏതൊരു വളർന്ന വ്യക്തിയുടെയും ഉത്തരവാദിത്തമാണ്. പക്ഷേ അടിച്ചമർത്തപ്പെട്ടവന്, ചൂഷണസമൂഹത്തിൽ ഏറ്റവും ശക്തമായ മൂല്യം അവകാശങ്ങളെപ്പറ്റിയുള്ള അവബോധമാണ്. യേശുവിന്റെ മൂന്നുവർഷത്തെ

പരസ്യ ശുശ്രൂഷയുടെ സിംഹഭാഗവും മാറ്റിവച്ചത് ഈ ചൂഷിത ജനത്തിന്റെ ബോധവൽക്കരണ പ്രക്രിയയ്ക്കു വേണ്ടിയാണ്. തന്റെ നിരന്തര ഇടപെടലും താമസവും ഈ ജനത്തോടൊപ്പമായിരുന്നു; തന്റെ സംവേദനരീതി (കഥകൾ, ഉപമകൾ, ചിത്രീകരണങ്ങൾ മുതലായവ) തന്നെ സാമാന്യജനത്തിന്റെ അവകാശബോധത്തെ ശക്തിപ്പെടുത്താൻ ഉതകുന്നവയായിരുന്നു; ഒരു ശാക്തീകരണ പ്രക്രിയ.

**4.6. വിജ്ഞാനം > < ഉൾക്കാഴ്ച/ അറിവ് > < തിരിച്ചറിവ്:** ഇന്നു പൊതുവേയുള്ളതും സഭയും മറ്റു സ്ഥാപനങ്ങളും പ്രൊമോട്ട് ചെയ്യുന്നതും അറിവ് സമ്പാദനമാണ്, വിജ്ഞാനശേഖരണമാണ്. അങ്ങനെയിന്നു നാം വിവരസാങ്കേതികവിദ്യയുടെ പരകോടിയിൽ എത്തിനില്ക്കുന്നു. പക്ഷേ ഒഴുക്കിനൊത്ത് ഒഴുകിപ്പോവുകയാണ് ഇവിടെ നടക്കുന്നത്. അത് ഒരു രീതിയിലും മാറ്റപ്രക്രിയയ്ക്ക് സഹായകമാകുന്നില്ല; മറിച്ച്, പലപ്പോഴും ഈ അറിവുശേഖരണം ഇന്നത്തെ അനീതിനിറഞ്ഞ അവസ്ഥയെ അരക്കിട്ടുറപ്പിക്കുവാനേ സഹായിക്കുന്നുള്ളു. സഭയ്ക്കും ഭരണകൂടത്തിനും ഈ അറിവിനോടാണ് പ്രിയം. കാരണം ഇത് അവരെ ശല്യം ചെയ്യുകയില്ല, അവരുടെ അധികാരഗർവ്വിനെയോ അധീശത്വമനസ്ഥിതിയെയോ അടിച്ചമർത്തുന്ന സ്വഭാവത്തെയോ ഒന്നും ചോദ്യം ചെയ്യുകയില്ല. മാത്രമല്ല, അധീശവർഗ്ഗത്തിനറിയാം എങ്ങനെ ഈ അറിവിനെ അവരുടെ താല്പര്യസംരക്ഷണാർത്ഥം തിരിച്ചുവിടാനും ഉപയോഗിക്കാനും സാധിക്കുമെന്ന്. പക്ഷേ ഉൾക്കാഴ്ചയുടെയും തിരിച്ചറിവിന്റെയും കാര്യത്തിൽ സംഗതി അങ്ങനെയല്ല. ഉൾക്കാഴ്ചക്കു പരിവർത്തന ശക്തിയുണ്ട്; ചരിത്രത്തെ തിരുത്തിക്കുറിക്കുവാനുള്ള ഉൾക്കരുത്തുണ്ട്; ഇത് സാമൂഹ്യയാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനകാരണങ്ങളിലേയ്ക്കു നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇത് വെറുമൊരറിവല്ല, മറിച്ചൊരു ബോധ്യപ്പെടലാണ്. ഇത് ഒഴുക്കിനെതിരേ നീന്താൻ പ്രേരകശക്തിയാകുന്നു; അനീതിയ്ക്കും ചൂഷണത്തിനും മുമ്പിൽ കണ്ണുതുറന്നുവച്ചുകൊണ്ട്, തലകുനിക്കാതെ നിന്നു പോരാടാനുള്ള ഉൾപ്രേരണയും മനക്കട്ടിയും ഇതു പ്രദാനം ചെയ്യുന്നു. ഈ ഉൾക്കാഴ്ചകൊണ്ടാണ് യേശുവിനു തന്റെ ജീവിതദൗത്യം ദരിദ്രർക്ക് മോചനം, അന്ധർക്ക് കാഴ്ച, അടിച്ചമർത്തപ്പെട്ടവർക്ക് വിടുതൽ എന്ന അവബോധം ഉണ്ടാക്കിക്കൊടുത്തത്. ഈ ഉൾക്കാഴ്ചയോടുള്ള നീക്കത്തെ മുഖ്യധാരാ ഒഴുക്കിൽപ്പെട്ടവർ കളിയാക്കി കൂകിവിളിക്കും, 'വട്ട്' എന്നു വിശേഷിപ്പിക്കും. പക്ഷേ ആത്യന്തികമായി സമൂലമാറ്റത്തിന് ഇത് അനിവാര്യമാണ്. യേശു ഈ പാത ഏറ്റെടുത്തവനാണ്.

**4.7. നിയമാധിഷ്ഠിത വിശ്വാസസംഹിത > < പ്രവൃത്ത്യ(കർമ്മ)ധിഷ്ഠിത സ്വാതന്ത്ര്യം:** സ്ഥാപനത്തെ ഇന്നു നിലനിർത്തുന്നത് നിയമസംഹിതയും വിശ്വാസപ്രമാണങ്ങളുമാണ്. ഇവ രണ്ടിനും കണ്ണില്ല, യാഥാർത്ഥ്യങ്ങളെ വസ്തുനിഷ്ഠമായി കണ്ട് വേർതിരിച്ചു മനസിലാക്കുവാൻ. ഇന്നത്തെ നീതിപീഠത്തിന്റെയും കുഴപ്പമിവിടെയാണ്. നിഷ്പക്ഷതയെന്ന കപടമൂല്യത്തെ മുറുകെപ്പിടിച്ചുകൊണ്ടുള്ള കണ്ണുകെട്ടിയിട്ട് ത്രാസ് പിടിച്ചിരിക്കുന്ന ചിത്രമാണല്ലോ ഇന്നത്തെ നീതിപീഠത്തിന്റെ കപടനീതി പ്രകാശിപ്പിക്കുന്നത്. യേശുവിന്റെ കാലത്ത്, ഇന്നത്തെപ്പോലെ ഈ കപടസദാചാരം കൊണ്ടും അന്ധമായ നീതിപീഠം കൊണ്ടും സാമാന്യജനം പൊറുതിമുട്ടി നില്ക്കുകയായിരുന്നു. യേശു ഈ സമീപനത്തെ നഖശിഖാന്തം എതിർത്തു; തന്റെ പല പ്രവൃത്തികളും പഠനവും ഈ സമീപനത്തെ പരസ്യമായി അപലപിക്കുന്നതും ചോദ്യം ചെയ്യുന്നതും ലംഘിക്കുന്നതുമായിരുന്നു. അദ്ദേഹം അസന്ദിഗ്ധമായി പ്രസ്താവിച്ചു: "മനുഷ്യൻ സാബത്തിനു (നിയമം) വേണ്ടിയല്ല, സാബത്ത് മനുഷ്യനു വേണ്ടിയാണ്" (മാർക്ക്. 2: 23-25; മത്തായി 12: 1-8; ലൂക്കാ. 6: 1-5). അങ്ങനെ നിയമത്തിനപ്പുറം മനുഷ്യനും മനുഷ്യസ്വാതന്ത്ര്യത്തിനും വില കല്പിച്ച വലിയ വ്യക്തിയായിരുന്നു യേശു.

ഇനിയും വിശ്വാസത്തിന്റെ പല മേഖലകളിലേയ്ക്കും ഈ അപഗ്രഥനം നടത്താവുന്നതാണ്. നിത്യ ചൈതന്യയതിയും ഗാന്ധിജിയും നടത്തിയ കമന്റിന്റെ പൊരുൾ ഈയൊരു ചെറിയ അപഗ്രഥനത്തിലൂടെ മനസ്സിലാക്കാൻ കഴിയുന്നതുകൊണ്ട് നീട്ടുന്നില്ല. ഇവിടെ കാണുന്നത് സ്ഥാപിതതാൽപര്യങ്ങളുടെ കെട്ടുപാടുകളും ശക്തികളും അതിനെതിരായുള്ള ഉൾവിളിയും തമ്മിലുള്ള സംഘട്ടനമാണ്. ഈ രണ്ടു ശക്തികൾ തമ്മിലുള്ള സംഘട്ടനത്തിൽ ഞാൻ ഏതിനോടു സംഘം ചേരും എന്നതിനെ ആശ്രയിച്ചിരിക്കും എന്റെ ചരിത്രത്തിലെ പ്രസക്തി. ഗാന്ധിയും നിത്യചൈതന്യയതിയും സ്ഥാപനവിരുദ്ധതയുടെ, അതായത്, യേശുവിന്റെ പക്ഷം പിടിച്ചു; അതുകൊണ്ടുതന്നെ അവർക്ക് സ്ഥാപിത സഭയിൽ യേശുവിനെയോ യഥാർത്ഥ ക്രിസ്ത്യാനിയെയോ കണ്ടുമുട്ടുക അസാധ്യം.

# 5

# യേശുവിരുദ്ധതയുടെ തിരുസഭ

'ചരിത്രത്തിൽ യേശു പരാജയപ്പെട്ടു' എന്ന എന്റെ ഒരു ചെറുകുറിപ്പ് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ (2005 മേയ് 15) വായിച്ച എന്റെ ഒരു സഹപാഠി എന്നെ കണ്ടപ്പോൾ ഏതാണ്ട് ഇങ്ങനെ പ്രതികരിച്ചു: "എന്തിനാണ് സഭയെ ഇങ്ങനെ വിമർശിക്കുന്നത്? സഭയിൽ നിന്നിട്ട് ഇങ്ങനെ പറയുകയോ? സഭയിൽ നില്ക്കുമ്പോൾ അതിന്റെ ചട്ടക്കൂട് അനുസരിക്കാൻ നിർബന്ധിതനല്ലേ? പുറത്തുപോയിട്ട് വിമർശിക്കുക ..." തുടർന്ന് ആരാണ് യേശു, എന്താണ് യേശുദൗത്യം, എന്താണ് യേശുവിന്റെ സഭ, എന്താണ് ക്രൈസ്തവദൗത്യം എന്നൊക്കെയുള്ള കാര്യങ്ങൾ ഞങ്ങൾ രണ്ടുപേരും തുറന്നു സംസാരിച്ചു. ആ ചർച്ചയുടെ സംക്ഷിപ്തം കുറിക്കുന്നത് ഉചിതമായിരിക്കും.

യേശു ഇന്നു നമുക്കു പൊതുവേ ദൈവമാണ്. അതു സത്യമാണുതാനും. പക്ഷേ ചരിത്രത്തിൽ ദൈവമായ യേശുവിനെയല്ല നാം കാണുന്നത്. മറിച്ച് പുരുഷനെ അറിയാതെ മറിയത്തിന്റെ ഉദരത്തിൽ ജനിച്ച്, ബദ്‌ലഹേമിലെ കാലിത്തൊഴുത്തിൽ പിറന്നുവീണ യേശു. ജീവിക്കാൻ വേണ്ടി ഈജിപ്റ്റിലേക്ക് ഒളിച്ചു പലായനം ചെയ്യാൻ നിർബന്ധിതനായ പൈതൽ യേശു; നസ്രത്തിലെ സാധാരണ കുടുംബസാഹചര്യത്തിൽ വളർന്ന യേശു. ഈ കുടുംബത്തിന്റെ പരിമിതമായ സുരക്ഷിതത്വം പോലും വലിച്ചെറിഞ്ഞുകൊണ്ട് പാമ്പുകൾക്ക് മാളം, പറവകൾക്ക് ആകാശം, മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല എന്ന സത്യം അക്ഷരാർത്ഥത്തിൽ അന്വർത്ഥമാക്കിക്കൊണ്ട്, ഗലീലിയ കടൽത്തീരത്തും തടാകങ്ങളുടെ തീരത്തും രാവും പകലും ദൈവരാജ്യം പ്രഘോഷിച്ചുകൊണ്ട് നടന്നുനീങ്ങിയ യേശു. വേശ്യകളോടും പാപികളോടും ചുങ്കക്കാരോടും പുറജാതിക്കാരോടും സമൂഹം ഭ്രഷ്ട് കല്പിച്ചിരുന്നവരോടും സ്ത്രീകളോടും ഒരു കണക്കുകൂട്ടലുമില്ലാതെ അടുക്കുകയും സഹവസിക്കുകയും നിരന്തരം പന്തിഭോജനം നടത്തുകയും ചെയ്യുന്ന യേശു. ഇവരുടെ പക്ഷം പിടിച്ചുകൊണ്ട്, അന്നു നിലവിലിരുന്ന മത-രാഷ്ട്രീയ-സാമൂഹ്യ-സാമ്പ

ത്തിക ഘടനകളെയും അതിനെ അരക്കിട്ടുറപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്തിരുന്ന അധീശവർഗ്ഗങ്ങളെയും അതികഠിനമായി വിമർശിക്കുന്ന യേശു; ചില സമയത്ത് ചാട്ടവാറെടുക്കുക പോലും ചെയ്യുന്ന യേശു. ചെറിയൊരു സുഹൃത്സംഘത്തെ രൂപീകരിച്ചുകൊണ്ട് 'ഞാൻ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണ'മെന്നു കല്പിച്ചുകൊണ്ട്, മറ്റുള്ളവർക്ക് ആഹാരവും പാനീയവുമായി സ്വയം സമർപ്പിച്ചുകൊണ്ട് നിങ്ങളും ഇങ്ങനെ ചെയ്യണമെന്ന് ആഹ്വാനം ചെയ്ത യേശു. ഈ നിലപാടിന്റെ വിലയായി ക്രൂശുമരണത്തിനു വിധിക്കപ്പെട്ട യേശു. അവസാനം 'ഇവർ ചെയ്യുന്നതെന്തെന്നു ഇവർ അറിയുന്നില്ല. ഇവരോടു ക്ഷമിക്കണമേ' എന്നു പ്രാർത്ഥിച്ചുകൊണ്ട് ശത്രുവിനെപ്പോലും സ്നേഹിച്ച യേശു. യേശു പച്ചയായ മനുഷ്യനാണ്. ഈ യേശുവിനെയാണ് നാം ബൈബിളിൽ ദർശിക്കുക. ദൈവമായ യേശുവിനെയല്ല.

സാധാരണ വായനക്കാരനുപോലും യേശുവിന്റെ ജീവിതദൗത്യം പാവപ്പെട്ടവർക്ക് സുവിശേഷം, ബന്ധിതർക്ക് മോചനം, അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യം എന്നിവ ഉറപ്പുവരുത്തിയിട്ടുള്ള ദൈവരാജ്യപ്രഘോഷണമാണെന്ന് വ്യക്തമായും മനസ്സിലാകും. സഭയുടെ കടമ, യേശുവിന്റെ ഈ ദൗത്യം ചരിത്രത്തിൽ തുടരുക എന്നതാണ്. സഭയ്ക്ക് തനതായ മറ്റൊരു ദൗത്യമില്ല.

അപ്പോൾ യേശു എങ്ങനെയാണോ തന്റെ ദൗത്യം ചരിത്രത്തിൽ നിർവഹിച്ചത്, അതാണ് സഭയുടെ ജീവിക്കുന്ന മാതൃക. യേശുവിന്റെ പ്രഘോഷണത്തിന്റെ കാതൽ ദൈവരാജ്യമായിരുന്നു. ദൈവം പിതാവ് - നമ്മൾ മക്കൾ- പരസ്പരം സഹോദരർ; എങ്കിൽ, ജാതി-മത-ലിംഗ-വർഗ്ഗ-വംശഭേദമന്യേ എല്ലാവരും തുല്യർ. സ്നേഹത്തിലും കരുതലിലും കഴിയേണ്ടവർ. ഈ അവസ്ഥ സംജാതമാകാൻ നിലവിലിരിക്കുന്ന സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ-സാംസ്കാരിക-ധാർമ്മിക-മതപരമായ ഘടനകൾ പൊളിച്ചെറിയണം എന്ന വ്യക്തതയോടെയായിരുന്നു യേശുവിന്റെ ദൗത്യനിർവ്വഹണ ശൈലി. ഇവിടെ യേശുവിനെ സംബന്ധിച്ച് വിജയമോ പരാജയമോ കാര്യമല്ലായിരുന്നു; വ്യക്തതയോടെയുള്ള സജീവ ഇടപെടലായിരുന്നു തന്റെ പ്രവർത്തനരീതി. അവിടെ യേശു ഒരു വിട്ടുവീഴ്ചക്കും തയ്യാറായിരുന്നില്ല താനും. അങ്ങനെ നിലനില്ക്കുന്ന ദുഷിച്ചതും അനീതിനിറഞ്ഞതും ഉച്ചനീചത്വങ്ങളിലധിഷ്ഠിതവുമായ ഘടന മാറ്റി, പുതിയൊരു ആകാശവും പുതിയൊരു ഭൂമിയും, പുതിയൊരു വ്യവസ്ഥിതിയും -ദൈവരാജ്യം- സ്ഥാപിക്കുവാനായിരുന്നു യേശുവിന്റെ നിരന്തര യത്നം. അപ്പോൾ സഭയുടെ ചരിത്രദൗത്യവും നൂറുശതമാനവും ഇതു തന്നെയാണ്, ഇതുതന്നെയാവണം.

ഇവിടെയാണ് ഔദ്യോഗികസഭയോട് എനിക്കുള്ള വിയോജിപ്പ്: ഏറെ വില കൊടുക്കേണ്ടിയിരുന്നതും വലിയ നഷ്ടസാധ്യതയുള്ളതുമായ നില പാടായിരുന്നു യേശുവിന്റേത് എന്നത് സത്യം. അതു ഏറ്റെടുത്തു നടത്തു കയാണ് സഭയുടെ ഉത്തരവാദിത്വം. പക്ഷേ ചരിത്രത്തിൽ സഭ അതിനു തയ്യാറായില്ല. സഭയോടുള്ള വിരോധം കൊണ്ടല്ല ഞാൻ അത് എടുത്തു പറയുന്നത്; മറിച്ച്, സ്നേഹം കൊണ്ടാണ്. യേശുവിന്റെ ദൗത്യം ഏറ്റെടു ക്കാൻ സഭ തയ്യാറാകണം; എന്തു വിലകൊടുക്കേണ്ടിവന്നാലും.

യേശുവിന്റെ മാർഗ്ഗത്തിൽ നിന്നു മാറി നടക്കുന്ന സഭയുടെ പ്രവർത്ത നത്തിലേയ്ക്കു കൂടി ഒന്നു കണ്ണോടിക്കാം. സമഗ്രപരിവർത്തന('മെത്ത നോയിയ'- metanoiya)ത്തിലൂടെ ഘടനയിലെ സമ്പൂർണ്ണ വ്യതിയാനം സാക്ഷാത്കരിക്കുന്ന ദൈവരാജ്യം പ്രഘോഷിക്കുന്നതിൽ നിന്ന്, സഭ ആത്മാവിന്റെ രക്ഷയ്ക്ക് ഊന്നൽ നല്കി പ്രവർത്തിക്കാൻ തുടങ്ങിയത് യേശുദൗത്യത്തോടുള്ള കടുത്ത വഞ്ചനയാണ്. ഈ ആത്മരക്ഷാതത്വം എത്ര വികൃതമായ രൂപങ്ങളിലാണ് സഭ അനുദിനജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിച്ചത് എന്നു സഭാചരിത്രം പഠിച്ചിട്ടുള്ള ഏതൊരു വ്യക്തിക്കും സ്പഷ്ടമാകുന്നതാണ്.

ആത്മാവിനെ രക്ഷിച്ച് എത്രയും കൂടുതൽ ആളുകളെ സ്വർഗ്ഗത്തിൽ കയറ്റുക എന്ന അതികഠിനമായ ജോലിയിൽ സഭ വ്യാപൃതമാകുന്ന ദയ നീയ അവസ്ഥയാണ് ചരിത്രത്തിൽ നാം കാണുന്നത്. ജനിച്ചുവീണ കുഞ്ഞിനെ എത്രയും വേഗം ജ്ഞാനസ്നാനം കൊടുത്തു ജന്മപാപ ത്തിൽ നിന്നു മോചിപ്പിച്ചു സ്വർഗ്ഗത്തിനു അവകാശിയാക്കുന്നതിലുണ്ടാ യിരുന്ന തീഷ്ണതയ്ക്ക് അതിരുകളില്ലായിരുന്നു. അങ്ങനെ സഭാദൗ ത്യത്തെ തീർത്തും വ്യക്തിഗതവും ആധ്യാത്മികവുമായി രൂപാന്തരപ്പെ ടുത്തി, തരംതാഴ്ത്തി. സ്വർഗ്ഗം, നരകം, ശുദ്ധീകരണസ്ഥലം, മാലാഖ, പിശാച്, ചാവുദോഷം, പാപദോഷം, ജന്മപാപം, കർമ്മപാപം, പരിശു ദ്ധാത്മാവിനു എതിരായ പാപം - എന്നിങ്ങനെയുള്ള കോൺസെപ്റ്റുകളെ പ്പറ്റി പഠിക്കുകയും അവയെ ജീവിതബന്ധിയായി കണ്ട് ജീവിതത്തെ കരുപ്പിടിപ്പിക്കുകയും ചെയ്യുക എന്നതായി ക്രൈസ്തവ ദൗത്യം. ഇവ എന്താണ്, എപ്പോൾ, എങ്ങനെ എന്നൊക്കെ പഠിപ്പിക്കുന്ന ദൗത്യം സഭ ഏറ്റെടുത്തു! അറിഞ്ഞോ അറിയാതെയോ ഇങ്ങനെ നമ്മൾ ചെയ്യുന്ന പാപങ്ങളുടെയും പുണ്യങ്ങളുടെയും കൃത്യമായ കണക്കുവയ്ക്കുന്ന ഒരു 'കണക്കപ്പിള്ള'യുടെ ചിത്രമാണ് ദൈവത്തിനു കല്പിച്ചുകൊടുത്തത്.

ഈ സമീപനം കോടിക്കണക്കിനു ജനങ്ങളെയാണ് പാപബോധത്തിൽ ആഴ്ത്തി ജീവിതം നരകതുല്യമാക്കിയതെന്നു ചരിത്രം തെളിയിക്കുന്നു. എന്റെ 17 വർഷത്തെ മുഖ്യധാരാ വൈദികശുശ്രൂഷാ കാലത്ത് എത്രയോ

വ്യക്തികൾ കണ്ണീരോടെ കുമ്പസാരിച്ചിട്ട്, അവരിൽ സൃഷ്ടിച്ച പാപബോധത്തിന്റെ കാഠിന്യം കൊണ്ട് അതേ 'പാപങ്ങൾ' വീണ്ടും വീണ്ടും കുമ്പസാരിക്കുന്ന ദയനീയ അവസ്ഥ ഹൃദയവ്യഥയോടെ ഞാനോർക്കുന്നു. കാനോൻനിയമത്തിന്റെ നൂലാമാലകൾ കൊണ്ട് എത്ര കുടുംബങ്ങളാണ് – അവരുടെ കല്യാണം, കുഞ്ഞുങ്ങളുടെ കൂദാശകളുടെ സ്വീകരണം മുതലായ അനുഷ്ഠാനങ്ങളുടെ പേരിൽ – നിത്യദുഃഖത്തിൽ ഇന്നും കഴിയുന്നത്.

ഒരു കാര്യം സന്തോഷത്തോടെ പറയട്ടെ. വികാരിയച്ചനു കാനോൻനിയമം നല്കിയ അധികാരവും വിവേചനാധികാരവും ഉപയോഗിച്ച് ഞാൻ പടപ്പക്കര വികാരിയായിരുന്നപ്പോൾ കാനോൻ നിയമത്തിന്റെ ഊരാക്കുടുക്കിൽപെട്ടു വേദനയിലും നിരാശയിലും കഴിഞ്ഞിരുന്ന എത്രയോ കുടുംബങ്ങളെ സ്വതന്ത്രരാക്കാൻ സാധിച്ചു. ഇന്നും കാണുമ്പോൾ അന്നു തങ്ങൾക്ക് മനസമാധാനം ഉണ്ടാക്കിത്തന്നതിനു നന്ദിയോടെ കാണുന്ന കുടുംബങ്ങൾ, സഭയുടെ ഈ പാപബോധം സൃഷ്ടിക്കുന്ന പ്രക്രിയ എത്ര വികൃതവും യേശുവിരുദ്ധമായിരുന്നെന്നു തെളിയിക്കുന്നു.

കുറച്ചുനാൾ മുമ്പു വരെ ധ്യാനപ്രസംഗകരുടെ മുഖ്യ ഊന്നൽ ജനങ്ങളിൽ ഈ പാപബോധം ജനിപ്പിക്കുക എന്നതായിരുന്നു. അതിനായി ചാവുദോഷം കാരണം നരകത്തിലെ തീയിൽ കിടന്നു മരിക്കാതെ നിത്യമായി വെന്തുനീറുന്ന മനുഷ്യരുടെ ചിത്രങ്ങളും മറ്റും ടി. വി. യിൽ കാണുന്ന രീതിയിൽ ചിത്രീകരിച്ചിട്ടുള്ള പ്രസംഗങ്ങൾ സാധാരണമായിരുന്നു. ഇന്നു ഈ ഊന്നലിനു അല്പം മാറ്റം വരുത്തിയിട്ടുണ്ട്; ദൈവസ്നേഹത്തെ മറുത്തു പ്രവർത്തിച്ചതിലുള്ള പശ്ചാത്താപമാണ് ഇന്നത്തെ സമീപനം. അതായത് അടിസ്ഥാനപരമായിട്ടു ഇന്നും പാപബോധം സൃഷ്ടിക്കലും മനഃപരിവർത്തനവുമാണ് ധ്യാനപ്രസംഗകർ ലക്ഷ്യം വയ്ക്കുന്നത്. ഈ ഒരു സമീപനത്തിന്റെ മൂർത്ത രൂപമാണ് ഇന്നു വളരെ സജീവമായിക്കൊണ്ടിരിക്കുന്ന കരിസ്മാറ്റിക് കൺവൻഷനുകൾ. ഇവയ്ക്കൊന്നും യേശുവിന്റെ ദൗത്യത്തോടു പുലബന്ധം പോലുമില്ല എന്നതാണ് യാഥാർത്ഥ്യം.

'ആത്മരക്ഷ'യ്ക്ക് അപ്പുറമായി, പ്രത്യേകിച്ചു കഴിഞ്ഞ അര നൂറ്റാണ്ടായി, സഭ ക്ഷേമപ്രവർത്തനങ്ങളിലും ജീവകാരുണ്യ ഇടപെടലുകളിലും ഏർപ്പെടുന്ന രീതി സജീവമായതു കൂടി ഇവിടെ പരാമർശിക്കേണ്ടതുണ്ട്. വിശക്കുന്നവന് അപ്പം പ്രധാനമാണ്; രോഗിക്ക് മരുന്നും, ഭവനരഹിതർക്ക് വീടും ... തീർച്ചയായും ഇതിലൂടെ മനുഷ്യനു താല്ക്കാലിക ആശ്വാസം ലഭിച്ചേക്കാം. അതിൽ ബന്ധപ്പെടുക നമ്മുടെ ധർമ്മം തന്നെയാണ്.

പക്ഷേ ഇവിടെ സമീപനത്തിന്റെ വ്യത്യാസം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. രണ്ടു സമീപനങ്ങൾ സ്വീകരിക്കാം. ഒന്ന്, ഇന്നത്തെ അനീതിയും അക്രമവും അധികാരഗർവ്വും ധനമോഹവും എല്ലാം കൊണ്ടു ദുഷിച്ച ക്രമംകെട്ട സാമൂഹ്യ-രാഷ്ട്രീയ-മത വ്യവസ്ഥിതിയെ കാണുകയോ അപഗ്രഥനം നടത്തുകയോ, തൽഫലമായി എതിർക്കുകയോ അതിനെതിരെ പോരാട്ടം നടത്തുകയോ ചെയ്യാതെ, ജീവകാരുണ്യപ്രവൃത്തികളിൽ ഏർപ്പെടുന്ന സമീപനം. രണ്ട്, ഇന്നത്തെ അഴുക്കു വ്യവസ്ഥിതിയെ ചോദ്യം ചെയ്ത് അതിനെതിരെ നിരന്തരം സമരം ചെയ്തുകൊണ്ട് ഇന്നു ചെയ്യാവുന്ന ക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെടുക എന്ന സമീപനം.

ഇവിടെ ഇന്നത്തെ ഔദ്യോഗികസഭ തിരഞ്ഞെടുത്ത ജീവകാരുണ്യപ്രവർത്തന സമീപനം ആദ്യത്തേതാണ്. അവിടെ വലിപ്പച്ചെറുപ്പമുണ്ട്. ദരിദ്രനെ സഹായിക്കുന്നതു അനുകമ്പയും സഹതാപവും കൊണ്ടാണ്. അവനു അവകാശപ്പെട്ടത് കിട്ടിയില്ല, അത് കിട്ടാൻ അർഹതയുണ്ടവന് എന്ന ബോധ്യത്തിൽ അതിനു സാഹചര്യം ഒരുക്കുകയല്ല സഭ ഇന്നു ചെയ്യുന്നത്. ഈ സമീപനത്തിൽ പൂർണ്ണ മനുഷ്യത്വത്തിനും ദൈവരാജ്യസാക്ഷാത്ക്കാരത്തിനും വേണ്ടി പ്രവർത്തിക്കുന്ന വ്യക്തത ഇല്ലാത്തിടത്ത്, ഈ ക്ഷേമപ്രവർത്തനങ്ങൾ അടിസ്ഥാനമാറ്റം വരുത്തുന്നില്ല എന്നു മാത്രമല്ല, ഇന്നത്തെ അനീതിനിറഞ്ഞ അഴുക്കു വ്യവസ്ഥിതിയെ അരക്കിട്ടുറപ്പിക്കുകയാണ് ചെയ്യുന്നത്. മറിച്ചുള്ള സമീപനത്തിൽ, ക്ഷേമപ്രവർത്തനം ആത്യന്തികലക്ഷ്യമല്ല എന്ന ബോധ്യത്തിലാണ് ഇടപെടുന്നത്. താല്ക്കാലികാശ്വാസം കിട്ടിയേക്കാമെങ്കിലും, ഇതു ശാശ്വതമല്ല; പുതിയൊരു സമൂഹസൃഷ്ടിക്കുവേണ്ടി, നീതിപൂർവ്വമായ പുതിയൊരു സമ്പ്രദായം സ്ഥാപിച്ചെടുക്കുന്നതിനു വേണ്ടിയുള്ള പോരാട്ടത്തിനാണ് പ്രാമുഖ്യം. ഇതു തീർത്തും പ്രവാചകതുല്യമായ ഇടപെടലാണ്.

അവിടെ ഇന്നത്തെ സഭയുടെ പ്രവർത്തനശൈലിയെ ഗൗരവബുദ്ധ്യാ വിമർശനവിധേയമാക്കേണ്ടതുണ്ട്. ഇന്നു നിലനില്ക്കുന്ന സഭയുടെ പ്രവർത്തനം ഒരു രീതിയിലും യേശുവിന്റെ ദൈവരാജ്യ സാക്ഷാത്ക്കാരത്തിനു ഉതകുന്നതല്ല, സമകാലീന ലോകത്തിൽ പ്രസക്തവുമല്ല. മനുഷ്യരെ മനുഷ്യരാക്കുന്ന/ദൈവപുത്രരാക്കുന്ന അതികഠിനമായ പ്രവർത്തനപ്രക്രിയയിൽ ഇടപെടാതെ, ഇന്നത്തെ സഭ അതിന്റെ വളർച്ചയെ വിലയിരുത്തുന്ന മാനദണ്ഡം സഭാസ്ഥാപനങ്ങൾ, അംബരചുംബികളായ ദേവാലയങ്ങൾ, വിശ്വാസികളുടെ എണ്ണം, സാമ്പത്തികശേഷി, രാഷ്ട്രീയ സ്വാധീനം, ഘടനാപരമായ കെട്ടുറപ്പ്, അധികാരകേന്ദ്രീകരണം, മത്സരബുദ്ധ്യായുള്ള പെരുനാളുകളും ആചാരാനുഷ്ഠാനങ്ങളും ആഘോഷ

ങ്ങളും മറ്റുമാണ്. തൽഫലമായി ആദ്ധ്യാത്മികത തന്നെ നിർവചിക്കപ്പെടുന്നത്, സഭയുടെ ഈ പ്രവർത്തനപ്രക്രിയയിൽ സജീവമായി പങ്കെടുക്കുന്നതിന്റെ തോതനുസരിച്ചാണ്.

ഇന്നത്തെ സഭാചട്ടങ്ങളോട് ഒത്തുപോകുന്നവൻ, സഭയുടെ മുകളിൽ പറഞ്ഞ സവിശേഷതകളെ വളർത്താൻ സഹായിക്കുന്നവൻ 'നല്ല' ശിഷ്യൻ; അവനിൽ 'ആദ്ധ്യാത്മികത' തുളുമ്പി നിൽക്കുന്നു. ഒപ്പം അനുദിന ജീവിതബന്ധിയല്ലാത്ത തീർത്തും വ്യക്തിഗതവും ഭക്തിപരവുമായ ഏതോ ഒന്നായാണ് ആദ്ധ്യാത്മികതയെ വിലയിരുത്തുക. യഥാർത്ഥ ആദ്ധ്യാത്മികത ദൈവരാജ്യസാക്ഷാത്ക്കാരം ത്വരിതപ്പെടുത്താനുള്ള നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ സജീവമാകുന്നതാണ്. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ 'വാതിലടച്ചിരുന്നു പ്രാർത്ഥിക്കുക' എന്നു പറഞ്ഞതിന്റെ അർത്ഥം അനുദിന ജീവിതപ്രശ്നങ്ങളിൽ നിന്നു ഒളിച്ചോടുകയെന്നല്ല; മറിച്ച്, ആ പ്രശ്നങ്ങളെ ശരിയാംവണ്ണം ഉത്തരവാദിത്വത്തോടെ നേരിടാനുള്ള ശക്തി ആർജ്ജിക്കുക എന്നതാണ്.

ഇന്നത്തെ കാപട്യവും, അനീതിയും, കലുഷമായ സാമൂഹ്യവ്യവസ്ഥിതിയും അതികഠിനമാണ്; അവിടെ നമുക്ക് ഒന്നും ചെയ്യാൻ പറ്റുകയില്ല; അവിടെ നിസ്സംഗമായി നിന്നുകൊണ്ട് ചില ഒത്തുതീർപ്പുകൾക്ക് വഴങ്ങുക എന്നതായിരിക്കും അഭികാമ്യം എന്നു ചിന്തിക്കുന്ന വളരെയധികം ക്രൈസ്തവരുണ്ട്. അവർ ആത്മാർത്ഥതയുള്ള 'ഭക്ത'രേക്കാൾ അപകടകാരികളാണ് എന്നാണ് എന്റെ സുചിന്തിതമായ ധാരണ. എന്റെ സഹപാഠിയും അവരിൽ ഒരാളാണ്. അങ്ങനെ ഒരു ഒത്തുതീർപ്പിനൊരുങ്ങുന്നത് എന്നോടും എനിക്ക് യേശുവിലുള്ള വിശ്വാസത്തോടുമുള്ള കൊടും വഞ്ചനയായിരിക്കും. ഇന്നു നിലനില്ക്കുന്ന സഭയ്ക്ക് അകത്തോ പുറത്തോ എന്നത് എനിക്കൊരു വിഷയമല്ല. യേശുവിന്റെ സഭയെ ഞാൻ അങ്ങേയറ്റം മാനിക്കുന്നു, വിലകല്പിക്കുന്നു. ഇന്നു നിലകൊള്ളുന്ന ഔദ്യോഗികസഭ യേശുവിരുദ്ധമാണ് എന്നാണ് എന്റെ ഇന്നുവരെയുള്ള പഠനം മനസ്സിലാക്കിത്തന്നത്. യേശുവിനോടും യേശുവിന്റെ സഭയോടും യേശുദൗത്യത്തോടുമുള്ള കൂറും ആത്മാർപ്പണവും ഒന്നുകൂടി ഞാൻ ഉറപ്പിക്കുന്നു.

# 6

# യേശു തോറ്റു, സഭ ജയിച്ചു

കഴിഞ്ഞ 36 വർഷത്തെ ക്രൈസ്തവ പൗരോഹിത്യജീവിതാനുഭവവും അക്കാലയളവിൽ നിരന്തരമായി വളർത്തിക്കൊണ്ടുവന്ന ജനങ്ങളുമായുള്ള ബന്ധങ്ങളും ഇടപെടലുകളും ഇന്നത്തെ ക്രൈസ്തവസഭ എവിടെ നില്ക്കുന്നു എന്നു അപഗ്രഥിക്കാൻ എന്നെ സഹായിക്കുന്നു.

യേശുവിന്റെ നേതൃത്വത്തിലുള്ള, പാപികളുടെയും വേശ്യകളുടെയും ദരിദ്രരുടെയും പീഡിതരുടെയും മുക്കുവരുടെയും സഭാസംഘം അദ്ദേഹത്തിന്റെ മരണശേഷം വളരെ വേഗംതന്നെ ഒരു 'മത'മായി മാറുന്നു. ഈ ചെറുസംഘത്തിന്റെ രാഷ്ട്രീയ പ്രകാശനമായിരുന്നു ആദിമസഭയിലെ, മറ്റു സമൂഹങ്ങളെ അത്ഭുതപ്പെടുത്തിയ, പങ്കുവയ്ക്കലിൽ അധിഷ്ഠിതമായ കൂട്ടായ്മ. ബൈബിളിലെ അപ്പസ്തോലപ്രവർത്തനങ്ങൾ ഇതിനു സാക്ഷ്യംവഹിക്കുന്നു (നടപടി അദ്ധ്യായങ്ങൾ 2,4).

എല്ലാം പൊതുവായി കാണുന്ന, എല്ലാം ഒന്നിച്ചു സംഭരിച്ചു ആവശ്യാനുസരണം ഓരോരുത്തർക്കും വീതിച്ചുകൊടുക്കുന്ന മേൽപ്പറഞ്ഞ രാഷ്ട്രീയ പ്രക്രിയയിൽ പാളിച്ചകൾ സംഭവിച്ചപ്പോൾ വിശുദ്ധപൗലോസ് അവരെ കർശനമായി ശകാരിച്ച് തെറ്റുതിരുത്തി വീണ്ടും കൂട്ടായ്മയുടെ ഊഷ്മളതയിലേയ്ക്കു കൊണ്ടുപോയി. ചരിത്രത്തെ മാറ്റിമറിക്കത്തക്ക രീതിയിൽ സ്വാധീനിച്ച ആദർശം വഴിമാറി, പിൽക്കാലത്തു ചരിത്രം ആദർശത്തെ അടിമപ്പെടുത്തുന്ന അവസ്ഥയാണ് നാം കാണുന്നത്. ഔദ്യോഗികമായി ഈ അന്യവൽക്കരണം ചരിത്രത്തിൽ സംഭവിക്കുന്നത് റോമിന്റെ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റയിൻ ക്രിസ്തുവർഷം 312 ൽ ക്രിസ്ത്യാനിയായതോടുകൂടിയാണ്. യേശുവിന്റെ സ്നേഹസമൂഹവും ദരിദ്രരുടെ കൂട്ടായ്മയുമായിരുന്ന സഭയുടെ വഴി, ചരിത്രപരമായി പിഴച്ചതിന്റെ ഒരു ബാഹ്യ അടയാളമായി ഈ സംഭവം ചരിത്രത്തിൽ നിലകൊള്ളുന്നു. അങ്ങനെ സജീവതയും ജീവിതത്തിന്റെ ആർപ്പും തിമിർപ്പും നിറഞ്ഞുനിന്ന സാമാന്യജനത്തിന്റെ കൂട്ടായ്മ ചക്രവർത്തിയുടെ ആഗമനത്തോടെ ഒരു രാഷ്ട്രമത(state religion)മായി രൂപാന്തരപ്പെടുന്നു. ഈ മാറ്റത്തിന്റെ പ്രത്യാഘാതം വലുതാണ്.

എന്താണ് രാഷ്ട്രമതം കൊണ്ടുദ്ദേശിക്കുക? ഇവിടെ തുല്യതയിലധിഷ്ഠിതമായ സ്നേഹബന്ധമോ കൂട്ടായ്മയുടെ സരളതയോ ഹൃദയൈക്യത്തിന്റെ ഊഷ്മളതയോ ഇല്ല. മറിച്ച്, കപടതയുടെ ഒരു മുഖം ഇവിടെ ഉയർന്നുവരുന്നു. തന്ത്രാധിഷ്ഠിതമായ ബന്ധശൈലിയ്ക്കാണിവിടെ പ്രാമുഖ്യം. സൗകര്യാർത്ഥമുള്ള വിട്ടുവീഴ്ചയാണിവിടുത്തെ സാമാന്യനിയമം. സമൂഹത്തിൽ അടിസ്ഥാനപരമായി ജനം വിഭജിക്കപ്പെടുന്നു- ഉള്ളവരും ഇല്ലാത്തവരും തമ്മിൽ. ദരിദ്രർക്കു വേണ്ടി സമ്പന്നർ നിയമങ്ങൾ ഉണ്ടാക്കുന്നു. സ്വാർത്ഥവും നിക്ഷിപ്തവുമായ താത്പര്യങ്ങൾക്ക് അടിപ്പെട്ടു പോകുന്നു. ഈ നിക്ഷിപ്തതാത്പര്യ സംരക്ഷണാർത്ഥമുണ്ടാക്കുന്ന നിയമങ്ങളെ വളരെ സൂക്ഷ്മതയോടും തന്ത്രപരമായും സാധൂകരിക്കുന്നു. ഫലമോ? ദരിദ്രരുടെ പേരിൽ (at the expense of the poor), അവർക്കു വികസനത്തിന്റെ പാത വെട്ടിത്തെളിച്ചുകൊടുത്തു എന്ന വ്യാജേന, ഒരു ആത്മസംതൃപ്തി അനുഭവിക്കാൻ ശ്രമിക്കുന്നു. അങ്ങനെ യേശുവിൽ നിന്ന് അകന്നുകൊണ്ടുള്ള വഞ്ചനയുടെയും കപടതയുടെയും വഴിവിട്ട പാതയിലൂടെ സഭ അതിദൂരം സഞ്ചരിച്ചു നീങ്ങുകയാണ്.

ക്രിസ്തീയ കൂട്ടായ്മയെ ഇന്നു വിശേഷിപ്പിക്കുന്നതു സഭയായിട്ടാണ്. ഇതിനു ആദിമക്രൈസ്തവർ ഉപയോഗിച്ചിരുന്ന പദം 'എക്ലേസിയ' (ecclesia) എന്നായിരുന്നു. അതിന്റെ വാച്യാർത്ഥം ഒന്നിച്ചു കൂടുക എന്നാണ്. നടപടി പുസ്തകം വായിച്ചാൽ ഇതിന്റെ അർത്ഥവ്യാപ്തി മനസ്സിലാകും. വിശ്വാസികളെല്ലാവരും ഒന്നിച്ചു ചിന്തിക്കുന്നു, ഒന്നിച്ചു ബന്ധപ്പെടുന്നു, ഒന്നിച്ചു സ്വത്തുക്കളെല്ലാം പങ്കുവെയ്ക്കുന്നു, ഒന്നിച്ചു അപ്പം മുറിയ്ക്കൽ ശുശ്രൂഷയിൽ പങ്കുചേരുന്നു, ഒന്നിച്ചു പ്രാർത്ഥിക്കുന്നു. ചുരുക്കത്തിൽ എല്ലാം എല്ലാവരുമായി പങ്കുവെയ്ക്കുന്ന ഒരനുഭവം. അവരുടെ ഇടയിൽ കഷ്ടതകളനുഭവിക്കുന്നവരില്ലാത്ത ഒരു സാഹചര്യം ഈ കൂട്ടായ്മ സൃഷ്ടിച്ചു. ഇതു യാദൃച്ഛികമായി ഉണ്ടായതല്ല; ബോധപൂർവ്വമായ തീർപ്പിന്റെയും ബോധ്യത്തിന്റെയും തിരഞ്ഞെടുപ്പിന്റെയും ഫലമായിരുന്നു, ചരിത്രം സാക്ഷ്യപ്പെടുത്തുന്ന ഈ കൂട്ടായ്മ. ഈ അവസ്ഥയെ അന്നത്തെ സമൂഹം അംഗീകരിച്ചു. ആശ്ചര്യപൂർവ്വം അവർ പറഞ്ഞു: 'കണ്ടാലും ഹാ! അവർ എത്ര സ്നേഹത്തിൽ കഴിയുന്നു!' ചരിത്രത്തിനു പൊളിക്കാൻ സാധിക്കാത്ത അജയ്യ ശക്തിയായി നിലകൊള്ളുന്നു. മാത്രമല്ല, ഒരു പടികൂടി മുന്നോട്ട്, ചരിത്രത്തെ ആഴത്തിൽ സ്വാധീനിക്കുന്ന ഒരു കൂട്ടായ്മയായി നിലകൊള്ളുന്നതായി നാം കാണുന്നു.

റോമിൽ ഒരു നിയമമുണ്ട്: ചക്രവർത്തിയുടെ മതം രാഷ്ട്രത്തിന്റെ മതം എന്ന്. ക്രൈസ്തവർ ഇതംഗീകരിച്ചില്ല. അവർക്കു മറ്റൊരു കൂട്ടായ്മ, മറ്റൊരു വിശ്വാസം. ഇതിനെ സാമ്രാജ്യത്വം അംഗീകരിക്കാൻ തയ്യാ

റല്ലായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ആദിമസഭയിലെ മതപീഡനവും തത്ഫലമായി കൈവരിക്കേണ്ടിവന്നിട്ടുള്ള ആയിരക്കണക്കിനു രക്തസാക്ഷികളും. ഇവർക്കു ആരാധനാലയങ്ങൾ ഇല്ല. വീടുകളിലും ഗുഹകളിലും രഹസ്യമായാണവർ കൂടിയതും അപ്പംമുറിക്കൽ ശുശ്രൂഷയിൽ പങ്കുചേർന്നു കൂട്ടായ്മ വളർത്തിയതും. സെന്റ് സെബാസ്റ്റ്യനെപ്പോലെയുള്ള അനേകം ക്രിസ്തു അനുയായികൾ തന്റേടത്തോടും ധീരതയോടും തങ്ങളുടെ ജീവൻകൊടുത്തു പോലും സാക്ഷ്യം നല്കാൻ തയ്യാറാകുന്ന യാഥാർത്ഥ്യത്തിന്റെ മുമ്പിൽ, കോൺസ്റ്റന്റയിൻ ചക്രവർത്തി മിഴിച്ചുനിന്നുപോയി. അദ്ദേഹം സ്വയം വിലയിരുത്തി. ഇവർ വീര്യവും ശക്തിയും അർപ്പണബോധവും ഉള്ളവർ. വിശ്വസ്തതയോടെ ഇവർ രാജ്യത്തെ സേവിക്കും; ഒപ്പം തന്നെയും. ഇവരെ വിലയ്ക്കു വാങ്ങുക തന്നെ. എങ്ങനെ? കോൺസ്റ്റന്റയിൻ ചക്രവർത്തിതന്നെ ക്രിസ്ത്യാനിയാകുന്നു. അങ്ങനെ റോമാസാമ്രാജ്യം മുഴുൻ 'ചുമ്മാ' ക്രിസ്ത്യാനികളാകുന്നു. അന്നുവരെ 2-3 വർഷത്തെ കഠിനമായ പഠനത്തിന്റെയും പരിശീലനത്തിന്റെയും അനന്തരഫലമായാണ് ജനം ക്രൈസ്തവരായത്. ഇന്നിതാ റോമാസാമ്രാജ്യം മുഴുവൻ ഒറ്റയടിക്കു, ഒരു ഒരുക്കവുമില്ലാതെ ക്രിസ്ത്യാനികളാകുന്നു. അങ്ങനെ രാഷ്ട്രം അവരെ വിലയ്ക്കെടുത്തു. തത്ഫലമായി ക്രൈസ്തവമതം സാമ്രാജ്യത്വത്തിന്റെ മതമായി മാറുന്നു.

ഫലമോ? സാമ്രാജ്യത്വത്തിന്റെ ജീവിതരീതികളും മറ്റും ഉൾക്കൊള്ളേണ്ടിവന്നു. ചക്രവർത്തിക്ക് അധികാരവും സമ്പത്തുമുണ്ട്. അവ സംരക്ഷിക്കപ്പെടുവാൻ നിയമസംഹിതയും. അവിടെ ഭരണമുണ്ട്, അധികാരിയുണ്ട്, ആഡംബരങ്ങളുണ്ട്, രാജകീയ ആദരവുണ്ട്, സിംഹാസനമുണ്ട്, ഒപ്പം അടിമകളും. ഇവയെല്ലാം സഭാസ്ഥാപനത്തിനുമുണ്ടായി - സമ്പത്ത്, അധികാരത്തിന്റെ അടയാളമായ ചെങ്കോലും കിരീടവും സിംഹാസനവും. ഗുഹകളിൽ ഒളിച്ചിരുന്നു അപ്പം പങ്കുവച്ചവർക്ക് ഇന്നിതാ ബ്രഹ്മാണ്ഡമായ കൊട്ടാരങ്ങളും ദേവാലയങ്ങളും. രാജാവില്ല, പിതാവേയുള്ളു എന്നു പഠിപ്പിച്ചിട്ടു ഗുരുവും നാഥനുമായ യേശു, ശിഷ്യരുടെ കാൽകഴുകിയ, ഒന്നു തലചായ്ക്കാൻ ഇടമില്ലാതെ ഗലീലിയ തടാകതീരത്തു ചുറ്റി നടന്നു പഠിപ്പിച്ച യേശുവിനും യേശുവിന്റെ സഭയ്ക്കും ഇന്നിതാ അധികാരത്തിന്റെ എല്ലാ മാസ്മര ഘടകങ്ങളും കൂടെപ്പിറപ്പു പോലെ. ചുരുക്കത്തിൽ, ചരിത്രപരമായി അവിടെ കോൺസ്റ്റന്റയിൻ വിജയിച്ചു. സഭ ചക്രവർത്തിയുടേതായി. അവിടെ യേശുവിന്റെ ആശയങ്ങളെ സഭ പരാജയപ്പെടുത്തി.

# 7

# നെയ്യാറ്റിൻകര സംഭവം
# കേരള ലത്തീൻ കത്തോലിക്കാ സഭ
# ചരിത്രബാദ്ധ്യത ഏറ്റെടുക്കുമോ?

1999 മാർച്ച് 14 നു മത്സ്യത്തൊഴിലാളികൾക്ക് ഏറെ വിലപ്പെട്ടവനും കടലിന്റെ താളവുമായിരുന്ന പീറ്റർ ചേട്ടൻ (ഇ. ജി. പീറ്റർ) മരിച്ചു. അദ്ദേഹത്തിന്റെ മരണത്തിനു മൂന്നു നാലു മാസങ്ങൾക്കു മുമ്പ് ഞങ്ങൾ ഒരു ചെറുസംഘം സുഹൃത്തുക്കൾ, അദ്ദേഹവുമായി നടത്തിയ ഒരു ചർച്ച ഇന്നത്തെ പ്രത്യേക കേരളരാഷ്ട്രീയത്തിൽ ഏറെ പ്രസക്തമാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് ക്രൈസ്തവസഭയുടെ രാഷ്ട്രീയ നിലപാട് എങ്ങനെ സാമാന്യജനതയ്ക്ക് അനുഭവപ്പെട്ടു എന്നതായിരുന്നു ചർച്ചാവിഷയം. അദ്ദേഹത്തിന്റെ വിവരണത്തിന്റെ ചുരുക്കം ചുവടേ ചേർത്തിട്ട്, ഇന്നത്തെ അവസ്ഥയെ ഒന്നപഗ്രഥനം ചെയ്യുന്നത് ഉചിതമാകുമെന്നു തോന്നുന്നു.

പരമ്പരാഗതമസത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണത്തിലും സംഘാടനത്തിലും അവരുടെ അവകാശപോരാട്ടങ്ങളിലും ഇടപെടുന്ന വൈദികരെയും ജനത്തെയും 'രാഷ്ട്രീയക്കാർ' എന്നു വിശേഷിപ്പിക്കുന്ന സഭാമേലധ്യക്ഷന്മാരുടെയും കൂട്ടരുടെയും സമീപനത്തിൽ അത്ഭുതംകൂറിക്കൊണ്ട് പീറ്റർചേട്ടൻ പറഞ്ഞു. തന്റെ കഴിഞ്ഞ 65 വർഷത്തെ ഓർമ്മയിൽ ഔദ്യോഗികസഭ എന്നും രാഷ്ട്രീയത്തിൽ സജീവമായി ഇടപെടുന്നുണ്ടായിരുന്നു. 1947 നു മുമ്പ് തനിക്കറിയാവുന്ന ഇടവകകളിലെ പള്ളി വികാരിയച്ചന്മാർ മിക്കവാറും എല്ലാവരും തന്നെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് വിരോധികളും ബ്രിട്ടീഷ്ഭരണത്തെ പരസ്യമായിത്തന്നെ പിന്താങ്ങുന്നവരുമായിരുന്നു. ഗാന്ധിജിയെ 'അന്തിക്രിസ്തു'വായി ചിത്രീകരിച്ചു ദേവാലയത്തിലെ അൾത്താരയിൽ നിന്നു പ്രസംഗിച്ച കാര്യം അദ്ദേഹം ഇന്നലെത്തെപ്പോലെ ഓർക്കുന്നു. ഈ സമീപനം തന്നെയായിരുന്നു പൊതുവേ ജന്മിമാരുടേതും. ആദ്യകാലത്തു കുറച്ചു ഇടത്തട്ടു

കാരും സാമാന്യജനവുമായിരുന്നു ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനോട് ചേർന്നു സ്വാതന്ത്ര്യത്തിനു വേണ്ടി പൊരുതിയത്.

സ്വാതന്ത്ര്യം കിട്ടി വളരെ വേഗം തന്നെ ഈ വൈദികർ കോൺഗ്രസ്സിനു വേണ്ടി പള്ളിയിൽ പ്രസംഗിച്ചു. കമ്മ്യൂണിസ്റ്റ് വൈരം ഇവരുടെ വാക്കിലും മുഖത്തും നിഴലിച്ചു നിന്നിരുന്നു. കമ്മ്യൂണിസ്റ്റ് അനുഭാവികളെ പീഡിപ്പിച്ച്, പലവിധത്തിലുള്ള സഭാനടപടികൾക്ക് വിധേയരാക്കി. തെരഞ്ഞെടുപ്പു വന്നപ്പോൾ, ഏതു സ്ഥാനാർത്ഥിക്കായിരിക്കണം ജനം വോട്ടുചെയ്യേണ്ടത് എന്ന ചോദ്യത്തിനു, കോൺഗ്രസ്സിനു തന്നെ എന്നു പച്ചയ്ക്ക് പരസ്യമായി ദേവാലയത്തിന്റെ അൾത്താരയിൽ നിന്നു പോലും പ്രസംഗിച്ച രംഗങ്ങളും അദ്ദേഹം സ്മരിച്ചു. ദൈവവും കോൺഗ്രസ്സും തമ്മിൽ എന്തോ ബാന്ധവമുണ്ട് എന്ന രീതിയിലായിരുന്നു നീക്കങ്ങൾ. ഇവർക്കൊപ്പം ജന്മികളും സാവകാശം ഉയർന്നുവന്നു. മുതലാളിമാരും കൂട്ടുചേർന്നു. സഭയുടെ ഈ നീക്കത്തെ ന്യായീകരിച്ചും സ്ഥിരീകരിച്ചുംകൊണ്ട് ബിഷപ്പുമാർ ഇടയലേഖനങ്ങൾ വരെ ഇറക്കിയിട്ടുണ്ട്.

ഒന്നുരണ്ടുദാഹരണങ്ങൾ മാത്രം പേരിനു ഉദ്ധരിക്കട്ടെ. "വോട്ടുകാര്യത്തിൽ നാടും വീടും, രക്തവും ബന്ധവും, ജാതിയും സമുദായവും, കൂറും കോഴയും മറ്റും പ്രധാനമായി ഗണിക്കരുത്; കണ്ടവരുടെ കയ്യിൽ കേവലം പാവകളായി പരിണമിക്കുവാൻ ഇടയാകുകയുമരുത്. (കൊല്ലം ബിഷപ്പ് ജറോം ഫെർണാന്റസിന്റെ 'ആസന്നമായിരിക്കുന്ന പൊതുതെരഞ്ഞെടുപ്പും നമ്മുടെ വോട്ടും' (No. 1908/51: cir. 32, Dt. 26. 09. 1951)
വീണ്ടും "ഇക്കാര്യത്തിൽ നാം വ്യക്തി, രക്തം, ബന്ധം, കുടുംബം, പ്രദേശം ഇത്യാദി താല്പര്യങ്ങൾക്കും വികാരങ്ങൾക്കും ചിന്താഗതിക്കുമൊക്കെ അതീതമായി വർത്തിക്കണം. അതുപോലെ തന്നെ കോഴ, ദാനം, സഹായം ഇത്യാദി പ്രലോഭനങ്ങൾക്കും ഭീഷണിക്കും ധർമ്മബോധമുള്ള നാം ഒരുവിധത്തിലും വഴിപ്പെട്ടുപോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. നാം ഉദ്ദേശിക്കുന്ന സ്ഥാനാർത്ഥിക്കല്ലാതെ മറ്റാർക്കും വാക്കു കൊടുക്കുവാൻ ഇടയാകരുത്; അധാർമ്മികമായി വാക്കുകൊടുത്തുപോയാൽ, അതു പാലിക്കാനും പാടില്ലല്ലോ" (1967 ലെ പൊതുതെരഞ്ഞെടുപ്പിനെക്കുറിച്ച് അഖിലഭാരത കത്തോലിക്കാ മെത്രാന്മാരുടെ സന്ദേശം No. 438/66 cir. 14, Dt. 26. 11. 1966) വീണ്ടും 'ആസന്നമായ പ്രതിനിധിസഭാ തെരഞ്ഞെടുപ്പ്' (No. 41/47, cir. 2) എന്ന തലക്കെട്ടിൽ ബിഷപ്പ് ജറോം അയച്ച ഇടയലേഖനത്തിൽ നിന്ന് ".... അതുകൊണ്ട്, ആർക്കാണ് വോട്ടു നൽകേണ്ടതെന്നു നല്ലതുപോലെ ചിന്തിച്ചിട്ടു വേണം നാം വോട്ടുചെയ്യുവാൻ. ... ആകയാൽ, നമ്മുടെ വത്സലമക്കളായ കത്തോലിക്കരിൽ ആരുംതന്നെ കമ്മ്യൂണിസ്റ്റുപാർട്ടിയിൽപ്പെട്ട സ്ഥാനാർത്ഥികൾക്ക് വോട്ടു നൽകുകയോ

അവരെ യാതൊരുവിധത്തിലും സഹായിക്കുകയോ ചെയ്തുപോകരുതെന്നു നാം പൈതൃകമായി ഉപദേശിക്കുകയും കർശനമായി വിലക്കുകയും ചെയ്യുന്നു. ... താദൃശ സ്ഥാനാർത്ഥികളുടെയും പാർട്ടിപ്രവർത്തകരുടെയും പേരുകൾ പരസ്യമായി ബഹു. അച്ചന്മാർ ജനങ്ങളെ അറിയിക്കുകയും അവരുമായുള്ള സർവ്വസഹകരണവും നിരോധിക്കുകയും ചെയ്യേണ്ടതാണ്. ... വോട്ടവകാശമുള്ള എല്ലാ സ്ത്രീപുരുഷന്മാരും നിർദ്ദിഷ്ട ദിവസം നിർബന്ധമായും വോട്ടുചെയ്യണം ...'' വീണ്ടും ഇടതുപക്ഷ സ്വാധീനം പല ഇടവകകളിലും വർദ്ധിച്ചുവരുന്നെന്നും അതിനെതിരായി ജാഗ്രത പുലർത്തണമെന്നും വികാരിയച്ചന്മാർക്കു ഒരു സ്വകാര്യകത്ത് ബിഷപ്പ് ജറോം അയയ്ക്കുകയുണ്ടായി (Growing Leftist Tendency No.301/54. cir. 62, Dt. 6/2/1954). ഒപ്പം, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നവർക്ക് കൂദാശ നിഷേധിക്കാനും മറ്റു സഭാനടപടികൾ വഴി അവരെ നിരുത്സാഹപ്പെടുത്താനും ഒരു സ്വകാര്യ കത്തിലൂടെ എല്ലാ വികാരിയച്ചന്മാർക്കും നിർദ്ദേശം നൽകുകയുമുണ്ടായി(Catholics Joining Forbidden Groups - No.3041/54. cir. 63, Dt. 22. 2.1954). ഒരു വോട്ടു പോലും നഷ്ടപ്പെടാൻ പാടില്ല എന്ന ബോധ്യത്തിൽ 1957 ലെ തെരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടേഴ്സ് ലിസ്റ്റ് പുതുക്കാനുള്ള നടപടി സർക്കാർ സ്വീകരിച്ചപ്പോൾ, വിട്ടുപോയ പേരുകൾ കൂട്ടിച്ചേർക്കാനും പുതിയ അംഗങ്ങളെ ചേർക്കാനും കമ്മിറ്റികൾ രൂപീകരിച്ചു ജാഗ്രതയോടെ പ്രവർത്തിക്കാൻ ബിഷപ്പ് ജറോം നിർദ്ദേശിക്കുന്നു (Electoral Roll Revision No.5843/56. cir. 11, Dt. 4. 4. 1956). 1962 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കേരളത്തിലെ മെത്രാപ്പോലീത്താമാരും മെത്രാന്മാരും അടങ്ങുന്ന 16 പേരും സംയുക്തമായി ഒരു ഇടയലേഖനം ഇറക്കി. അതിൽ നിന്ന് ''... കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥികൾക്കോ അവർ നിർത്തുന്ന മറ്റു സ്ഥാനാർത്ഥികൾക്കോ യാതൊരു കാരണവശാലും വോട്ടു കൊടുത്തുകൂടെന്നും ഒരു കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥി ജയിക്കുവാൻ ഇടവരത്തക്ക യാതൊരു നിലപാടും പ്രത്യക്ഷമായോ പരോക്ഷമായോ സ്വീകരിച്ചുകൂടാത്തതാണെന്നും ഖണ്ഡിതമായി പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഭൗതികവാദത്തിൽ അടിയുറച്ചവരും നിരീശ്വരത്വവും നിർമ്മതത്വവും മൂലപ്രമാണമായി സ്വീകരിച്ചിരിക്കുന്നതുമായ കമ്മ്യൂണിസത്തോടു മൗലികമായി കത്തോലിക്കാസഭയ്ക്കുള്ള സന്ധിയില്ലാത്ത വൈരുദ്ധ്യം മൂലം നമ്മൾ സ്വീകരിക്കേണ്ട ഏറ്റവും യുക്തിയുക്തമായ ഒരു നിലപാടാണിത്. വിനാശകരമായ കമ്മ്യൂണിസത്തെ രാജ്യക്ഷേമത്തിന്റെ പേരിലും നമ്മൾ സർവ്വാത്മനാ എതിർത്ത് പരാജയപ്പെടുത്തേണ്ടതാണ് ...'' (സംയുക്ത ഇടയലേഖനം

Dt. 22. 01. 1962 Printed at I.S. Press Ernakulam). ഞാൻ കൊല്ലം രൂപതയിലെ ഒരു വൈദികനായതിനാൽ അവിടുത്തെ കുറച്ചു കാര്യങ്ങൾ അറിയാവുന്നതുകൊണ്ടും മൊൺ. ഫെർഡിനാന്റ് കായാവിൽ 'ബിഷപ്പ് ജറോം - കാലത്തിന്റെ കർമ്മയോഗി' എന്ന ചരിത്രപുസ്തകം പ്രസിദ്ധീകരിച്ചതുകൊണ്ടും, മുകളിൽപ്പറഞ്ഞ വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമായി. ഇതുപോലെ മറ്റു രൂപതകളിലും ഇടയലേഖനങ്ങളും മറ്റും ഇറക്കി സഭാവിശ്വാസികളെ നിയന്ത്രിച്ചിരുന്നതായി പലരും പറഞ്ഞുകേട്ടിട്ടുണ്ട്. അതും ശാസ്ത്രീയമായി പഠനവിധേയമാക്കുന്നത് നല്ലതായിരിക്കും. ഏതായാലും ഭാരത കത്തോലിക്കാ മെത്രാന്മാരുടെയും കേരള മെത്രാന്മാരുടെ സംഘത്തിന്റെയും പൊതു ചിന്താധാരയും നിലപാടും കോൺഗ്രസ്സ് അനുകൂലവും കമ്മ്യൂണിസ്റ്റ് വിരുദ്ധവുമായിരുന്നുവെന്നും അതു ശക്തമായി പ്രതിഫലിച്ചിട്ടുണ്ടെന്നും അതിനായി ഗൗരവബുദ്ധ്യാ പ്രവർത്തിച്ചിട്ടുണ്ടെന്നുമുള്ളതു നിസംശയം പറയാം.

ഇത്ര സജീവവും സുദീർഘവും തീവ്രവും സംഘടിതവുമായ രാഷ്ട്രീയപ്രവർത്തനങ്ങളെ 'രാഷ്ട്രീയ ഇടപെടലുകളാ'യി ചിത്രീകരിച്ചതായി എങ്ങും കാണുന്നില്ല. മറിച്ച്, ഇതിൽ നിന്നും വ്യത്യസ്തമായൊരു രാഷ്ട്രീയ ചിന്താശൈലി ഉരുത്തിരിഞ്ഞുവരുന്നതു കണ്ടപ്പോൾ, ജനം അവരുടേതായ രാഷ്ട്രീയതീരുമാനങ്ങൾ എടുക്കാൻ തയ്യാറായി വന്നപ്പോൾ, ഇതിനു സഹായകമായ പ്രക്രിയയെ 'രാഷ്ട്രീയ ഇടപെടലാ'യി വിശേഷിപ്പിക്കാൻ സഭയ്ക്ക് എങ്ങനെ സാധിക്കുന്നു എന്നാണ് പീറ്റർ ചേട്ടന്റെ അടിസ്ഥാന ചോദ്യം.

ഇവിടെ ഒരു കാര്യം വ്യക്തം. സഭയ്ക്കു സഭയുടെ താല്പര്യസംരക്ഷണത്തിനു ഉതകുന്ന രാഷ്ട്രീയം ആകാമെന്നും, സഭയുടെ സ്വാർത്ഥതാല്പര്യത്തെ ചോദ്യംചെയ്യുന്ന സഭയുടെ സ്ഥാപിത-സംഘടിത താല്പര്യത്തിനു വെല്ലുവിളിയാകുന്ന രാഷ്ട്രീയം നിഷിദ്ധവുമെന്ന ഇരട്ടത്താപ്പുനയമാണ് കാണുന്നത്. ഇത് അപലപനീയമാത്രേ. ഇതിന്റെ ഏറ്റവും നല്ല ചരിത്രപരമായ ഉദാഹരണമാണ് 1957 ലെ ഇ. എം. എസ്. മന്ത്രിസഭയെ മറിച്ചിടാൻ എല്ലാ സാമുദായികശക്തികളും - ക്രൈസ്തവസഭ അവയുടെ മുൻനിരയിലും - ചേർന്നു നടത്തിയ അപഹാസ്യമായ 'വിമോചനസമരം.' വാസ്തവത്തിൽ അത് ഒരു കാരണവശാലും 'വിമോചന' പോരാട്ടമല്ലായിരുന്നു. അന്നത്തെ സാമാന്യജനത്തിനു അനുകൂലവും അവരുടെ വിമോചനത്തിനു സഹായകവുമായ ചില നയങ്ങളും നിയമങ്ങളും അന്നത്തെ സർക്കാർ ക്കൊണ്ടുവന്നതിനെതിരെയുള്ള, സാമാന്യജനത്തെ വീണ്ടും അടിമത്തത്തിൽ നിലനിർത്താൻ ഉതകുന്ന ഒരു കുത്സിത സമരമായിരുന്നു അത്.

ശക്തമായ വാദഗതികളോടെ 1960 ൽ പ്രസിദ്ധീകരിച്ച ഇടയലേഖനത്തിൽ "സോഷ്യലിസ്റ്റ് വിപ്ലവകക്ഷി' (R.S.P.) കൾ മാർക്സിന്റെ ഭൗതികവാദത്തിൽ അധിഷ്ഠിതമായതുകൊണ്ട് കമ്മ്യൂണിസം പോലെതന്നെ നിഷിദ്ധമാണെന്നു വിശ്വാസികളെ അറിയിക്കുകയും" (The Revolutionary Socialists No.39/60. cir. 2, Dt. 1. 02. 1960). ഇതിന്റെ പേരിൽ **ശ്രീ. ബേബി ജോണിനെ മഹറോൻ ചൊല്ലുകയും ചെയ്ത** കൊല്ലം ബിഷപ്പ് ജറോം തന്നെ, ഇടതുപക്ഷം അധികാരത്തിൽ വരികയും കാര്യങ്ങൾ നീങ്ങുന്നത് അവരുടെ ചൊല്പടിക്കാണെന്നു കാണുകയും ചെയ്തപ്പോൾ, പല വിട്ടുവീഴ്ചകൾക്കും തയ്യാറായത് ചരിത്രസത്യം.

റോമാസാമ്രാജ്യത്തിന്റെ അധീശ-അധികാരഗർവ്വിന്റെ മുമ്പിൽ മുട്ടുമടക്കുകയില്ല എന്നു പറഞ്ഞ നിശ്ചയദാർഢ്യമുള്ള പാരമ്പര്യമാണ്, രക്തസാക്ഷികളുടെ രക്തം വീണ് കരളുറച്ച പാരമ്പര്യമാണ് ആദ്യക്രിസ്തുസഭയ്ക്കുണ്ടായിരുന്നത്. അതുപോലെ കമ്മ്യൂണിസത്തെ വിലക്കിയപ്പോഴാണ്, അതിശക്തമായി അത് ഉയർത്തെഴുന്നേറ്റത്. കേരള കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ചയിൽ, ആദ്യക്രൈസ്തവസമൂഹത്തിന്റെ മാതൃകയിൽ ഇത്രമാത്രം എതിർപ്പ് ഔദ്യോഗിക ക്രൈസ്തവസഭയിൽ നിന്നുവരെ ഉണ്ടായിട്ടും, നല്ലൊരു ഗണം ക്രിസ്ത്യാനികൾ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്; പല ക്രൈസ്തവരും കമ്മ്യൂണിസ്റ്റ് നേതാക്കൾ വരെയായി. പക്ഷേ കമ്മ്യൂണിസം സഭയിലെ സാമാന്യജനത്തിനിടയിൽ കാര്യമായി എത്തിയിട്ടില്ലായിരുന്നു. അവിടെ 'കോൺഗ്രസ്-ദൈവ ബാന്ധവം' പ്രകാശിപ്പിക്കുന്ന ഇടയലേഖനങ്ങൾക്കും വികാരിയച്ചന്മാരുടെ പ്രസംഗങ്ങൾക്കും കുറച്ചു വിലയുണ്ടായിരുന്നു. ആലപ്പുഴയിലെ വിവിധ വിഭാഗം തൊഴിലാളികൾ കമ്മ്യൂണിസ്റ്റാശയങ്ങളുടെ അടിസ്ഥാനത്തിൽ സംഘടിച്ചു മുന്നോട്ടുനീങ്ങിയപ്പോൾ സൈമൺആശാൻ നേതൃത്വം നല്കി വളർത്തിയെടുത്ത മത്സ്യത്തൊഴിലാളി സംഘങ്ങൾ മുൻനിരയിൽത്തന്നെയുണ്ടായിരുന്നു. എന്നാൽ കേരളത്തിൽ വ്യാപകമായ തോതിൽ പള്ളിവിലക്കുകളെ അതിലംഘിച്ചുള്ള വിശാലചിന്തകളുണ്ടാകുന്നത് കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ തൊഴിലടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ അവകാശങ്ങൾക്കു വേണ്ടി പോരാടാനുള്ള പ്രാപ്തി നേടുക എന്ന ഉന്നംവച്ചുകൊണ്ടുള്ള കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ ആവിർഭാവത്തോടെയാണ്. ഈ ജനം കാര്യങ്ങൾ മനസ്സിലാക്കി പ്രതികരിക്കാൻ തുടങ്ങി; പ്രശ്നങ്ങൾ ഗ്രഹിക്കാനും കോൺഗ്രസ്-ദൈവ ബാന്ധവത്തിന്റെ കള്ളക്കളി തിരിച്ചറിയാനും തുടങ്ങിയപ്പോൾ, അവരുടെ ഈ ഇടപെടൽ രാഷ്ട്രീയമായി ചിത്രീകരിക്കപ്പെടുന്നു.

സാമാന്യജനത്തിന്റെ ഇടയ്ക്കും ഇടതുപക്ഷവേരോട്ടം നടക്കുന്നു എന്നു കണ്ടപ്പോൾ, പുതിയൊരു തന്ത്രവുമായാണ് സ്ഥാപിതസഭ മുന്നോട്ടുവന്നത്. തങ്ങൾ നിഷ്പക്ഷത പാലിക്കുന്നവരാണ് എന്ന ചിത്രീകരണം. മതം രാഷ്ട്രീയത്തിൽ ഇടപെടുന്നില്ല; ഇടതും വലതും - രണ്ടും ഒരുപോലെ ജനപക്ഷത്തല്ല; ജനങ്ങൾക്ക് നന്മചെയ്യുന്ന ആളിനെ നോക്കി ആളുകൾ വോട്ടുചെയ്യും; തങ്ങൾക്ക് രാഷ്ട്രീയമില്ല എന്നു പറയുകയും സാമുദായിക ചിന്തയും വിലപേശൽ രാഷ്ട്രീയവും സഭയുടെ മുഖമുദ്രയായി മാറുകയും ചെയ്യുന്ന അവസ്ഥ. അങ്ങനെ ഒരു അരാഷ്ട്രീയ രാഷ്ട്രീയത്തിന്റെ വക്താക്കളായി മാറി സഭ. ഇക്കഴിഞ്ഞ കുറച്ചു വർഷങ്ങളായി സഭയുടെ രാഷ്ട്രീയ ഇടപെടലിന്റെ ശൈലിയെ മുകളിൽ പറഞ്ഞ രീതിയിൽ ചുരുക്കി പ്രകാശിപ്പിക്കാൻ പറ്റും എന്നാണ് എനിക്കു തോന്നുന്നത്. ഈ നിലപാടിന്റെയും യഥാർത്ഥ ഗുണഭോക്താക്കൾ വലതുപക്ഷരാഷ്ട്രീയമാണ്. കാരണം, നിഷ്പക്ഷരെന്നു പറയുമ്പോൾതന്നെ ഒരു പക്ഷം പിടിച്ചുകഴിഞ്ഞു. അതു വലിയവന്റെ രാഷ്ട്രീയമായിരിക്കും. സാമാന്യജനത്തിന്റെ രാഷ്ട്രീയത്തോടുള്ള ആഭിമുഖ്യം വ്യക്തമായ നിലപാടോടുകൂടി തിരഞ്ഞെടുപ്പിലേ സാധിതമാകൂ.

ഈയൊരു രാഷ്ട്രീയ പശ്ചാത്തലത്തിലാണ് കേരളത്തിലെ ലത്തീൻ കത്തോലിക്കാ സഭാധികാരികൾ സാമുദായിക ശക്തീകരണവും വിലപേശലും പറഞ്ഞുകൊണ്ട്, നിലവിലിരിക്കുന്ന വലതുപക്ഷരാഷ്ട്രീയത്തെ നിശിതമായി വിമർശിക്കുകയും, തങ്ങൾക്ക് അവരോടുള്ള വിയോജിപ്പ് രാഷ്ട്രീയമായിത്തന്നെ പ്രകടമാക്കുമെന്നു പറഞ്ഞുകൊണ്ട് ഒരു ഇടതുപക്ഷ ചായ്‌വ് പ്രകടമാക്കിയതും കഴിഞ്ഞ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ അത് പ്രതിഫലിപ്പിക്കുകയും ചെയ്തത്.

ഈ അന്തരീക്ഷത്തിലാണ് നെയ്യാറ്റിൻകര ലത്തീൻ കത്തോലിക്കാ രൂപതയുടെ ബിഷപ്പ്സ് ഹൗസ് ആക്രമണത്തെ നോക്കിക്കാണേണ്ടത്. സമർത്ഥരായ പോലീസ് ഉദ്യോഗസ്ഥർ ഉണ്ടെങ്കിലും മാഫിയ-അധികാര രാഷ്ട്രീയ ഇടപെടൽ കാരണം നീതി ലഭിക്കുന്നില്ലെന്നു പറഞ്ഞുകൊണ്ട്, നീതിക്കായുള്ള സമരപോരാട്ടങ്ങളിൽ നെയ്യാറ്റിൻകര രൂപത മാത്രമല്ല, കേരളത്തിലെ ലത്തീൻ കത്തോലിക്കാ രൂപതകളാകെത്തന്നെ രംഗത്തുവന്നു. സമരസമിതി കൺവീനർ ഫാ. ക്രിസ്തുദാസ് (വികാരി ജനറൽ) ഞങ്ങൾക്കു രാഷ്ട്രീയമില്ല; യഥാർത്ഥ കുറ്റവാളിയെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിനു വേണ്ടിയുള്ള പോരാട്ടത്തിൽ ഉറച്ചു നില്ക്കുമെന്നു പ്രഖ്യാപിച്ചു. ഏതായാലും സുദീർഘമായ സമരപോരാട്ടത്തിന്റെ ഒരു ഘട്ടത്തിൽ നാടകീയമായിത്തന്നെ ഭരണകൂടം പ്രതികളെ കുറ്റവാളികളായി കണ്ട് അറസ്റ്റു ചെയ്തു. ഇപ്പോഴത്തെ രൂപതയുടെ

പ്രതികരണം, സമരം വിജയിച്ചു എന്ന രീതിയിൽ ദൗത്യം പൂർത്തിയായ മട്ടിലാണ് എന്നു തോന്നുന്നു.

ഇവിടെയാണ് എന്റെ ഭിന്നാഭിപ്രായം. ഈ ബിഷപ്സ് ഹൗസ് ആക്രമണം ഒരു രാഷ്ട്രീയ വിദ്യാഭ്യാസ പ്രക്രിയയായി കാണാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കണമെന്നാണ് എന്റെ സുചിന്തിതമായ അഭിപ്രായം. യഥാർത്ഥ കുറ്റവാളികളെ അറസ്റ്റ് ചെയ്യുക എന്ന തീർത്തും പരിമിതമായ ലക്ഷ്യത്തിനപ്പുറം, ജനങ്ങളിൽ ജനപക്ഷരാഷ്ട്രീയബോധവൽക്കരണവും അതിനനുസരിച്ചുള്ള രാഷ്ട്രീയ തീർപ്പുകളെടുക്കാൻ ജനത്തെ പ്രാപ്തരാക്കുന്ന രീതിയിലുള്ള നിലപാടാണ് സഭാനേതൃത്വം എടുക്കേണ്ടത്. യേശുവിന്റെ സഭ ദരിദ്രരുടെ സഭയാണെന്നുള്ള വ്യക്തതയിൽ, ദരിദ്രരോടൊപ്പമുള്ള രാഷ്ട്രീയ പ്രക്രിയയിൽ സജീവമാവാൻ രൂപതയ്ക്കും സഭയ്ക്കും വീണുകിട്ടിയ ഒരസുലഭ സന്ദർഭമാണിത് എന്നു കണ്ടുകൊണ്ട്, വ്യക്തതയോടെ രാഷ്ട്രീയ ഇടപെടൽ നടത്താൻ ഇന്നു സഭ ബാധ്യസ്ഥമാണ്. ഇടതുപക്ഷ അധികാരരാഷ്ട്രീയത്തിന് അതിന്റേതായ കുറവുകളുണ്ട്, പരിമിതികളുമുണ്ട്; വലതുപക്ഷ അധികാരരാഷ്ട്രീയത്തിനുമുണ്ട് എന്ന അരാഷ്ട്രീയ കാഴ്ചപ്പാട് വെടിഞ്ഞ്, സാമാന്യജനത്തിനു അനുഗുണമായ നയങ്ങളും തീരുമാനങ്ങളും എടുക്കുന്നത്, അധികാര പരിമിതിക്കുള്ളിൽ നിന്നുകൊണ്ട്, ഇടതുപക്ഷമാണെന്നുള്ള രാഷ്ട്രീയ വ്യക്തത സഭാനേതൃത്വത്തിനും സഭാസമൂഹത്തിനും ഉണ്ടാകണം. ബിഷപ്സ് ഹൗസ് ആക്രമിക്കപ്പെട്ടതല്ല യഥാർത്ഥ പ്രശ്നം; പ്രശ്നം ആക്രമണമാണ്, അത് അരമനയായാലും വീടായാലും, ആക്രമിക്കപ്പെട്ടത് കന്യാസ്ത്രീയായാലും ആദിവാസി-ദലിത് സ്ത്രീയായാലും പെൺകുഞ്ഞുങ്ങളായാലും, ആക്രമിക്കപ്പെട്ട സ്ഥലം പള്ളിയും പള്ളിബന്ധസ്ഥലമായാലും പറമ്പിലായാലും നടുറോഡിലായാലും പ്രശ്നം ആക്രമണമാണ്. അവസരവാദരാഷ്ട്രീയത്തിനും പ്രായോഗിക തത്വശാസ്ത്രത്തിനും നേട്ടങ്ങൾ കൊയ്യുന്ന തന്ത്രപരമായ ഇടപെടലിനും സാമുദായിക വിലപേശൽ രാഷ്ട്രീയത്തിനുമപ്പുറം, സാമൂഹ്യാപഗ്രഥനത്തിലധിഷ്ഠിതമായ ഒരു ഇടതുപക്ഷരാഷ്ട്രീയത്തിന്റെ വക്താക്കളായി സഭ തീർപ്പെടുക്കേണ്ടിയിരിക്കുന്നു. ഈയൊരു ചരിത്രബാധ്യത ഏറ്റെടുക്കുക ശ്രമകരമായ ഒന്നാണ്. പക്ഷേ ഇതാണ് നെയ്യാറ്റിൻകര രൂപതയുടെ മുമ്പിലും ലത്തീൻ സമുദായത്തിന്റെ മുമ്പിലുമുള്ള ചരിത്രപരമായ വെല്ലുവിളി.

# 8

# രാഷ്ട്രീയ വ്യക്തതയോടെയുള്ള കാൽവെപ്പ് അനിവാര്യം

ഏതൊരു സമൂഹത്തിലും നേതൃത്വം ഗണ്യമായ പങ്കാണ് വഹിക്കുക. കത്തോലിക്കാസഭയുടെ നേതൃനിരയെ പൊതുവേ പൗരോഹിത്യവൃന്ദമെന്നും വിശേഷിപ്പിക്കാം. ആ ഗണത്തിൽ നിന്നാണ് മെത്രാന്മാരും കർദ്ദിനാളന്മാരും മാർപ്പാപ്പ വരെ ഉണ്ടാവുക; ആദ്യക്രൈസ്തവചരിത്രം ഇതിനൊരു അപവാദമാണെങ്കിലും. 2005 നവംബർ 23, 24 തീയതികളിൽ എറണാകുളം ജില്ലയിൽ ആലുവ കർമ്മലഗിരി സെമിനാരിയുടെ ഒരു വർഷം നീണ്ടുനിന്ന സുവർണ്ണജൂബിലി ആഘോഷത്തിന്റെ സമാപനമായിരുന്നു. ഒരു പൂർവ്വ സെമിനാരി വിദ്യാർത്ഥി എന്ന നിലയിൽ എന്നെയും ക്ഷണിച്ചിരുന്നു. കഴിഞ്ഞ 50 വർഷങ്ങളായി ഏതാണ്ട് 4000 ത്തോളം വൈദികരെ മെനഞ്ഞെടുത്തെന്നും അവരിൽ 2897 പേർക്ക് കത്തയച്ചു ക്ഷണിച്ചെന്നും ഇപ്പോഴത്തെ സെമിനാരി റക്ടറച്ചൻ ഫാ. ജോസഫ് എട്ടുരുത്തിയിൽ ആമുഖത്തിൽ പറയുകയുണ്ടായി. സെമിനാരിയുടെ വികാസ പരിണാമ ചരിത്രം സംക്ഷിപ്തമായി വിവരിച്ചിട്ട്, സെമിനാരിയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച ആദ്യ റക്ടർ ഫാ. ജോൺ ജോസഫ്, തുടർന്ന് അനുഗ്രഹിക്കപ്പെട്ട ഫാ. സഖറിയാസ്, ഫാ. ഔറേലിയൻ, ബിഷപ് വിക്ടർ, ഫാ. മൈക്കൽ ആഞ്ചെലോ, ഫാ. ഡോമിനിക്ക് തുടങ്ങിയ കർമ്മലീത്ത സന്യാസവര്യരെ കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊണ്ടാണ് എല്ലാവരെയും റക്ടറച്ചൻ സ്വാഗതം ചെയ്തത്.

തുടർന്ന് സംഗമത്തിന്റെ സാംഗത്യത്തിന് മാറ്റുകൂട്ടുമാറ്, തിരുവനന്തപുരം അതിരൂപതയുടെ അദ്ധ്യക്ഷൻ ആർച്ച്ബിഷപ് സൂസൈപാക്യം 'ഇടവക അജപാലനമേഖലയിലെ വെല്ലുവിളികളും സാധ്യതകളും' എന്ന വിഷയത്തെ ആസ്പദമാക്കി ആമുഖപ്രഭാഷണം നടത്തി. അദ്ദേഹത്തിന്റെ സംസാരത്തിനുണ്ടായിരുന്ന ഹൃദ്യത, അത് വെറും താത്വികമല്ലായിരുന്നതുകൊണ്ടാണ്. മറിച്ച് തീർത്തും വ്യക്തിഗതവും ആത്മപരിശോധനയ്ക്ക് സഹായകവുമായിരുന്നു.

ആദ്യമായി അനുഭവങ്ങളിലൂടെ മനസ്സിലായ ഒരു സത്യം അദ്ദേഹം ഇങ്ങനെ പറഞ്ഞുവച്ചു: 'അജപാലനജീവിതത്തിലെ ഏറ്റം വലിയ പ്രശ്നം ഞാൻ തന്നെയാണ്. എന്റെ പരിമിതികളും പരാധീനതകളും 11 വർഷത്തെ സെമിനാരിജീവിതം ജനത്തെ അഭിമുഖീകരിക്കാനുള്ള ആർജ്ജവം എനിക്കു പ്രദാനം ചെയ്തില്ല. കാനോൻനിയമങ്ങളും മറ്റു നിയമങ്ങളും കർശനമായി പാലിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു ഞാൻ. എനിക്കല്പം തമിഴ്ചൊവയുണ്ടായിരുന്നതുകൊണ്ട്, ഭാഷ തന്നെ എനിക്കു ഭയമായിരുന്നു. കഴിവതും ഒഴിഞ്ഞുമാറുന്ന ഒരു റിസേർവ്ഡ് ക്യാരക്ടർ. എന്നെത്തന്നെ വിശ്വാസമില്ലായിരുന്ന അവസ്ഥ. പക്ഷേ ഇക്കാരണം കൊണ്ടുതന്നെ ഞാൻ കഠിനാദ്ധ്വാനിയായി മാറി. അവിടെ തീർച്ചയായും കൗദാശികകൃപ കിട്ടി.' അങ്ങനെ കഠിനാദ്ധ്വാനത്തിനു അദ്ദേഹം ആയിത്തീർന്നിരിക്കുന്ന അവസ്ഥയ്ക്ക് വലിയ പങ്കുണ്ട് എന്ന് അസന്ദിഗ്ധമായി പറഞ്ഞുവച്ചു. ഒപ്പം, ദൈവത്തിന്റെ കൃപാവരവും. അങ്ങനെ അജപാലനമേഖലയിൽ നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളിയും സാദ്ധ്യതയും നാം ഓരോരുത്തരുമാണെന്നു അദ്ദേഹം സ്ഥാപിച്ചു.

തുടർന്നു പഴയനിയമത്തിലെ രണ്ടു പ്രവാചകരെ - ജോനാ പ്രവാചകനെയും മോസ്സസ് പ്രവാചകനെയും ഒന്നു പരിചയപ്പെടുത്തി. ജോനായ് ദൈവത്തെ എതിർക്കുന്ന, വിളിക്കുമ്പോൾ മറുവശത്തേക്ക് പോകുന്ന, (നിനിമയിൽ പോകാൻ ദൈവം നിർദ്ദേശിച്ചപ്പോൾ താർസ്സിലേക്കു പോകുന്നു), എല്ലാവരെയും വെറുക്കുന്ന, പ്രശ്നഘട്ടത്തിൽ എല്ലാവരും പ്രാർത്ഥിക്കുമ്പോൾ കിടന്നുറങ്ങുന്ന വ്യക്തിത്വം. മോസസ്സോ, സ്വന്തം ജനതയോടു താദാത്മ്യപ്പെട്ടുകൊണ്ട് സ്വയം അർപ്പിക്കുന്നു. പ്രശ്നങ്ങൾ സങ്കീർണ്ണമാകുമ്പോഴൊക്കെ കൈയുയർത്തി പ്രാർത്ഥിക്കുന്നു. വേദനയും വെല്ലുവിളിയും ഏറ്റെടുക്കുന്നു; അവയുടെ തീവ്രതയിൽ ബുദ്ധിമുട്ടനുഭവിക്കുന്നു. ആർച്ച് ബിഷപ്, മോസസ്സിനെ വൈദികരുടെ മാതൃകയായാണ് അവിടെ ചിത്രീകരിച്ചത്.

രണ്ടു പ്രവാചകരെയും തീർത്തും ഭാഗികമായേ അദ്ദേഹം ചിത്രീകരിച്ചുള്ളു എന്നാണ് എന്റെ ചിന്ത. ദൈവവഴിയിൽ നിന്നും അകലാൻ ശ്രമിച്ച ജോനായെ ദൈവം നിരന്തരം അനുധാവനം ചെയ്യുകയാണ്. അവസാനം അദ്ദേഹം നിനിമയിൽത്തന്നെ പശ്ചാത്താപത്തിന്റെ സുവിശേഷ ദൗത്യം അതിന്റെ എല്ലാ അർത്ഥത്തിലും നിർവ്വഹിക്കുന്നു. മോസസ്സോ, സ്വന്തം ജനതയ്ക്കുവേണ്ടി അർപ്പിച്ചു ധാരാളം പ്രവർത്തിച്ചിട്ടും പ്രാർത്ഥിച്ചിട്ടും, സംശയഗ്രസ്തനാകുന്നു; കാനാൻദേശമെന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ പറ്റുന്നില്ല. നാം പറയാൻ ഉദ്ദേശിക്കുന്ന കാര്യത്തിനു ഉപോദ്ബലകമായി ബൈബിൾ കഥകളെ വളച്ചൊടിക്കാതെയും സദാചാരവൽക്ക

രിക്കാതെയും ആധ്യാത്മീകരിക്കാതെയും അവയെ അതിന്റെ ചരിത്രപശ്ചാത്തലത്തിലും സമഗ്രതയിലും കാണുന്നതായിരിക്കും കൂടുതൽ ജീവദായകം എന്നാണ് എന്റെ ചിന്ത. ഇങ്ങനെ ബൈബിൾ സദാചാരവൽക്കരിക്കുന്നതു കൊണ്ടാണ്, 7 ഉം 9 ഉം വർഷങ്ങൾ തത്വ-ദൈവശാസ്ത്രവും ബൈബിളും മറ്റും പഠിച്ചിട്ടും നമ്മുടെ പ്രസംഗങ്ങൾ കേൾക്കാൻ ജനം കൂടാത്തത്. മറിച്ച് വെളിപാടുകാരുടെ പ്രസംഗം കേൾക്കാൻ ജനം തടിച്ചുകൂടുന്നത്. അതിൽ ഭയപ്പെട്ടിട്ടോ അസ്വസ്ഥരായിട്ടോ കാര്യമില്ല. ദൈവവചനം ജീവിതബന്ധിയല്ലാതെ ആദ്ധ്യാത്മീകരിക്കുന്നിടത്ത് അവയിൽ ആകർഷകത്വം തോന്നുകയില്ല.

അദ്ദേഹം അടിസ്ഥാനക്രൈസ്തവസമൂഹത്തിന്റെ യോഗത്തിൽ പങ്കെടുത്ത തന്റെ അനുഭവം പങ്കുവച്ചു. ഫാ. റൂഫസും ബിഷപ്പും ടി യോഗത്തിൽ പറയാതെ ചെന്നു നിശബ്ദരായി പങ്കെടുത്തപ്പോൾ, ദൈവശാസ്ത്രവും ബൈബിളും ഔപചാരികമായി പഠിച്ച വൈദികഗണത്തേക്കാൾ ഗഹനവും അർത്ഥസമ്പുഷ്ടവുമായി ദൈവവചനം വായിച്ചു പങ്കുവച്ച വെറും സാധാരണ സ്ത്രീകളുടെ വിശുദ്ധിയും വിജ്ഞാനവും അപരിമേയമാണെന്നു കണ്ടു. ഇവർ നമുക്ക് എന്നും ജീവിക്കുന്ന വെല്ലുവിളിയായി നിലകൊള്ളുന്നുവെന്നു അദ്ദേഹം പറയുകയും ചെയ്തു.

ഇന്നു നാം അഭിമുഖീകരിക്കുന്ന മറ്റൊരു വെല്ലുവിളിയും സാധ്യതയും ബഹുമുഖതയാണ്. ഇവിടെ അദ്ദേഹം നിയമാധിഷ്ഠിത കാനോനിക്കൽ സമീപനത്തെപ്പറ്റിയും തീർത്തും വ്യക്തിനിഷ്ഠ സമീപനത്തെപ്പറ്റിയും നിഷേധാത്മകമായി പറഞ്ഞിട്ട് കൂട്ടായ അജപാലനദൗത്യത്തെ ഊന്നിപ്പറഞ്ഞു. പങ്കാളിത്തഘടനയാണ് വേണ്ടതെന്നും പറഞ്ഞു. തുടർന്ന് ഉപഭോക്തൃസംസ്കാരത്തിന്റെ സ്വാധീനമാണ് മറ്റൊരു വെല്ലുവിളിയെന്നും അതിൽ വൈദികഗണം ആണ്ടുപോകുന്നെന്നും എല്ലാ രീതിയിലും ജീവിതലാളിത്യം നമ്മുടെ മുഖമുദ്രയാകണമെന്നും ആർച്ച്ബിഷപ് ഓർമ്മിപ്പിച്ചു. തുടർന്ന് മാധ്യമം നമ്മുടെ മുമ്പിൽ വയ്ക്കുന്ന വെല്ലുവിളികളെയും സാധ്യതയെയുംപറ്റി അദ്ദേഹം പറഞ്ഞുവച്ചു. അവസാനമായി മദ്ധ്യാഹ്നത്തിന്റെ വെളിച്ചമില്ലെങ്കിലും പ്രഭാതവും സന്ധ്യയും കൂടുതൽ സുന്ദരമാണ്, കാരണം, വെളിച്ചം ഇരുട്ടിനെ ചുംബിക്കുന്ന നിമിഷങ്ങളാണവ. അതുപോലെ ഇരുട്ടിനെ ചുംബിക്കുന്ന വെളിച്ചമായി മാറണം നാമെല്ലാം എന്നാഹ്വാനം ചെയ്യുകയും ചെയ്തു.

നല്ലൊരു കൊച്ചു പ്രഭാഷണം. പക്ഷേ ഈയൊരു സമീപനത്തിൽ വളരെ വലിയൊരപകടം ഞാൻ ദർശിക്കുന്നു. പൗരോഹിത്യഗണം അഭിമുഖീകരിക്കുന്ന വെല്ലുവിളികളും സാധ്യതകളും തീർത്തും വ്യക്തിഗതം; സമൂഹത്തിൽ ഊന്നിയ ഒരു സമീപനമോ സാമൂഹ്യാപഗ്രഥനത്തിൽ അടി

സ്ഥാനപ്പെടുത്തിയുള്ള ഒരു രാഷ്ട്രീയവിശകലനമോ ഇവിടെ കാണുന്നതേയില്ല. ബഹുമുഖത, മാധ്യമലോകം, ഉപഭോഗസംസ്കാരവിരുദ്ധത - ഇവയുടെ ഒക്കെ അനന്തസാധ്യതകൾ, സഭയെ, ലോകത്തെത്തന്നെ മാറ്റി മറിക്കാനുള്ള അപാരമായ ശക്തിവിശേഷങ്ങൾ, തുടങ്ങിയവയുടെ സാമൂഹ്യമാനവും വർഗ്ഗസ്വഭാവവും എടുത്തുകാട്ടാൻ ആർച്ച്ബിഷപ് തുനിയുന്നതേയില്ല.

തുടർന്നു പൂർവ്വസെമിനാരി വിദ്യാർത്ഥികളുടെ പങ്കുവെയ്ക്കലിലും കൊല്ലം ബിഷപ് സ്റ്റാൻലി റോമന്റെ ഏകോപനസംസാരത്തിലും നിഴലിച്ചുനിന്നത് ഈ വ്യക്തിഗതവും ആത്മീയവുമായ സമീപനമാണ്. ഇതിന്റെ അപകടം ദൂരവ്യാപകമാണ്. ഇങ്ങനെയുള്ളൊരു അടിസ്ഥാനമനോഭാവം കിടക്കുന്നതുകൊണ്ട്, സമൂഹത്തിന്റെ പ്രശ്നങ്ങളെ അവയുടെ തനിമയിലും അർത്ഥവ്യാപ്തിയിലും കാണാനും വിലയിരുത്താനും സാധിക്കുന്നില്ല.

രണ്ടു ദിവസത്തെ ആഘോഷപരിപാടികളിൽ ഏറ്റം ശ്രദ്ധേയമായ കാര്യം, ആ ദിവസങ്ങളിൽ നടന്ന ആഘോഷമായ സുറിയാനി-ലത്തീൻ സമൂഹബലിയാണ്. യേശു തന്റെ മേലങ്കി ഉരിഞ്ഞുമാറ്റി ശിഷ്യരുടെ പാദങ്ങൾ കഴുകിയിട്ട് പുതിയൊരു സമൂഹസൃഷ്ടിക്കുവേണ്ടി താൻ സ്നേഹിച്ച തന്റെ സുഹൃത്തുക്കൾക്കൊപ്പമിരുന്നുള്ള ആത്മദാനമായിരുന്നു കുർബ്ബാന. അന്ത്യ അത്താഴത്തിലെ ഓരോ സ്പന്ദനത്തിനും സാമൂഹ്യപരതയുണ്ട്: 'ഇതാ എന്റെ ശരീരം, വാങ്ങി ഭക്ഷിക്കുവിൻ; ഇതാ എന്റെ രക്തം, പുതിയൊരു സമൂഹത്തിനായി ചിന്തപ്പെടുന്ന എന്റെ രക്തം.' ആ കർമ്മത്തിൽ വ്യക്തിയെ ഊന്നിയുള്ള ഒന്നുംതന്നെയില്ല; സമൂഹത്തിനായി കൊടുക്കുന്നതിലുള്ള ആത്മീയതയാണവിടെ നിഴലിച്ചുനിൽക്കുന്നത്. നമ്മുടെ ജൂബിലിയാഘോഷത്തിലെ കുർബ്ബാനയോ? ശ്രേണീകൃത, നിർജ്ജീവ ആചാരമായിട്ടാണ് അനുഭവപ്പെട്ടത്. അനുഷ്ഠാനങ്ങൾക്ക് സജീവത നല്കുന്നതിൽ, നല്ലൊരു പങ്ക് അതിൽ ഉപയോഗിക്കുന്ന ഗാനങ്ങൾക്കുണ്ട്. അവിടെയാണ് ഞാൻ പൂർണ്ണമായും നിരാശനായിപ്പോയത്. ദിവ്യബലിയിൽ ഉപയോഗിക്കാൻവേണ്ടിയുള്ള ഗാനങ്ങൾ നേരത്തേതന്നെ തെരഞ്ഞെടുത്തു എല്ലാവർക്കും ഉപയോഗിക്കത്തക്ക രീതിയിൽ വിതരണം ചെയ്യപ്പെട്ടിരുന്നു. അവ നല്ല താളത്തിലും രാഗത്തിലും ഗായകസംഘം പാടി എല്ലാവർക്കും നേതൃത്വവും നൽകി. ശ്രദ്ധേയമായ കാര്യം രണ്ടു ദിവസത്തെ കുർബ്ബാനയിലും പാടാൻ തെരഞ്ഞെടുത്തിരുന്ന ഒരു പാട്ടുപോലും സമൂഹത്തെ സ്പർശിക്കുന്നതായിരുന്നില്ല. സമൂഹത്തിന്റെ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നവയല്ലായിരുന്നു. യഥാർത്ഥ സാമൂഹ്യപ്രശ്നങ്ങളിൽ നിന്നുള്ള ഉൾവലിയലിനു സഹായകമാകുന്ന

വ്യക്ത്യധിഷ്ഠിതവും പരലോകോന്മുഖവുമായ പാട്ടിന്റെ വരികൾ, കുർബ്ബാന എന്ന യാഥാർത്ഥ്യത്തോടുള്ള നമ്മുടെ വികലമായ ദർശനത്തിന്റെ പ്രകാശനമാണ്. ഒന്നുരണ്ടുദാഹരണങ്ങൾ.

ജീവിതഭാരങ്ങൾ ക്ലേശങ്ങളും
ഞങ്ങൾതൻ ആത്മാവിൻ സ്പന്ദനവും
സന്തോഷചിത്തരായ് കാഴ്ചയേകാൻ
ശാശ്വതമാം ശാന്തി നീ ചൊരിയൂ ...

വീണ്ടും,

നാവിനു നൽപും പുതുമധുരവും
നാഥാ നീയല്ലാതെ വേറെയില്ല

ഇങ്ങനെ എല്ലാ പാട്ടിലും നിറഞ്ഞുനിൽക്കുന്നത് വ്യക്ത്യധിഷ്ഠിത ഭക്തിയും അർപ്പണവുമാണ്. മാത്രമല്ല, ഈ അർപ്പണത്തിന്റെ കേന്ദ്രബിന്ദു ദൈവമാണ്, മനുഷ്യരല്ല; തന്റെ സഹജീവികളല്ല, സമൂഹജീവികളുമല്ല. അതായത് ഇവിടെ പരാങ്മുഖത, അപരനായുള്ള അർപ്പണം തുടങ്ങിയവ വാക്കിൽപോലും വരുന്നില്ല.

ഈ രീതിയിലുള്ള ഗാനങ്ങളിൽ വലിയൊരു കാപട്യം, അപകടം ഒളിഞ്ഞിരിപ്പുണ്ട്. ഗാനം മനുഷ്യന്റെ മനസ്സിനെയും ഉൾത്തടങ്ങളെയും തലോടുന്നു, സ്വാധീനിക്കുന്നു. ഈ തരത്തിലുള്ള ഗാനങ്ങൾ തല്ഫലമായി നമ്മിലൊരു മന്ദത, ഒരു നിസംഗത, ഒരു പാസ്സീവ്നെസ് സൃഷ്ടിക്കുന്നു. കുർബ്ബാനയുടെ മാറ്റത്തിന്റെ മാനം തകർക്കുന്നു, അതിലെ വിപ്ലവത്തിന്റെ മുന ഒടിക്കുന്നു. അതിനെ ഒരു വ്യക്തിഗത ഭക്തകൃത്യമായി തരംതാഴ്ത്തുന്നു. കൂട്ടായിട്ടാണ് നാം കുർബ്ബാന അർപ്പിക്കുന്നതെങ്കിലും അതിന്റെ പരിണതഫലങ്ങളോ തീർത്തും വ്യക്തിഗതമായൊരു ആത്മീയാനുഭൂതി. ഇത് കുർബ്ബാനയുടെ യഥാർത്ഥ അന്തഃസത്തയെ നശിപ്പിക്കുന്നു. ആദ്യക്രൈസ്തവസഭയിലെ അപ്പംമുറിക്കൽ ശുശ്രൂഷ, യേശുവിനു ജീവിക്കുന്ന സാക്ഷ്യം നൽകാൻ, പുതിയൊരു സ്നേഹസമൂഹസൃഷ്ടിക്ക് ഉപാധിയാകാൻ, രക്തസാക്ഷിത്വം വരിക്കാൻ പ്രേരകശക്തിയായിരുന്നു. ദൈവരാജ്യസാക്ഷാത്കാരത്തിനുള്ള വലിച്ചെറിയലിന്റെ പ്രതീകമായിരുന്നു കുർബ്ബാന. ഇവിടെ നടന്ന കുർബ്ബാന ആത്മീയാനുഭൂതിയ്ക്കപ്പുറം ഒന്നും തന്നെയല്ലായിരുന്നു എന്നു വേദനയോടെ സ്മരിക്കട്ടെ. അതുകൊണ്ടുതന്നെയാണ് കഴിഞ്ഞ 50 വർഷം കൊണ്ട് 4000 ത്തിലേറെ വൈദികരെമെനഞ്ഞെടുത്തു അയച്ചെങ്കിലും, സമൂഹത്തെ മാറ്റിമറിക്കുന്ന ഒരു തിരുത്തൽശക്തിയായിട്ടു പ്രവാചകസ്വരത്തോടെ ഞങ്ങൾക്കു നീങ്ങാൻ സാധിക്കാത്തത്. സംഭവിച്ചതോ, ഒരു തിരുത്തൽശക്തി ആകേണ്ടിടത്ത്,

ഇന്നത്തെ അവസ്ഥയെ അരക്കിട്ടുറപ്പിക്കുന്ന ദൗത്യനിർവ്വഹണത്തിൽ വ്യാപൃതരായിരിക്കുക പുരോഹിതരുടെ മുഖ്യജോലിയായി മാറി. ഇതിനെ തിരെയുള്ള വെല്ലുവിളിയാണ് പുരോഹിതവൃന്ദം ഇന്നു ഏറ്റുപിടിക്കേണ്ടത്. വലിയ സാധ്യതകൾ നിറഞ്ഞുനിൽക്കുന്ന, പുതിയൊരാകാശവും പുതിയൊരു ഭൂമിയും സാക്ഷാത്ക്കരിക്കുന്ന, എല്ലാവർക്കും നീതിയും സത്യവും സ്നേഹവും ചരിത്രപരമായിത്തന്നെ ലഭ്യമാക്കുന്ന ജനപക്ഷ ഇടപെടലുകളുടെ അനന്തചക്രവാളമാണ് നമ്മുടെ മുമ്പിൽ നിരന്നുകിടക്കുന്നത്. ഈ സാദ്ധ്യതകളുടെ ലോകത്തിലേയ്ക്ക് രാഷ്ട്രീയവ്യക്തതയോടെ കാലുവെക്കാൻ തയ്യാറാകുന്നിടത്താണ് ഈ ജൂബിലിയാഘോഷം അർത്ഥവത്താവുക. പൗരോഹിത്യത്തിന്റെ പ്രവാചകദൗത്യം ചരിത്രത്തിൽ പ്രാവർത്തികമാക്കുക, കുർബ്ബാനയുടെ വിപ്ലവമാനം യാഥാർത്ഥ്യമാവുക.

9

# രണ്ടാം വത്തിക്കാൻ കൗൺസിൽ

## ജനോന്മുഖം

കഴിഞ്ഞ നൂറ്റാണ്ടിലെ രണ്ടു മഹാത്ഭുതങ്ങളായിട്ടാണ് രണ്ടാം വത്തിക്കാൻ കൗൺസിലിനെയും മാധ്യമസാങ്കേതികവിദ്യയുടെ സ്വാധീനത്തെയും ഞാൻ കാണുന്നത്. മാധ്യമസാങ്കേതികവിദ്യയുടെ അത്ഭുതകരമായ വിസ്ഫോടനത്തെപ്പറ്റി ഇവിടെ പറയുന്നില്ല.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഫലമായുള്ള വിസ്ഫോടനത്തെ പരാമർശിക്കുമ്പോൾ സഭയെ ചരിത്രപരമായി നോക്കിക്കാണേണ്ടതുണ്ട്. ഇവിടെ സഭയുടെ ദൈവവിജ്ഞാനീയവും പ്രയോഗികവുമായ മാതൃകകളെ (Theological and Practical models) സ്പർശിച്ചു പോകേണ്ടിയിരിക്കുന്നു.

A. സഭയ്ക്ക് കുറഞ്ഞത് അഞ്ചുതരം ദൈവവിജ്ഞാനീയ മാതൃകകൾ (models) കാണാം.

1. സ്ഥാപന(Institutional) മാതൃക

ഇതു സഭയുടെ തത്വസംഹിതകളെപ്പറ്റി അറിവു പകരുന്നു. നിയമാധിഷ്ഠിതമായി നീങ്ങുന്നു.

2. മൗതികമായ കൂട്ടായ്മ (Mystical Communion) യുടെ മാതൃക

ഇതു ദൈവവുമായുള്ള ബന്ധത്തിനു ഊന്നൽ നൽകുന്നു.

3. കൗദാശിക (Sacramental) മാതൃക

ദൈവത്തിനു മനുഷ്യരുമായുള്ള ബന്ധം അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും വെളിപ്പെടുന്നു.

4. പ്രഖ്യാപിത (Herald) മാതൃക

അധീശസ്വഭാവത്തോടുള്ള ശൈലി സ്വീകരിച്ചു രക്ഷ പ്രാപിക്കപ്പെടുന്നു.

5. ദാസ (Servant)മാതൃക

മനുഷ്യസമൂഹത്തെ ശുശ്രൂഷിക്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഈ മാതൃകയ്ക്കാണ് മുൻതൂക്കം നൽകുന്നത്.

B. സഭയ്ക്ക് മൂന്നുതരം പ്രായോഗിക മാതൃകകളും ദർശിക്കാം.

1. ആദിമസഭ - യേശുവിലുള്ള വിശ്വാസം അവർ ജീവിതത്തിൽ തർജ്ജുമ ചെയ്തു. അവരുടെയിടയിൽ മുട്ടുപാടുകൾ ഉള്ളവർ ഇല്ലായിരുന്നു., ഉള്ളതെല്ലാം അവർ പങ്കുവെച്ചിരുന്നു; കൂട്ടായ്മ യുടെയും സ്നേഹത്തിന്റെയും അനുഭവം. ക്രിസ്തുവിനെ പ്രഘോഷിക്കുന്നതും സ്നേഹസമൂഹത്തിന്റെ ആഘോഷവും ഒന്നുതന്നെയായിരുന്നു അവർക്ക്.
2. സ്ഥാപിതസഭ - ആചാരാനുഷ്ഠാനങ്ങളിലും ഭക്തകൃത്യങ്ങളിലും കാനോൻനിയമസംഹിതകളിലും കേന്ദ്രീകരിച്ചു ജ്ഞാനസ്നാ നത്തിലൂടെ സ്ഥിരീകരിക്കുന്ന സമൂഹം.
3. ലോകോന്മുഖസഭ - ലോകവുമായി അഭേദ്യമാംവിധം ബന്ധ പ്പെട്ടുകൊണ്ടുള്ളത്. ഈ ബന്ധത്തിന്റെ അടിസ്ഥാനം തുറന്ന സംവാദം (dialogue) ആണ്.

രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇതിനു പ്രാമുഖ്യം നൽകു ന്നു.

C. ഭാരതീയസഭയെപ്പറ്റി ചിന്തിക്കുമ്പോൾ:

തോമാശ്ലീഹായുടെ പാരമ്പര്യം പറയാമെങ്കിലും, ആദിമസഭയുടെ കാര്യമായ സ്വാധീനമുണ്ടായിട്ടില്ല. കോളനിവാഴ്ചക്കാലത്തു സ്ഥാപിത സഭയെ ഇവിടെ പറിച്ചുനടുക (Transplanting the institutional model) യാണുണ്ടായത്. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഈ സമീപനത്തെ തകിടംമറിച്ചുകൊണ്ട് സഭയെ ലോകബന്ധിതമാക്കുന്നു. ഈ വ്യതിയാനം പല മുഖങ്ങളിലൂടെ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമുഖരേ ഖകളിൽ കാണാം. ഇതിനെ ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പാ വിശേഷിപ്പിക്കുന്നത് മനുഷ്യബന്ധങ്ങളുടെ പുതിയ ഒരു തലമായിട്ടാണ്. ഇവിടെ ഇന്നത്തെ സ്ത്രീയും പുരുഷനും വിശ്വാസത്തെ പ്രസക്തമായ രീതിയിൽ പുനർവ്യാഖ്യാനം ചെയ്തു മനസ്സിലാക്കുന്നു. ഒരു പുതിയ പെന്തക്കോസ്തയുടെ പ്രഭാവമാണിവിടെ ദർശിക്കുക. പഠിപ്പിക്കുന്ന സഭ (Instructing Church)യിൽ നിന്നു സംവദിക്കുന്ന സഭ(Communicating Church)യായി മാറുന്നു. ഈ പരിപ്രേക്ഷ്യവ്യത്യാസം സഭയോടുള്ള സമീ പനത്തെ മുഴുവൻ പിടിച്ചുകുലുക്കണം.

D. സഭയുടെ സാർവ്വത്രികത, ദൈവവെളിപാട്, മിഷനറിസ്വഭാവം, ആരാ ധനാക്രമം എന്നീ നാലു കോണുക(angles)ളിൽ നിന്നു ഇതിനെ നോക്കി

ക്കാണാം. രണ്ടാം വത്തിക്കാൻ സൂനഹദോസിനു മുൻപും പിൻപും ഇവയ്ക്കുള്ള സവിശേഷ ലക്ഷ്യങ്ങളിൽ ചിലതിലേക്കു കൂടി വിരൽ ചൂണ്ടട്ടെ.

| രണ്ടാം വത്തിക്കാൻ സൂനഹദോസിനു മുൻപ് | രണ്ടാം വത്തിക്കാൻ സൂനഹദോസിനു പിൻപ് |
|---|---|
| **സഭയുടെ സാർവ്വത്രികത** | |
| - റോമാനിറ്റിയിൽ ഊന്നൽ | - സാർവ്വത്രിക കൂട്ടായ്മ |
| - ലാറ്റിൻ ഭാഷയിൽ മാത്രം ശ്രദ്ധ | - ലോകത്തിൽ സഭയുടെ സാന്നിദ്ധ്യം |
| - വിശ്വാസസത്യങ്ങളിലും വിശ്വാസസംഹിതയിലും കാനോൻനിയമസഞ്ചയത്തിലും ശ്രദ്ധ കേന്ദ്രീകരിക്കൽ | - പ്രാദേശിക സഭകൾക്കും ഭാഷകൾക്കും ഊന്നൽ. ലോകത്തോടു ഉത്തരവാദിത്വമുള്ള സഭാജനത്തിന്റെ സമീപനം. |
| **സഭയുടെ വെളിപാട്** | |
| - വിശ്വാസസംഹിതയോടുള്ള ഏറ്റുപറച്ചിലിൽ വിശ്വാസം. | - സ്വയം വെളിപ്പെടുത്തുന്ന ദൈവത്തോടുള്ള വിശ്വാസം. |
| - വിശ്വാസസത്യങ്ങളുടെ നിർവ്വചനവും കൃത്യമായ വിശ്വാസപ്രഖ്യാപനവും | - ഈശ്വരാനുഭവത്തിൽ ഊന്നൽ. |
| **മിഷനറി സ്വഭാവം** | |
| - തെറ്റുകൾ തിരുത്തുന്ന, ശരി പഠിപ്പിക്കുന്ന സമീപനം | - ലോകത്തോടു സംവദിക്കുന്ന സമീപനം |
| | - തെറ്റ് ഏറ്റുപറയുന്ന മനോഭാവം |
| - പഠിപ്പിക്കലിൽ അപ്രമാദിത്തം | - തുറന്ന മനോഭാവത്തോടെയുള്ള പങ്കുവെക്കൽ |
| **ആരാധനാക്രമം** | |
| - ജനത്തെ അഭിമുഖീകരിക്കാത്തത് | - ജനത്തെ അഭിമുഖീകരിക്കുന്നത്. |
| - ദൈവബന്ധിയായി മാത്രം പ്രവർത്തിക്കുന്നു, മാധ്യസ്ഥം വഴി. | - ദൈവവും ജനവും തമ്മിലുള്ള ബന്ധം ബഹിർസ്ഫുരിക്കത്തക്കവിധം എല്ലാവരും ഒത്തുചേർന്നു ദൈവത്തെ കണ്ടെത്തുന്നു. |

മേല്പറഞ്ഞ വസ്തുതകളിൽ നിന്നു ജനത്തിൽ ഊന്നിയുള്ള ഒരു സമീപനമാണ് രണ്ടാം വത്തിക്കാൻ സൂനഹദോസിനുണ്ടായിരുന്നതെന്നു കാണാം. പക്ഷേ ഇന്നു സഭ എങ്ങോട്ട്? രണ്ടാം വത്തിക്കാൻ തുടങ്ങിവച്ചിടത്തുനിന്ന് മുന്നോട്ടു പോകുന്നതിനു പകരം, വീണ്ടും കൂടുതൽ അധികാരകേന്ദ്രീകരണത്തിലേക്കും മൂലധനസ്വരൂപിക്കലിലേക്കും ആചാരാനുഷ്ഠാന ഊന്നലിലേക്കുമുള്ള പാതയിലൂടെയാണ് സഭ ഇന്നു നടന്നുനീങ്ങുന്നത്. എങ്ങനെയാണോ അന്തർദ്ദേശീയ കുത്തകകൾ ആഗോളസമ്പത്ത്വ്യവസ്ഥയെ നിശബ്ദമായി, പക്ഷേ കാര്യക്ഷമമായും ആഴത്തിലും നിയന്ത്രിക്കുന്നുവോ, അതുപോലെ ഇന്നു സഭയുടെ കേന്ദ്രീകരണനിയന്ത്രണത്തിന്റെ നീക്കം തീർത്തും തന്ത്രപരവും ആസൂത്രിതവുമാണെന്നു മാത്രം. അതുകൊണ്ടുതന്നെ സഭയുടെ ജനകീയമുഖം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു, സഭ തന്നെ അപ്രസക്തമാകുന്നു.

# 10

# ഇടവക ഒരു ജനകീയ മുന്നേറ്റം

ക്രൈസ്തവ സഭാ കൂട്ടായ്മകളായ ഇടവകകൾ ഒരു പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ്. കാലത്തിന്റെ കുതിച്ചുചാട്ടത്തിൽ ഇടവകയുടെ രൂപത്തിലും ഭാവത്തിലും മാറ്റങ്ങൾ വരേണ്ടതല്ലേ? ഇടവക, കാനോൻ നിയമ*ത്തിന്റെ അതിർവരമ്പുകൾക്കുള്ളിൽ തളച്ചിട്ട ഭരണക്രമീകരണം മാത്രമാണോ, അതോ ദൈവജനത്തിന്റെ പ്രാദേശിക ആവിഷ്കാരമാണോ?

വിശ്വാസത്തെ ജനമുന്നേറ്റത്തിന്റെ പശ്ചാത്തലത്തിൽ വീക്ഷിക്കുവാനാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. ഈജിപ്തിൽ നിന്നുള്ള പുറപ്പാടിലാരംഭിച്ച ആ ജനമുന്നേറ്റമാണ് ക്രിസ്തു സംഘവൽക്കരിച്ച സഭയിൽ പൂർണ്ണത പ്രാപിച്ചത്. ഈ ജനമുന്നേറ്റത്തിന്റെ പശ്ചാത്തലത്തിലാണ് ഇടവകയും ജനകീയപോരാട്ടങ്ങളും തമ്മിലുള്ള ബന്ധം അപഗ്രഥനം ചെയ്യേണ്ടത്.

വേദപുസ്തകാടിസ്ഥാനത്തിൽ ആദ്യകാലസഭയുടെ സ്വഭാവം കണ്ടെത്താൻ കഴിയുന്നത് അതിലുണ്ടായിരുന്ന ജനകീയപ്രസ്ഥാനത്തിന്റെ ഗുണവിശേഷങ്ങളിലൂടെയാണ്. അതുകൊണ്ടുതന്നെ അതിന് സ്ഥാപനോന്മുഖതയും, അധികാരകേന്ദ്രീകരണവും ഇല്ലായിരുന്നു. അപ്പം മുറിക്കുന്നതിലും, പ്രബോധനം ഉൾക്കൊള്ളുന്നതിലും കൂടിയുള്ള ഒരു കൂട്ടായ്മയ്ക്കുവേണ്ടി വീടുകളിൽ ഒരുമിച്ചുകൂടി വന്നിരുന്ന വിശ്വാസികളുടെ കൂട്ടമായിരുന്നു ആദിമസഭ. തങ്ങൾക്കുള്ളതെല്ലാം പൊതുസ്വത്തെന്നു കണക്കാക്കി ആവശ്യാധിഷ്ഠിതമായി പങ്കിട്ടനുഭവിച്ച ഒരു സമൂഹമായിരുന്നു അത്. പിന്തള്ളപ്പെട്ടു കിടന്നിരുന്നവരുടെ കൂടിവരവും ഉയിർത്തെഴുന്നേല്പുമായിരുന്നു അത്. അപ്പോസ്തല പ്രവർത്തനത്തിൽ പറയു

---

*കാനോൻ നിയമം** - കാനോൻ ഗ്രീക്ക് പദം. ചട്ടം എന്നാണർത്ഥം. സൂനഹദോസുകളുടെ തീരുമാനങ്ങളും സഭാപാരമ്പര്യങ്ങളും ചട്ടങ്ങളും ക്രോഡീകരിക്കുന്ന ഭരണഘടനാപരമായ കൃതികൾ. കത്തോലിക്കാസഭയുടെ ഏകോപിച്ചുള്ള നിയമങ്ങൾക്കെല്ലാമായുള്ള ഔദ്യോഗിക നാമം 'കാനോൻ നിയമം' എന്നാണ്.

ന്നതു പോലെ ഭൂലോകത്തെ കീഴ്മേൽ മറിക്കുന്നവരുടെ ഒരു സമൂഹം. നിയമസാധുത്വം ഇല്ലാത്തതിനാൽ, കൂട്ടായ്മ ആചരിക്കുന്നതിനു വേണ്ടി ആദിമസഭകൾ ഗുഹകളിലും ശവപ്പറമ്പുകളിലും രാത്രികാലങ്ങളിൽ പോലും കൂടിയിരുന്നു. സമൂഹത്തിലെ പീഡനമനുഭവിച്ചവരുടെ ഒന്നിച്ചുകൂടൽ അന്നത്തെ സമൂഹത്തിലെ അനീതികളോടുള്ള പ്രവാചകീയമായ ചെറുത്തുനില്പും ഭരണവർഗ്ഗവിഭാഗങ്ങൾക്ക് നിരന്തരം ഒരു ഭീഷണിയായി മാറി. അതുകൊണ്ടുതന്നെ അതിനെ അടിച്ചമർത്താനുള്ള കരുനീക്കങ്ങളുമുണ്ടായി. ഇത്തരം അടിച്ചമർത്തലുകൾ കൊണ്ടും പീഡനങ്ങൾ കൊണ്ടും തളരാതെ മുന്നേറിയ ആദ്യകാലസഭയുടെ ജനകീയമുന്നേറ്റമാണ് എക്കാലത്തും സഭയ്ക്കു മാതൃകയായി നിലകൊള്ളേണ്ടത്.

കാലാന്തരത്തിൽ സഭ സാമ്രാജ്യത്വത്തിന്റെ ഭാഗമായി. പ്രഭുക്കന്മാരും രാജാക്കന്മാരും വിശ്വാസം സ്വീകരിച്ചതോടെ സഭയുടെ ജനകീയസ്വഭാവം നഷ്ടപ്പെട്ടു. ഫ്യൂഡൽ സാമൂഹ്യഘടനയുടെ സ്വഭാവവിശേഷങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അധികാരകേന്ദ്രീകൃതവും ശ്രേണീകൃതവുമായ ഘടനകൾ രൂപംകൊണ്ടു. പ്രാദേശികസഭകളായ ജനകീയ സമൂഹങ്ങൾക്ക് പകരം വിപുലമായ ഒരു ഭരണക്രമത്തിന്റെ ഭാഗമായ ഇടവകകൾ രൂപംപ്രാപിച്ചു. അപ്രകാരം രൂപംകൊണ്ട ഇടവകകൾക്ക് ജനകീയത നഷ്ടപ്പെട്ടുവെന്നു മാത്രമല്ല, ഉപരിവർഗ്ഗത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന സാമുഹ്യസംവിധാനമായി മാറുകയും ചെയ്തു. നല്ലൊരു വിഭാഗം വിശ്വാസികൾക്ക്, ജ്ഞാനസ്നാനം, വിവാഹം, മൃതസംസ്കാരം എന്നീ ചടങ്ങുകളും ഞായറാഴ്ച കുർബ്ബാനയും തിരുന്നാളാഘോഷങ്ങളുമായി ബന്ധപ്പെട്ട ഒരു സാമൂഹ്യ സാമുദായിക ഘടനയാണ് ഇടവക. ഔദ്യോഗികസഭയ്ക്ക് ഇടവകകൾ ഭരണക്രമീകരണത്തിനുള്ള സൗകര്യപ്രദമായ വിഭജനങ്ങൾ മാത്രമാണ്.

ഒരു ജനസമൂഹത്തിന്റെ സുഖദുഃഖങ്ങളിൽ അലിഞ്ഞുചേരുന്ന, ദൈവപുത്രന്റെ മനുഷ്യാവതാരം വഴി സാദ്ധ്യമായ മനുഷ്യമോചനം ആ ജനസമൂഹത്തിനു അനുഭവവേദ്യമാകുന്ന ഒരു കൂട്ടായ്മയായി ഇടവകയെ നാം കാണണം. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ഒരു ജനസമൂഹം ക്രിസ്തുവിലൂടെ ദൈവവുമായും തങ്ങൾ തമ്മിലും രമ്യപ്പെട്ട് (2 കൊരി. 5: 18-19) ഒരു പുതിയ സമൂഹമായി (പുതിയ സൃഷ്ടി) രൂപം കൊള്ളുന്നതാണ് പ്രാദേശികസഭ. ആ സഭ ക്രിസ്തുവിന്റെ സാന്നിദ്ധ്യം സ്നേഹത്തിന്റെ കൂട്ടായ്മയിലൂടെയും പങ്കുവെയ്ക്കലിലൂടെയും അനുഭവിക്കുകയും എല്ലാവർക്കും പകർന്നുകൊടുക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഒരു ജനകീയമുന്നേറ്റത്തിന്റെ എല്ലാ സ്വഭാവവും പ്രാദേശികസഭയ്ക്കുണ്ടാകണം. ഇന്നു നിലവിലുള്ള ഇടവകസംവിധാനത്തിൽ മൗലി

കമായ പരിവർത്തനം വന്നാൽ മാത്രമേ ഇപ്രകാരമുള്ള ക്രിസ്തീയാവിഷ്കാരം സാദ്ധ്യമാകൂ. ഇതു സാദ്ധ്യമാക്കുവാനുള്ള പ്രായോഗികമാർഗ്ഗങ്ങൾ നാം എത്രയും വേഗം ആരായേണ്ടതാണ്.

ജനകീയപ്രസ്ഥാനങ്ങൾക്ക് പ്രസക്തിയേറിവരുന്ന ഈ കാലയളവിൽ നമ്മുടെ ഇടവകകൾ ജനകീയപ്രസ്ഥാനങ്ങളെ ആഴമായി പഠിക്കുകയും ജനങ്ങളുടെ മോചനത്തിനായുള്ള പ്രസ്ഥാനങ്ങളുമായി നാം ക്രിയാത്മകമായി സഹകരിക്കുകയും ചെയ്യണം. കോളേജും പള്ളിയും സംരക്ഷിച്ചുകൊണ്ടുള്ള സമരങ്ങൾ നടത്തിയിട്ടുള്ള നമ്മുടെ ഇടവകകൾ എപ്പോഴെങ്കിലും സാമൂഹ്യനീതിക്കുവേണ്ടിയുള്ള ഏതെങ്കിലും സമരം നടത്തിയിട്ടുണ്ടോ? മറിച്ച് എത്രയെത്ര ജനകീയപ്രസ്ഥാനങ്ങളെ ഔദ്യോഗികസഭയും രൂപത-ഇടവക സംവിധാനവും ജീവനോടെ കുഴിച്ചുമൂടിയിട്ടുണ്ട് - വിധേയത്വത്തിന്റെ പേരിൽ, വിശ്വാസത്തിന്റെ പേരിൽ.

മത്സ്യത്തൊഴിലാളികളും കർഷകത്തൊഴിലാളികളും അവശക്രൈസ്തവരും സംഘടിക്കുന്നതും അവരുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി സമരരംഗത്ത് ഇറങ്ങുന്നതും ഔദ്യോഗികസഭയ്ക്ക് അത്ര ഇഷ്ടമുള്ള കാര്യമാണെന്നു തോന്നുന്നില്ല. അഥവാ ഇനി സംഘടിപ്പിച്ചാൽത്തന്നെ എപ്പോഴും അധികാരസ്ഥാനങ്ങളോടു വിധേയത്വമുള്ളവരുടെ കൊടിക്കീഴിലായിരിക്കണമെന്നു നിർബന്ധവുമുണ്ട്. ജനങ്ങൾക്ക് അധികാരം കൊടുക്കുന്ന ഒരു പ്രവർത്തനശൈലിയോടു വലിയ എതിർപ്പാണ് പൊതുവേ കണ്ടുവരുന്നത്.. ഒരു ജനകീയമുന്നേറ്റത്തിൽ തീരുമാനങ്ങൾ എടുക്കുവാനുള്ള അധികാരം ജനങ്ങൾക്കാണ്. വൈദികമേധാവിത്വത്തിന്റെ കൽമതിലുകൾക്കപ്പുറത്ത് ജനങ്ങൾ പ്രശ്നങ്ങളെ വിലയിരുത്തുകയും ഉത്തരം കണ്ടെത്തുകയും ചെയ്യുന്ന ഒരു സമീപനമാണ് നമുക്കിന്ന് ആവശ്യം. നമ്മുടെ ജനങ്ങൾ വളർന്നിട്ടില്ല എന്നാണ് ചിലരുടെ പക്ഷം. തീരുമാനങ്ങൾ എടുക്കുവാനും പ്രവർത്തിക്കുവാനുമുള്ള സ്വാതന്ത്ര്യം നൽകുമ്പോഴാണ് ഒരു ജനസമൂഹം വളരുന്നത്.

നമ്മുടെ ജനം ഉണർന്നെഴുന്നേൽപ്പിന്റെ വഴിയിലാണ്. വെളിച്ചം ദുഃഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം എന്നു പറഞ്ഞു നിരുത്തരവാദത്തിന്റെയും നിഷ്ക്രിയമായ വിധേയത്വത്തിന്റെയും ഇരുട്ടറകളിലേക്ക് അവരെ തള്ളിവിടരുത്. കേരളക്രൈസ്തവസഭയിൽ രൂപംകൊള്ളുന്ന പുതിയ ജനകീയപ്രസ്ഥാനങ്ങളെ സഭയ്ക്ക് ഒരു പുതിയ രൂപം നൽകുവാനുള്ള ശ്രമമായി കാണുകയും അർത്ഥപൂർണ്ണമായ പുതിയ പ്രേക്ഷിതമേഖലകൾ എന്ന നിലയിൽ പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. ഈ രീതിയിൽ മാത്രമേ സഭയുടെ ജനകീയത ഒരു പരിധിവരെയെങ്കിലും വീണ്ടെടുക്കുവാൻ കഴിയൂ.

# 11

## സഭ ദരിദ്രർക്കു വേണ്ടിയുള്ളതല്ല, ദരിദ്രരുടേതുതന്നെ ആകണം

റോമൻ ചക്രവർത്തിയായ കോൺസ്റ്റന്റൈൻ 312 എ. ഡി. യിൽ ക്രിസ്തുമതം സ്വീകരിച്ചതോടെ നാളതുവരെ ചരിത്രത്തിൽ സാക്ഷ്യം നൽകിയിരുന്ന ദരിദ്രരുടെ സഭയോടു, ഔദ്യോഗികസഭ നിത്യമായി വിട പറയുകയുണ്ടായി. അന്നുവരെ നിലവിലിരുന്നതും വൻ പ്രത്യാശകളോടെ സ്ഥാപിച്ചതുമായ ദരിദ്രരുടെ സഭ(Church OF the Poor)യെ കോൺസ്റ്റന്റൈൻ ചക്രവർത്തി കഠിനമായി പീഡിപ്പിച്ചു; അതിനെ ഉന്മൂലനം ചെയ്യാൻ പഠിച്ചപണിയൊക്കെ നടത്തി. രക്തസാക്ഷികളുടെ എണ്ണം കൂടി; യേശുവിശ്വാസികളുടെ ദൃഢത വർദ്ധിച്ചു. ഓരോ തുള്ളി ചോരയിൽ നിന്നും ഒരായിരം പേർ ഉയിർക്കും എന്നു പറയുന്നതു പോലെ, ചക്രവർത്തിയുടെ പീഡനം കൂടുന്തോറും യേശുഅനുയായികളുടെ എണ്ണവും ഗുണവും വർദ്ധിച്ചു. റോമൻ ചക്രവർത്തി അത്ര നിസ്സാരനല്ലായിരുന്നു; വളരെ വലിയൊരു നയതന്ത്രജ്ഞനും രാഷ്ട്രീയ പോരാളിയുമായിരുന്നു. അദ്ദേഹത്തിനു വ്യക്തമായ ലക്ഷ്യമുണ്ടായിരുന്നു. യേശുവിശ്വാസികളുടെ ശക്തിയും ഊർജ്ജവും നിശ്ചയദാർഢ്യവും കുറയ്ക്കുക, അതിലൂടെ സഭാ അനുയായികളെ തന്റെ ചൊൽപ്പടിയിൽ കൊണ്ടുവരിക, അതിനായി അദ്ദേഹം ഉപയോഗിച്ചുകൊണ്ടിരുന്ന ശക്തിയുടെ, സംഘട്ടനത്തിന്റെ മാർഗ്ഗം തന്ത്രപരമായി ഉപേക്ഷിച്ചിട്ട്, സഭയെ ഒരു രാഷ്ട്രീയ പരീക്ഷണത്തിനു വിധേയമാക്കി.

എന്താണീ പരീക്ഷണം? കോൺസ്റ്റന്റൈൻ ചക്രവർത്തി തന്നെ ക്രൈസ്തവമതം സ്വീകരിക്കുന്നു. യേശുവിലുള്ള വിശ്വാസത്തെപ്രതിയുള്ള പീഡനം ഇല്ലാതാക്കി; അവർക്ക് ഒന്നിച്ചു കൂടാനും പ്രാർത്ഥിക്കാനും അപ്പം പങ്കുവെയ്ക്കാനും ഗുഹകളിലും ഭൂമിയുടെ അടിത്തട്ടിലും മറ്റും പോകേണ്ടിയിരുന്ന അവസ്ഥ മാറ്റി. വസ്തുവകകളും കെട്ടിടങ്ങളും ചക്രവർത്തി തന്നെ അവർക്ക് ദാനം നല്കി. ചക്രവർത്തി ക്രിസ്ത്യാനിയായതോടെ അന്നു റോമിലുണ്ടായിരുന്ന നിയമമനുസരിച്ച് റോമാസാ

മ്രാജ്യം മുഴുവൻ തന്നെ ക്രിസ്ത്യാനിയായി. കാരണം ചക്രവർത്തിയുടെ മതം ജനങ്ങളുടെ മതം – ഇതായിരുന്നു നിയമം. ഈ നിയമത്തെ ലംഘിച്ചതിനാലാണ് ചക്രവർത്തിയുടെ ക്രൈസ്തവവൽക്കരണത്തിനു മുമ്പു വരെ യേശുവിൽ വിശ്വസിച്ചവരെ ചക്രവർത്തി പീഡിപ്പിച്ചതും ക്രൂരമാം വിധം രക്തസാക്ഷിത്വത്തിനു ഇരയാക്കിയതും. അങ്ങനെ തീർത്തും ഒരു രാഷ്ട്രീയ ഇടപെടലാണ് അവിടെ നടന്നത്. അതിനെ കാലത്തിന്റെ ഒഴുക്കിൽ ആദ്ധ്യാത്മീകരിച്ചു. അതിനു സഹായകമാകുന്ന ഒരു കഥയും ചമച്ചുണ്ടാക്കി. ചക്രവർത്തി ക്രിസ്ത്യാനികളെ ക്രൂരമായി പീഡിപ്പിച്ചുകൊണ്ടിരിക്കെ, വഴിയിൽ വച്ച് ആകാശത്ത് കുരിശ് പ്രത്യക്ഷപ്പെടുകയും അതിൽ ചക്രവർത്തി ആകൃഷ്ടനാവുകയും മാനസാന്തരപ്പെടുകയും തത്ഫലമായി അദ്ദേഹം പശ്ചാത്തപിച്ച് ജ്ഞാനസ്നാനം സ്വീകരിക്കുകയും അങ്ങനെ ക്രിസ്ത്യാനി ആകുകയും ചെയ്തു എന്നാണ് കഥ.

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്നും മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി എന്നും പഠിപ്പിച്ച് പച്ചമനുഷ്യനായ ശ്രീനാരായണഗുരു ഒരു നൂറ്റാണ്ടുകൊണ്ട് ദൈവമായിക്കൊണ്ടിരിക്കുന്ന അവസ്ഥ നാം ഇന്നു കണ്ടുകൊണ്ടിരിക്കെ, കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ രാഷ്ട്രീയവും തന്ത്രപരവുമായ ഇടപെടലിലും യേശുവിനെ അത്ഭുതങ്ങൾ കാട്ടുന്ന ഒരു ദൈവമാക്കി മാറ്റിയതിലും ആശ്ചര്യപ്പെടേണ്ടതില്ല. സത്യത്തിൽ അവിടെ നടന്നത് ഒരു കച്ചവടമാണ്; തനി ക്രയവിക്രയമാണ്. സഭ, ക്രൈസ്തവികത എന്ന ഉല്പന്നം ചക്രവർത്തിക്കു വിറ്റു; പകരം ചക്രവർത്തിയുടെ സ്ഥാപനവൽക്കരണമെന്ന ഉല്പന്നം (institutionalism) സഭ വാങ്ങി. ഇതു പറയാൻ കാരണമുണ്ട്. അന്നുവരെ ജനം ക്രൈസ്തവരായത് നീണ്ട ഒരു തയ്യാറെടുപ്പിലൂടെ മാത്രമായിരുന്നു. വർഷങ്ങൾ തന്നെ നീണ്ട 'കാറ്റക്യൂമൻ'* എന്നറിയപ്പെട്ടിരുന്ന ഒരുക്കത്തിന്റെ കാലം. അവിടെ യേശുവിനെപ്പറ്റി, തന്റെ ദൗത്യത്തെപ്പറ്റി, തന്റെ കൂട്ടായ്മയുടെ പ്രത്യേകതയെപ്പറ്റി, അവരിൽ ഉണ്ടാകേണ്ട അടിസ്ഥാന വ്യതിയാനങ്ങളെപ്പറ്റി ഒക്കെത്തന്നെ ഗൗരവമായ പഠനവും അതനുസരിച്ചുള്ള ജീവിതക്രമവും കഴിഞ്ഞിട്ടായിരുന്നു യേശുസഭയിലേയ്ക്ക് ജനത്തെ സ്വീകരിച്ചിരുന്നത്. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ 'മാനസാന്തര' പ്രവൃത്തിയിൽ ഇങ്ങനെയൊരു ഒരുക്കവുമില്ല; ഇന്നലെ വരെ ക്രൈസ്തവരെ പീഡിപ്പിച്ചിരുന്ന ചക്രവർത്തി ഇന്നു ക്രിസ്ത്യാനിയായി; ഒപ്പം, റോമാസാമ്രാജ്യവും. അതോടെ യേശുവിന്റെ ചൈതന്യവും സാന്നിദ്ധ്യവും സഭയ്ക്കു നഷ്ടമായി. തൽസ്ഥാനത്ത് രാജത്വത്തിന്റെയും ചക്രവർത്തിത്വത്തിന്റെയും ശൈലിയും സാന്നിദ്ധ്യവും കടന്നുവന്നു. സഭ തീർത്തും സ്ഥാപനവൽക്കരണത്തിന്റെ പാതയിലൂടെ യാത്രചെയ്യാൻ തുടങ്ങി.

ഈ ക്രയവിക്രയ പ്രക്രിയയിൽ വിജയിച്ചത് ചക്രവർത്തിയാണ്. അദ്ദേഹം എന്തു ലക്ഷ്യമാണോ മനസ്സിൽ കണ്ടത് അത് അദ്ദേഹത്തിന് നേടാൻ സാധിച്ചു. വീരശൂരപരാക്രമികളായിരുന്ന ക്രൈസ്തവരെ തന്റെ പാദാന്തികത്തിൽ മുട്ടുകുത്തിക്കാനും ചൊൽപ്പടിക്കു നിർത്താനും സാധിച്ചു. സഭയോ സ്ഥാപനപരതയുടെ സുരക്ഷിതത്വത്തിലേയ്ക്ക് ചുരുങ്ങി. സഭയുടെ സ്വഭാവത്തിൽത്തന്നെ അടിസ്ഥാനപരമായ വ്യതിയാനം ഉണ്ടായി. അന്നുവരെ ദരിദ്രരുടെ സഭയായിരുന്നെങ്കിൽ ഇന്നിതാ സഭ അധികാരികളുടേതായി, രാജാവിന്റേതായി, ചക്രവർത്തിയുടേതായി മാറി. ദരിദ്രരുടെ സഭയിൽ നിന്ന് അത് ദരിദ്രർക്ക് വേണ്ടി(FOR the Poor) യുള്ള സഭയായി രൂപാന്തരപ്പെടുന്നു. നാലാം നൂറ്റാണ്ടിൽ തുടങ്ങിവച്ച ഈ പ്രക്രിയ ചരിത്രത്തിൽ നിതരാം തുടരുന്നു.

ഔദ്യോഗികസഭയുടെ പഠനങ്ങളും പ്രവൃത്തികളും ദരിദ്രരുടെ ക്ഷേമത്തിനു വേണ്ടിയുള്ളതായി മാറുന്നുവെന്നാണ് വയ്പ്. ഔദ്യോഗികസഭയെ സമ്പന്നരും ഭരണാധികാരികളും കയ്യടക്കി, കീഴ്പ്പെടുത്തി. സഭയുടെ നയങ്ങൾ നിശ്ചയിക്കുന്നതും അതിൽ നിർണ്ണായകമായ തീരുമാനങ്ങളെടുക്കുന്നതും അതിന്റെ ചലനങ്ങളെ നിയന്ത്രിക്കുന്നതും സഭയിലെതന്നെ തീരെച്ചെറിയ ന്യൂനപക്ഷ അധികാരിവർഗ്ഗമാണ്. സഭ ദരിദ്രരുടേതല്ലാതായി. ഔദ്യോഗികസഭയുടെ ദരിദ്രരുമായുള്ള ബന്ധം നിർവചിക്കുന്നത്, സഭ അവർക്കുവേണ്ടി നിൽക്കുന്നു എന്ന രീതിയിലാണ്. അതായത് സഭയിൽ തീർത്തും വ്യത്യസ്തമായ രണ്ടു വർഗ്ഗങ്ങൾ ഉണ്ടാവുകയാണ്; ഒന്ന്, അധീശവർഗ്ഗം, രണ്ട്, അധീനവർഗ്ഗം. അപ്പോൾ ഔദ്യോഗികസഭയുടെ സ്വാഭാവികദൗത്യംതന്നെ ഈ അധീനവർഗ്ഗത്തിന്റെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുക എന്നതായി.

ഈ പ്രത്യയശാസ്ത്രത്തിന്റെ ശാസ്ത്രീയമായ പരിണാമമാണ് ചരിത്രത്തിൽ സംഭവിച്ചത്. ദരിദ്രർക്ക് വേണ്ടി എന്നുള്ള ചിന്താധാര എല്ലാ മേഖലകളിലും രൂഢമൂലമായി. അധീശ-അധികാരവർഗ്ഗം അധീനർക്കായി വിപുലവും കർശനവുമായ നിയമങ്ങൾ ഉണ്ടാക്കി. വിദ്യാലയങ്ങൾ സ്ഥാപിച്ചു, ആതുരശുശ്രൂഷാ സ്ഥാപനങ്ങൾ നിർമ്മിച്ചു, ആശുപത്രികളും ക്ഷേമസങ്കേതങ്ങളും ഉണ്ടാക്കി, സാമൂഹിക പദ്ധതികൾ രൂപകല്പന ചെയ്തു; എന്തിന് അവർക്കായി അർത്ഥശൂന്യമായ ധാരാളം ഭക്തകൃത്യങ്ങളും പരമ്പരാഗതമായ ആചാരാനുഷ്ഠാനങ്ങളും വരെ ഉണ്ടാക്കിക്കൊടുത്തു. എല്ലാ രീതിയിലും അർത്ഥത്തിലും രണ്ടു വർഗ്ഗങ്ങളായി സഭ മാറ്റപ്പെട്ടു.

---

കാറ്റക്യൂമൻ* - ഒരു വ്യക്തി ക്രൈസ്തവനാകുന്നതിന്റെ ഭാഗമായി, ജ്ഞാനസ്നാനവും തൈലാഭ്യലേപനവും എന്നീ കൂദാശകൾക്കു വേണ്ടി തയ്യാറാകുന്നതിനു ഔദ്യോഗികമായി ഉപയോഗിച്ചിരുന്ന പദം.

അധികാരിവർഗ്ഗത്തിന്റെ പക്ഷത്ത് സമ്പത്തും അധികാരവും കുന്നുകൂടി. അതിന്റെ സ്വാഭാവിക പരിണതഫലമായി അഴിമതിയും സ്വജനപക്ഷപാതവും അധാർമ്മികതയും കാപട്യവും സഭയിൽ കൊടികുത്തിവാണു.

യേശുസഭയുടെ ദരിദ്രപക്ഷം, സംഘാത്മകത, വിശ്വസാഹോദര്യം, ദൈവമക്കളുടെ സ്വാതന്ത്ര്യം, ഒത്തൊരുമ തുടങ്ങിയ മനോഹരവും മഹത്തരവുമായ യാഥാർത്ഥ്യങ്ങൾ ഏറെക്കുറെ മൺമറഞ്ഞുകഴിഞ്ഞു. സെന്റ് പോളിന്റെ ഭാഷയിൽ മേൽപ്പറഞ്ഞവ "വെറും മുഴങ്ങുന്ന ചെണ്ടയോ ചിലമ്പുന്ന കൈത്താളമോ" ആണ് (1 കോറിന്തോസ് 13:1). യേശുവിന്റെതന്നെ വാക്കിൽ "കപടനാട്യക്കാരേ, നിങ്ങൾ അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ ഹൃദയം എന്നിൽ നിന്ന് വളരെ അകലെയാണ്" (മത്തായി15: 8).

യേശു തന്റെ ജീവിതകാലത്ത് നിലവിലിരുന്ന സ്ഥാപിതമതസംവിധാനത്തെയും അധികാരകേന്ദ്രത്തെയും അതികഠിനമായി വിമർശിച്ചു. ഇന്നു യേശു വീണ്ടും വന്നാൽ പതിന്മടങ്ങ് ശക്തിയോടെയായിരിക്കും അവർക്കു നേരെ ശാപവർഷം ചൊരിയുക. മത്തായി, മാർക്കോസ്, ലൂക്കാസ് എന്നിവർ തയ്യാറാക്കിയ സുവിശേഷങ്ങളിൽ ഇത്തരത്തിലുള്ള കോപവർഷത്തിന്റെ അലതള്ളൽ ദർശിക്കാം (മത്തായി 23: 1-35; മാർക്കോസ് 12: 38-40; ലൂക്കാസ് 11: 37-52, 20: 45-47). ഇവയിൽ ചിലത് മാത്രം ഇവിടെ ഉദ്ധരിക്കട്ടെ. "യേശു ജനക്കൂട്ടത്തോടും തന്റെ ശിഷ്യന്മാരോടും അരുളിച്ചെയ്തു: നിയമജ്ഞരും ഫരിസേയരും മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്നു ... അവർ പറയുന്നു; പ്രവർത്തിക്കുന്നില്ല. അവർ ഭാരമുള്ള ചുമടുകൾ മനുഷ്യരുടെ ചുമലിൽ വെച്ചുകെട്ടുന്നു. സഹായിക്കാൻ ചെറുവിരൽ അനക്കാൻ പോലും തയ്യാറാകുന്നില്ല ... അവർ തങ്ങളുടെ നെറ്റിപ്പട്ടകൾക്ക് വീതിയും വസ്ത്രത്തിന്റെ തൊങ്ങലുകൾക്ക് നീളവും കൂട്ടുന്നു. വിരുന്നുകളിൽ പ്രമുഖസ്ഥാനവും സിനഗോഗുകളിൽ പ്രധാനപീഠവും നഗരവീഥികളിൽ അഭിവാദനവും ഇഷ്ടപ്പെടുന്നു. റബ്ബീ എന്നു സംബോധന ചെയ്യപ്പെടാനും ആഗ്രഹിക്കുന്നു. എന്നാൽ നിങ്ങൾ റബ്ബീ എന്നു വിളിക്കപ്പെടരുത് ... നിങ്ങളെല്ലാം സഹോദരരാണ് ... നിങ്ങളിൽ ഏറ്റവും വലിയവൻ എല്ലാവരുടെയും ശുശ്രൂഷകനായിരിക്കണം" (മത്തായി 23: 1-12). "കപട നാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്ക് ദുരിതം! നിങ്ങൾ മനുഷ്യരുടെ മുമ്പിൽ സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു. നിങ്ങൾ അതിൽ പ്രവേശിക്കുന്നില്ല; പ്രവേശിക്കുവാൻ വരുന്നവരെ അനുവദിക്കുന്നുമില്ല" (V. 13-14). "അന്ധരും മൂഢരുമായ മാർഗ്ഗദർശികളേ, നിങ്ങൾക്ക് ദുരിതം! നിങ്ങൾ തുളസി, അരൂത, ചതകുപ്പ, ജീരകം എന്നിവയ്ക്ക് ദശാംശം കൊടുക്കു

കയും നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത, സ്നേഹം എന്നിവ അവഗണിക്കുകയും ചെയ്യുന്നു. ഇവയാണ് നിങ്ങൾ ചെയ്യേണ്ടിയിരുന്നത് ... കൊതുകിനെ അരിച്ചുനീക്കുകയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്നവരാണ് നിങ്ങൾ'' (V. 23-24). ''നിങ്ങൾ വെള്ളയടിച്ച കുഴിമാടങ്ങൾക്ക് സദൃശരാണ്. അവ പുറമേ മനോഹരമായി കാണപ്പെടുന്നെങ്കിലും അവയ്ക്കുള്ളിൽ മരിച്ചവരുടെ അസ്ഥിയും സർവ്വവിധ മാലിന്യങ്ങളും നിറഞ്ഞുകിടക്കുന്നു. അതുപോലെ ബാഹ്യമായി മനുഷ്യർക്ക് നല്ലവരായ് കാണപ്പെടുന്ന നിങ്ങൾ ഉള്ളിൽ കാപട്യവും അനീതിയും നിറഞ്ഞവരാണ്'' (V. 27-28). ''നിങ്ങൾ നിയമജ്ഞരെ സൂക്ഷിച്ചുകൊള്ളുവിൻ ... അവർ വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുകയും ദീർഘമായി പ്രാർത്ഥിക്കുന്നുവെന്നു നടിക്കുകയും ചെയ്യുന്നു. ഇവർക്ക് കൂടുതൽ കഠിനമായ ശിക്ഷാവിധി ലഭിക്കും'' (മാർക്കോസ് 12: 40). സ്ഥാപിതസഭയോടുള്ള യേശുവിന്റെ മനോഭാവം ഈ ഉദ്ധരണികൾ സുവ്യക്തമായി പ്രകാശിപ്പിക്കുന്നു.

ഇങ്ങനെ തീർത്തും യേശുവിരുദ്ധമായ സഭാനേതൃത്വത്തിന്റെ കപടനീതിയും പൊള്ളയായ സദാചാരവും നിർജ്ജീവമായ ദൈവശാസ്ത്രവിചിന്തനങ്ങളും കൊണ്ട് സാമാന്യജനം വീർപ്പ്മുട്ടി നിൽക്കവേ, ബൈബിൾ, രണ്ടാം വത്തിക്കാൻ സൂനഹദോസ്, സഭയുടെ സാമൂഹ്യശാസ്ത്രപഠനങ്ങൾ, എല്ലാറ്റിനും ഉപരി യേശുജീവിതം - ഇവയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് വിമോചനത്തിന്റെ പാതയിൽ സഭ 'ദരിദ്രരോട് ഒപ്പം' (With the Poor) എന്ന മുദ്രാവാക്യവുമായി വിമോചനദൈവശാസ്ത്രം 1950 കളിൽ രംഗത്തുവന്നു. ലാറ്റിനമേരിക്കൻ രാജ്യങ്ങളിലാണ് തുടക്കംകുറിച്ചതെങ്കിലും, പീഡിപ്പിക്കപ്പെടുന്ന സഭയോടൊപ്പം എന്ന ചിന്ത ഒരു ആഗോളപ്രതിഭാസമായി തന്നെ മാറുകയുണ്ടായി. ഓരോ രാജ്യത്തിന്റെയും ചരിത്രപരവും വംശപരവും സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയവുമായ പശ്ചാത്തലങ്ങളോടു ക്രിയാത്മകവും വിമോചനാത്മകവുമായ ഇടപെടലുകളും പോരാട്ടങ്ങളും ഈ വിമോചനധാരയുടെ മുഖമുദ്രയായി. സഭ ദരിദ്രരോടൊപ്പം എന്നതാണ് ആപ്തവാക്യം. സഭാധികാരികളുടെ എതിർപ്പുകൾ നേരിടേണ്ടിവന്നു; പട്ടാള-വലതുപക്ഷ രാഷ്ട്രീയാധികാരികളുടെ പീഡനപരമ്പരയെ ആസൂത്രിതമാംവിധം എതിർക്കേണ്ടിവന്നു. ധാരാളം ധീരയോദ്ധാക്കളുടെ രക്തം ചിന്തപ്പെട്ടു. ഈ ആഗോളവിമോചനധാരയുടെ ഭാഗമായി 1970 കൾ തൊട്ട് ബന്ധപ്പെട്ടു പ്രവർത്തിക്കാൻ സാധിച്ചതിൽ എന്നെപ്പോലെയുള്ളവർ അഭിമാനിക്കുന്നു.

കഴിഞ്ഞ അരനൂറ്റാണ്ടുകാലത്തെ വിമോചനദൈവശാസ്ത്രപ്രവർത്തന പ്രക്രിയ വിലയിരുത്തുന്നിടത്ത് എവിടെയോ അപചയം സംഭ

വിച്ചില്ലേ എന്ന ചിന്ത എന്നെ അലട്ടുന്നു. എവിടെ പീഡനവും അടിച്ച മർത്തലുമുണ്ടോ അവിടെ വിമോചനപ്രക്രിയ അനിവാര്യം. അങ്ങനെ നോക്കുമ്പോൾ, ജനങ്ങളോടൊപ്പമെന്ന നീക്കത്തിന് കാലികപ്രസക്തി യുണ്ട്. പക്ഷേ ഈ പാത ഇനിയും മുന്നോട്ടു നീക്കേണ്ടതുണ്ട്. ഏതാണ് ആ പാത എന്നു ചോദിച്ചാൽ എന്റെ ചിന്തയിതാണ്: യേശുവിന്റെ സഭ 'ദരിദ്രരുടെസഭ'(OF the Poor) തന്നെയായിരിക്കണം. ദരിദ്രർ, ചൂഷിതർ, പീഡിതർ, പുറജാതികൾ, സ്ത്രീകൾ തുടങ്ങിയവർ പുതിയൊരു ലോക നിർമ്മിതിയുടെ, ദൈവരാജ്യസാക്ഷാത്ക്കാരത്തിന്റെ, വർഗ്ഗരഹിത സമൂഹസൃഷ്ടിയുടെ കർത്താക്കളായി മാറുന്ന അവസ്ഥയാണ് യേശു വിഭാവനം ചെയ്ത ദരിദ്രരുടെ സഭ.

# 12

## ദരിദ്രരുടെയും പീഡിതരുടെയും സഭ എങ്ങനെ സ്ഥാപിതസഭയായി?

സമൂഹത്തിൽ തീർത്തും നല്ല അംഗീകാരമുള്ള ഒരു വ്യക്തി. സാമൂഹ്യപ്രവർത്തനത്തിൽ തല്പരൻ. ദരിദ്രരോടു ദയയുള്ളവൻ. പള്ളിക്കും അമ്പലത്തിനും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും സംഭാവന നൽകുന്നതിൽ അതീവതല്പരൻ. പൊതുവിജ്ഞാനത്തിൽ ശ്രേഷ്ഠൻ. ഒരു നല്ല ക്രിസ്ത്യാനി. ഇങ്ങനെയൊരു വ്യക്തിയുമായി ഈയിടെ ഞാനെഴുതിയ 'കറുത്ത കുർബ്ബാന' എന്ന പുസ്തകത്തെ മുൻനിറുത്തി സംസാരമുണ്ടായി. ഞാൻ പറയുന്നതിനോടൊക്കെത്തന്നെ യോജിപ്പ് ഉണ്ടെന്നും സഭ യേശുവിൽ നിന്നും ഏറെ അകന്നുപോയിട്ടുണ്ടെന്നും മറ്റുമൊക്കെ അദ്ദേഹം സമ്മതിച്ചു. ഒടുവിൽ അദ്ദേഹം പറഞ്ഞവസാനിപ്പിച്ചതു ഇങ്ങനെയാണ്: "ഇവയൊക്കെ ശരിയാണെങ്കിലും മതത്തെയും സഭയെയും ദൈവത്തെയും യേശുവിനെയും എങ്ങനെയാണ് തള്ളിപ്പറയുക. ഒരു സാമൂഹ്യജീവി എന്ന നിലയ്ക്ക് ഇവയൊക്കെ മനുഷ്യനാവശ്യമാണ്. ഏതായാലും കുർബാനയെ 'കറുത്ത' കുർബ്ബാന എന്നു വിശേഷിപ്പിച്ചതു ഒട്ടും ശരിയായില്ല." ഇദ്ദേഹത്തിന്റെ ഈ വാക്കുകളുടെ പശ്ചാത്തലത്തിൽ എന്റെ ചിന്ത ഇവിടെ കുറിക്കട്ടെ.

ഞാൻ എന്നോടു് തന്നെ ചോദിച്ചു മതത്തെയോ സഭയെയോ ദൈവത്തെയോ യേശുവിനെയോ തള്ളിപ്പറഞ്ഞോ? ഇല്ല എന്നാണ് എന്റെ സുവ്യക്തമായ മറുപടി. പിന്നെ എന്താണ് സംഭവിച്ചത്? എവിടെയാണ് മതത്തിന്റെ ആത്മീയാനുഭൂതിയും സഭയുടെ കൂട്ടായ്മയുടെ മധുരിമയും ദൈവത്തിന്റെ ഐശ്വര്യചൈതന്യവും പ്രവാചകസ്വരവും നശിക്കുന്നത്?

മതത്തെ പൊതുവായും സഭയെ (ക്രിസ്തീയസഭയെ) പ്രത്യേകമായും പരാമർശിക്കാമെങ്കിലും, രണ്ടിന്റെയും പൊതുവായ സ്വഭാവം തുല്യമാകയാൽ അവ രണ്ടിനെയും ഒന്നിച്ചു പരിഗണിക്കാമെന്നു കരുതുന്നു.

ഏതു മതത്തിനും (സഭയ്ക്കും) അതു വികസിച്ചുവന്ന ദേശ-കാല

ഘടകങ്ങളും സാമൂഹ്യ പശ്ചാത്തലങ്ങളും ബന്ധപ്പെട്ട അനുഭവങ്ങളുമുണ്ട്. ഈ വസ്തുനിഷ്ഠമായ സാമൂഹ്യയാഥാർത്ഥ്യത്തോടുള്ള സമയാസമയങ്ങളിലുള്ള ദൈവോന്മുഖ മറുപടിയായാണ് മതങ്ങൾ രൂപംകൊള്ളുക. അവയെ നിലനിർത്താനും സംരക്ഷിക്കാനും മതം അവലംബിക്കേണ്ടത് പ്രതീകങ്ങളുടെ നിരന്തരമായ ഉപയോഗത്തെയാണ്. പ്രതീകങ്ങൾ ചിതറിക്കിടക്കുന്നതിനെ ഒന്നിപ്പിക്കാൻ സഹായിക്കുന്നു. അവ ചില പ്രാക് അനുഭവങ്ങളെ വ്യക്തമാക്കുന്നു, ചിലവയെ മറച്ചുവയ്ക്കുന്നു. അങ്ങനെ പ്രതീകങ്ങൾക്കു ഒരു നിഗൂഢരഹസ്യസ്വഭാവമുണ്ടെന്നു വരുന്നു. തുടർന്നു ഇവയെ നിലനിർത്താൻ ഒരു വൈദികസമൂഹം ആവശ്യമായി മാറുന്നു. ഈ പ്രതീകങ്ങളെ സംരക്ഷിച്ചു വളർത്തി നിലനിർത്തുക വൈദികസമൂഹത്തിന്റെ പ്രത്യക്ഷ ഉത്തരവാദിത്വമായി മാറുന്നു. അങ്ങനെ ആദ്ധ്യാത്മീയാനുഭൂതിയും കൂട്ടായ്മയുടെ മനോഹാരിതയും സ്ഥാപനവൽക്കരിക്കപ്പെടുകയും നിർജ്ജീവമായ ആചാരാനുഷ്ഠാനങ്ങളായി തരംതാഴുകയും ചെയ്യുന്നു.

ഈ പ്രക്രിയയെ അല്പംകൂടി ആഴത്തിൽ വിശകലനം ചെയ്താൽ, വ്യവസ്ഥാപിത മതത്തിന്റെ പ്രതീകങ്ങളുടെ മേഖല വളർന്നു പന്തലിച്ചു നിൽക്കുന്നതായി കാണാം. അവയുടെ വളർച്ചയുടെ മണ്ഡലമോ, വ്യവസ്ഥാപിത മതങ്ങളും സഭയും. ഈ വികാസത്തെ 4 മേഖലകളായി എടുത്തുകാട്ടാം.

**1. താത്വികവൽക്കരണ മേഖല**

മതം സ്ഥാപനവൽക്കരിക്കുന്നതിലൂടെ ഉണ്ടാകുന്ന ഒരവസ്ഥയാണ് വിശ്വാസപ്രമാണങ്ങൾ. നിർദ്ദേശങ്ങളും വെറും ധാരണകളും അഭിപ്രായങ്ങളും സാവകാശം തത്വങ്ങളും വിശ്വാസപ്രമാണങ്ങളും വിശ്വാസരേഖകളുമാകുന്നു. സാവകാശം അവ അനിഷേധ്യമായ വിശ്വാസതത്വങ്ങളായി രൂപാന്തരപ്പെടുന്നു. ഈ പ്രക്രിയ ഏതു മതത്തിലും ദർശിക്കാം. തീർത്തും സ്വതന്ത്രവും അനൗദ്യോഗികവുമായ ക്രൈസ്തവകൂട്ടായ്മ മൂന്നു നൂറ്റാണ്ടായപ്പോഴേക്കും *നീഖയൻ വിശ്വാസ സംഹിതയുടെ അടിമത്വത്തിലായിക്കഴിഞ്ഞു. നീഖയൻ കൗൺസിലിൽ ഒരു വിശ്വാസപ്രമാണം തന്നെ രൂപപ്പെട്ടു അംഗീകരിച്ചു. പിന്നെ അതിൽ നിന്നും വള്ളിപുള്ളി മാറാൻ പാടില്ലെന്നു മാത്രമല്ല, ദൈവശാസ്ത്രജ്ഞന്മാരുടെ മുഖ്യ തൊഴിൽ ഈ പ്രമാണരേഖയുടെ ഓരോ ഭാഗത്തേയും വിപുലപ്പെടുത്തലും വ്യാഖ്യാനിക്കലും പുനർവ്യാഖ്യാനിക്കലുമായി മാറി. അങ്ങനെ ഡോഗ്മെറ്റിക് തിയോളജി (താത്വികവൽകൃത ദൈവശാസ്ത്രം) എന്നൊരു ശാഖ തന്നെ ദൈവശാസ്ത്ര പഠനത്തിൽ കടന്നുവന്നു.

2. അനുഷ്ഠാനവൽക്കരണ മേഖല

ആദ്യം പറഞ്ഞ വിശ്വാസപ്രമാണങ്ങൾ ജനങ്ങളെ സ്പർശിക്കുന്ന ശൈലിയിൽ അവയെ എത്രയും ഹൃദ്യമായ രീതിയിൽ ആചാരാനുഷ്ഠാനമായി രൂപാന്തരപ്പെടുത്തുകയാണിവിടെ. നിർജ്ജീവവും നിശ്ചലവുമായ ദൈവശാസ്ത്രവിശ്വാസ പ്രമാണങ്ങൾക്കു ജീവനും ചലനാത്മകതയും നൽകുന്നതു ഈ അനുഷ്ഠാന സ്വഭാവമാണ്. ഇതു എല്ലാ മതത്തിലും സ്പഷ്ടമാണ്. ഉത്സവവേളകളിൽ എല്ലാം മറന്നു ഉറഞ്ഞുതുള്ളുന്ന ജനങ്ങൾ, അനുഷ്ഠാനങ്ങൾ എത്രമാത്രം ജനത്തെ സ്വാധീനിക്കുന്നു എന്നു വ്യക്തമാക്കുന്നു. ഒരു ക്രൈസ്തവ പുരോഹിതൻ എന്ന നിലയിൽ ആചാരാനുഷ്ഠാനമേഖലയിൽ എനിക്കുണ്ടായിട്ടുള്ള ധാരാളം അനുഭവങ്ങളിൽ ഒന്നു മാത്രം ഇവിടെ കുറിക്കട്ടെ. ക്രൈസ്തവർക്കു വിശുദ്ധവാര അനുഷ്ഠാനത്തിനു ഏറെ പ്രാധാന്യമുണ്ട്. പ്രത്യേകിച്ച് ദുഃഖവെള്ളിയാഴ്ചയുള്ള കുരിശാരാധനയും കുരിശുമുത്തു കർമ്മവും. വർഷത്തിലൊരിക്കലും പള്ളിയിൽ വരാത്തവരും എല്ലാ ജോലിയും മാറ്റിവച്ചു ദുഃഖവെള്ളിയാഴ്ച പള്ളിയിൽ വന്നു കുരിശിന്റെ അനുഷ്ഠാന കർമ്മത്തിൽ പങ്കെടുക്കുക പതിവാണ്. ജീവിതബന്ധിയായ ഒരനുഭവമോ മനഃപരിവർത്തനത്തിനു സഹായകമാകുന്നൊരവസരമോ ആയി ഇതിനെ കാണേണ്ടതില്ല. ഇവയൊക്കെ നിർബന്ധമായും ചെയ്തുതീർക്കേണ്ട അനുഷ്ഠാനങ്ങൾ മാത്രം. കുരിശു മുത്താൻ വരുമ്പോൾ, മദ്യപിക്കാതെ വന്നു നമ്മൾ ചെയ്ത പാപങ്ങളെ ഓർത്തു പശ്ചാത്തപിച്ചിട്ടു വേണം കുരിശു മുത്തേണ്ടത് എന്നാണു നിലവിലുള്ള നിർദ്ദേശം. കുടിച്ചു മത്തുപിടിച്ച ഒരാൾ കുരിശു മുത്താൻ ക്യൂവിൽ നിൽക്കുകയാണ്. ആളുകൾ കുരിശു മുത്തിയിട്ടു നീങ്ങുകയാണ്. നമ്മുടെ സുഹൃത്തിന്റെ ഊഴമായി. വോളന്റിയർമാർ / സഭാ ശിങ്കിടികൾ അയാളെ പിടിച്ചുമാറ്റി. കുരിശു മുത്താൻ അനുവദി

---

*ക്രൈസ്തവസഭയുടെ വിശ്വാസങ്ങൾ ക്രോഡീകരിക്കുന്നതിനായി കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ നേതൃത്വത്തിൽ സഭയിലെ മെത്രാന്മാർ ഒരുമിച്ചു ചേർന്ന ആദ്യത്തെ സമ്മേളനത്തെ നിഖ്യ സൂനഹദോസ് എന്നറിയപ്പെടുന്നു. സമ്മേളനം നടന്നതു നിഖ്യ എന്ന നഗരത്തിൽ വച്ചാണ്. 318 പിതാക്കന്മാർ പങ്കെടുത്ത ഈ സമ്മേളനം (എ. ഡി. 325) സഭയ്ക്കകത്തുണ്ടായിരുന്ന അഭിപ്രായവ്യത്യാസങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട്, ഒരു വിശ്വാസസംഹിതയ്ക്കു തന്നെ രൂപം കൊടുത്തു. അതു നിഖ്യാ വിശ്വാസപ്രമാണം (Nicene Creed) എന്നാണ് അറിയപ്പെടുന്നത്. സഭയുടെ ഏഴാമത് പൊതു സൂനഹദോസ് കൂടിയത് എട്ടാം നൂറ്റാണ്ടിൽ വീണ്ടും നിഖ്യയിൽ വച്ചായിരുന്നു. അതു നിഖ്യയിലെ രണ്ടാം സൂനഹദോസ് എന്നറിയപ്പെടുന്നു. ഒരു സ്ഥലത്തുവച്ചു എത്രാം തവണയാണോ പൊതു സൂനഹദോസ് കൂടുക, ആ സ്ഥലത്തിന്റെ പേരിന്റെ കൂടെ നമ്പറും ചേർക്കും. അങ്ങനെയാണ് വത്തിക്കാനിൽ വച്ചു രണ്ടാമതു കൂടിയ വിശ്വപ്രസിദ്ധ സൂനഹദോസ് രണ്ടാം വത്തിക്കാൻ സൂനഹദോസ് എന്നറിയപ്പെടുന്നത്.

ച്ചില്ല. വീണ്ടും അദ്ദേഹം ക്യൂവിന്റെ അവസാനം ചെന്നു നിന്നു കുരിശു മുത്താൻ. തന്റെ ഊഴം അടുത്തു. അപ്പോഴും ശിങ്കിടികൾ അദ്ദേഹത്തെ ബലം പ്രയോഗിച്ചു പിടിച്ചുമാറ്റി. ഈ പ്രക്രിയ 4 പ്രാവശ്യം നടന്നു. അഞ്ചാം പ്രാവശ്യം ശിങ്കിടികൾ പിടിച്ചുമാറ്റാൻ ശ്രമിച്ചപ്പോൾ, നമ്മുടെ സുഹൃത്തു ശിങ്കിടികളെ ശക്തിയായി തള്ളിമാറ്റിയിട്ടു പറഞ്ഞു "എങ്കിൽപ്പിന്നെ ആ ---നെ ഒന്നു മുത്തിയിട്ടേയുള്ളു. മാറി നിക്കിനെടാ തെണ്ടികളേ." എല്ലാവരും മാറി. അദ്ദേഹം കുരിശു ചുംബിച്ചിട്ടു നടന്നു പോയി. തമാശയായി തോന്നുന്നെങ്കിലും ഇന്നു നടക്കുന്ന മിക്ക ഭക്ത്യാഭ്യാസങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും ഇത്രയേ വിലയുള്ളു എന്നതു സ്പഷ്ടം.

**3. നിയമവൽക്കരണ മേഖല**

വിശ്വാസപ്രമാണങ്ങൾ കൊണ്ടും അവയെ സജീവമായി നിലനിർത്താനുള്ള ആചാരാനുഷ്ഠാനങ്ങൾ കൊണ്ടും കെട്ടിവരിഞ്ഞിരിക്കുന്ന മതത്തെ/സഭയെ, നിയമസംഹിത കൊണ്ടു നിത്യമായി ചങ്ങലക്കിടുകയാണ്. ഈ നിയമസംഹിതയെ വിശദീകരിക്കാനും വ്യാഖ്യാനിക്കാനും നിയമപണ്ഡിതന്മാരും അവരുടെ കൂട്ടാളികളും ഒത്തു ശ്രമിക്കുന്നതിന്റെ ഫലമായി ലീഗലിസം എന്നൊരു പുതിയ ഇസം തന്നെ രൂപപ്പെട്ടിട്ടുണ്ട്. നിയമത്തിനു വേണ്ടിയാവരുത് മനുഷ്യൻ, നിയമം മനുഷ്യനു വേണ്ടിയാകണമെന്നാണ് യേശു വ്യക്തമായി പഠിപ്പിച്ചത്. പക്ഷേ ആയിരക്കണക്കിനുള്ള നിയമങ്ങളും ഉപനിയമങ്ങളും ഉൾക്കൊള്ളുന്ന കാനോൻ നിയമസംഹിത സഭയ്ക്കുണ്ടാവുകയും അവയ്ക്ക് ഒരു ദൈവിക സ്വഭാവം ആരോപിക്കപ്പെടുകയും ചെയ്തതു മൂലം അവയെ അനുസരിക്കുക ദൈവത്തെ അനുസരിക്കുന്നതിനു തുല്യമായി കണക്കാക്കപ്പെടാൻ തുടങ്ങി. ഫലമോ? ക്രൈസ്തവ ജീവിതത്തിന്റെ വിജയപരാജയങ്ങൾ നിശ്ചയിക്കുന്നതു കാനോൻ നിയമങ്ങൾ അനുസരിക്കുകയോ ലംഘിക്കുകയോ ചെയ്യുന്നതിന്റെ തോതനുസരിച്ചായി. ഈ സമീപനത്തിൽ മനുഷ്യൻ തീർത്തും അപ്രസക്തനായി. അവൻ നിയമങ്ങൾ വാച്യാർത്ഥത്തിൽ അനുസരിക്കാൻ വിധിക്കപ്പെട്ട അടിമ. ഇവിടെ സ്വതന്ത്രചിന്തയ്ക്കു സ്ഥാനമേ ഇല്ല. സ്ഥാപിതമതത്തിന്റെ -സഭയുടെ- അടിസ്ഥാന ശിലയാണ് ഈ നിയമവൽക്കരണ സമ്പ്രദായം.

**4. ഘടനാവൽക്കരണ മേഖല**

വിശ്വാസപ്രമാണവും അവയെ നിലനിർത്താൻ ആചാരാനുഷ്ഠാനങ്ങളും മനുഷ്യനെ നിത്യമായി ബന്ധിക്കുന്ന നിയമസംഹിതയും

കൈകോർത്തു നിൽക്കണമെങ്കിൽ ഇവയ്ക്കു അനുയോജ്യമായ ഒരു സാമൂഹിക ഘടന അനിവാര്യം. ഇതിനു യേശുവിന്റെ ജനകീയ കൂട്ടായ്മയുമായി പുലബന്ധം പോലുമില്ല.

ഈ ഘടനാവൽക്കരണത്തെയാണ് യേശു നഖശിഖാന്തം എതിർത്തത്. ഇതിനെ നോക്കിയാണ് യേശു വെള്ളയടിച്ച കുഴിമാടമെന്നും മറ്റും വിശേഷിപ്പിച്ചത്. ഈ സാമൂഹികഘടനയ്ക്കു ഹൃദയമില്ല, ആത്മാവില്ല. അതു ദരിദ്രനെ പിഴിഞ്ഞു കുടിക്കുന്നു. ഈ ഘടനാവൽക്കരണത്തിന്റെ പാർശ്വഫലമാണ് ഇന്നത്തെ സ്തോത്രകാഴ്ചകളും പള്ളിക്കുള്ള വിവിധതരത്തിലുള്ള സംഭാവനകളും ഭക്തകർമ്മങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള സാമ്പത്തിക കണക്കുകളും വിലപേശലും. ഈ ഘടനാവൽക്കരണത്തിന്റെ ഏറ്റവും ഭീകരരൂപമാണ് യേശു സ്വപ്നംപോലും കാണാൻ സാധ്യതയില്ലാത്ത ഇന്നത്തെ സഭയിലെ അധികാരശ്രേണീ സമ്പ്രദായം. കുറച്ചുകൂടി പച്ചയ്ക്കങ്ങു പറയുകയാണെങ്കിൽ, കത്തോലിക്കാ സഭയ്ക്കും കമ്മ്യൂണിസ്റ്റുപാർട്ടിക്കും ശക്തമായ കെട്ടുറപ്പും അചഞ്ചലമായ ഘടനയും ഉണ്ടെന്നു പറയുമ്പോൾ ഒരു കാര്യം ഓർക്കേണ്ടത് ഇന്നത്തെ മെത്രാഭിഷേകവും പേപ്പസിയും അവയുമായി ബന്ധപ്പെട്ട നൂറായിരം നൂലാമാലകളും എല്ലാംതന്നെ യേശുവിന്റെ സ്നേഹകൂട്ടായ്മയ്ക്കു വിരുദ്ധമാണ് എന്നതാണ്. ഈ ഘടനാവൽക്കരണത്തിന്റെ ദൂഷ്യം അപാരമാണ്. ഏതു ഹീനകൃത്യവും ചെയ്യാൻ മടിക്കാത്ത, ഏതു തെറ്റിനെയും ന്യായീകരിക്കാൻ കെല്പുള്ള ഒരു ഘടനാവിശേഷമാണിതിനുള്ളത്. കുരിശുയുദ്ധങ്ങൾ, ഇൻക്വിസിഷൻ, അനാത്തമൾ, മഹറോൺ, ... ഇങ്ങനെ ഏതെല്ലാം രീതിയിൽ കോടിക്കണക്കിനു ദൈവമക്കളെ, മനുഷ്യരെ നിഷ്ഠൂരമാംവിധം കൊലചെയ്ത ചരിത്രമാണീ ഘടനാവൽക്കരണ സമ്പ്രദായത്തിനുള്ളത്. ഈ തിന്മയെ ചരിത്രത്തിൽ എതിർത്തിട്ടുള്ള പ്രവാചകർ ഒക്കെത്തന്നെ പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയുമാണ് ചെയ്തിട്ടുള്ളത്. അതിനു തീർത്തും രസകരമായൊരു നീതീകരണം കൂടിയുണ്ട്. 'പത്രോസേ, നീ പാറയാകുന്നു. ഈ പാറ മേൽ എന്റെ പള്ളി ഞാൻ പണിയും' എന്ന ബൈബിൾ വാക്യം ഉദ്ധരിച്ചുകൊണ്ട്, ഈ ഘടനയുടെ കെട്ടുറപ്പു സ്ഥാപിക്കുകയും, ഈ പാറ മേൽ തട്ടുന്നവർ തകരുകയേയുള്ളുവെന്നും സഭയ്ക്കു യാതൊന്നും സംഭവിക്കുകയില്ലെന്നും അതുകൊണ്ടു സഭയെ അനുസരിച്ചു ജീവിക്കുകയാണുത്തമമെന്നുമുള്ള വിശദീകരണം എത്ര ബാലിശം!

വിമോചന സ്വഭാവമുള്ള ദൈവസങ്കല്പം, ദരിദ്രപക്ഷം പിടിച്ച യേശു, തന്റെ സുഹൃദ്സംഘം - ഇവയെ ഗൗരവമായി എടുക്കുന്ന ഒരാൾക്കും മുകളിൽ പറഞ്ഞ നാലു കാര്യങ്ങളെ ഒരു കാരണവശാലും സ്വീകരിക്കു

വാൻ പറ്റുകയില്ല. തത്വസംഹിതയ്ക്കും, ആചാരാനുഷ്ഠാനങ്ങൾക്കും നിയമസംഹിതകൾക്കും ഘടനാത്മകതയ്ക്കും അപ്പുറമുള്ള ജീവന്റെ തുടിപ്പും സ്നേഹത്തിന്റെ തിമിർപ്പും നിറഞ്ഞുനിൽക്കുന്ന ഒരു സ്നേഹ കൂട്ടായ്മയാണ് യേശു വിഭാവനം ചെയ്തത്. ഇവിടെ വലിപ്പം മനുഷ്യനാണ്. അവന്റെ സർഗ്ഗാത്മകതയ്ക്കാണ്. മനുഷ്യനെയും അവന്റെ ക്രിയാത്മകതയെയും ഗൗരവമായി എടുത്തു, അവരുടെ സജീവ കൂട്ടായ്മയ്ക്കു പ്രാധാന്യം നൽകുന്ന പ്രക്രിയ എങ്ങനെയാണ് മതത്തെയും സഭയെയും ദൈവത്തെയും യേശുവിനെയും തള്ളിപ്പറയുക? ഒരിക്കലും സാധ്യമല്ല എന്നതാണു യാഥാർത്ഥ്യം. മാത്രമല്ല, ഈ പ്രവർത്തനശൈലിയിലൂടെ യേശുവിനെയും യേശുവിന്റെ യഥാർത്ഥ കൂട്ടായ്മയെയും ആഞ്ഞു പുൽകുകയാണ് ചെയ്യപ്പെടുക.

# 13

# സഭ: ഒരു ജനകീയ പ്രസ്ഥാനം

തീർത്തും സാമാന്യ ജനങ്ങളുടേതായ ഒരു പ്രസ്ഥാന(movement of the poor people)മായിട്ടാണ് സഭ രൂപം കൊണ്ടതെന്ന് ചരിത്രം പഠിക്കുന്ന ഏതൊരു വ്യക്തിക്കും നിസ്സംശയം മനസ്സിലാക്കാം. ആദ്യമൊക്കെ വീടുകളിലായിരുന്നു അവർ ഒത്തുകൂടി ദൈവവചനം വ്യാഖ്യാനിച്ചുകൊണ്ട് അപ്പം മുറിക്കൽ ശുശ്രൂഷയിൽ (breaking of the word and of the bread) പങ്കെടുത്തത്. റോമാ സാമ്രാജ്യത്തിന്റെ എതിർപ്പുമൂലം ഒളിസങ്കേതങ്ങളിലായിരുന്നു കൂടിച്ചേരലുകൾ. പീഡനങ്ങൾ വർദ്ധിച്ചതോടെ സെമിത്തേരികളിലും ഗുഹകളിലും ഒക്കെയായി അവരുടെ കൂട്ടായ്മ. അതുകൊണ്ടു തന്നെ അവർക്കു ജീവനും തീവ്രതയുമുണ്ടായിരുന്നു. ഉദ്ധിതനായ യേശുവിലുള്ള അവരുടെ വിശ്വാസം അചഞ്ചലമായിരുന്നു. ഒരു ശക്തിക്കും അവരെ തോൽപ്പിക്കാനോ അടിച്ചമർത്താനോ സാധ്യമല്ലായിരുന്നു; അധികാരകേന്ദ്രമായ റോമാസാമ്രാജ്യത്തിനുപോലും. എല്ലാ വിധമായ പീഡനങ്ങളേയും ചെറുത്ത് ആയിരക്കണക്കിനു രക്തസാക്ഷികളുടെ രക്തം വീണു കുതിർന്ന മണ്ണിൽ മുളച്ച വിശ്വാസവും അതിൽ നിന്നു രൂപംകൊണ്ട സഭാകൂട്ടായ്മയും അജയ്യ ശക്തിയായി നിലകൊണ്ടു. ഈ വീറോടെ പ്രസ്ഥാനം പല തലങ്ങളിലേക്കും രാജ്യങ്ങളിലേക്കും വ്യാപിച്ചു. തണ്ടുകൊണ്ടും മുഷ്ടികൊണ്ടും ഈ മുന്നേറ്റത്തെ ചെറുത്തു തോല്പിക്കാൻ പറ്റുകയില്ലെന്നു അധികാരവൃന്ദത്തിനു ബോദ്ധ്യപ്പെട്ടു. ഈ അജയ്യമായ മുന്നേറ്റത്തിനു ഒരു കടിഞ്ഞാണിടാൻ കഴിയുമാറ് കോൺസ്റ്റന്റയിൻ ചക്രവർത്തി ക്രിസ്തുമതം സ്വീകരിക്കുന്നു. തന്റെ രാഷ്ട്രീയശക്തിയുടെ സംരക്ഷണത്തിനും വളർച്ചയ്ക്കും ഇതു കാരണമാകുമെന്ന ചക്രവർത്തിയുടെ കണക്കുകൂട്ടൽ ഒരു പരിധിവരെ വിജയിച്ചു എന്നു വേണം വിലയിരുത്താൻ. അങ്ങനെ ക്രൈസ്തവ കൂട്ടായ്മയുടെ രാഷ്ട്രീയ ശക്തിയുമായുള്ള ഈ പുതിയ ബാന്ധവം, സഭ ഒരു പ്രസ്ഥാനം എന്ന നിലയിൽ നിന്നു ഒരു സ്ഥാപനം എന്ന അവസ്ഥയി

ലേക്കു വഴിമാറി. ഫലമോ? സഭയുടെ പിന്നീടുള്ള ചരിത്ര നീക്കത്തിൽ സ്ഥാപനോന്മുഖ സമീപനത്തിനു കൂടുതൽ പ്രാമുഖ്യം ലഭിച്ചു. ഇടയ്ക്കിടെ ഏറെ പരിമിതികളോടെ ഒരു തിരുത്തൽ ശക്തിയായി പ്രവാചകസ്വരത്തോടെയുള്ള പ്രസ്ഥാനാധിഷ്ഠിത നീക്കം ഉണ്ടായിട്ടുണ്ടെങ്കിലും.

സഭയുടെ വേദപുസ്തകാടിസ്ഥാനമെന്തെന്ന് പഴയ നിയമത്തിലൂടെയും പുതിയ നിയമത്തിലൂടെയും ഒന്നു കണ്ണോടിച്ചു നോക്കിയാൽ വ്യക്തമാകും.

പഴയ നിയമത്തിൽ സഭയെ വിളിച്ചുകൂട്ടപ്പെട്ട ജനമായാണ് ചിത്രീകരിച്ചിരിക്കുന്നത്. അബ്രാമിന്റെ വിളിയിൽ തന്നെ ഇതു വ്യക്തമാണ്. “കർത്താവ് അബ്രാമിനോടു അരുളിച്ചെയ്തു: നിന്റെ ദേശത്തേയും ബന്ധുക്കളേയും പിതൃഭവനത്തെയും വിട്ടു പുറപ്പെട്ട്, ഞാൻ കാണിച്ചുതരുന്ന ദേശത്തേക്കു പോവുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും” (ഉല്പത്തി 12:1). പുറപ്പെട്ടു വരുക എന്ന ആഹ്വാനമാണ് നാമിവിടെ കേൾക്കുക. മോസസ്സിന്റെ വിളിയിലും ഈ സാദൃശ്യം കാണുന്നുണ്ട് (പുറപ്പാട് അദ്ധ്യായം 3). “മോശ ദൈവത്തോടു പറഞ്ഞു: ഇതാ, ഞാൻ ഇസ്രായേൽ മക്കളുടെ അടുക്കൽ പോയി, നിങ്ങളുടെ പിതാക്കന്മാരുടെ ദൈവം എന്നെ നിങ്ങളുടെ അടുക്കലേക്ക് അയച്ചിരിക്കുന്നു എന്നു പറയും” (പുറ: 3 : 13) ജറെമിയ പ്രവാചകന്റെ വിളി ശ്രദ്ധിക്കുക. “ഇതാ എന്റെ വചനങ്ങൾ നിന്റെ നാവിൽ ഞാൻ നിക്ഷേപിച്ചിരിക്കുന്നു. പിഴുതെറിയാനും ഇടിച്ചുതകർക്കാനും നശിപ്പിക്കാനും തകിടം മറിക്കാനും പണിതുയർത്താനും നട്ടുവളർത്താനും വേണ്ടി ഇന്നിതാ ജനതകളുടെയും രാജ്യങ്ങളുടെയും മേൽ നിന്നെ ഞാൻ ആക്കിവച്ചിരിക്കുന്നു” (ജറെ. 1 : 9 10). ചുരുക്കത്തിൽ ദൈവത്തിന്റെ വിളിയുടെഫലമായുണ്ടാകുന്ന കൂട്ടായ്മയുണ്ട്. അതാണ് സഭയെപ്പറ്റിയുള്ള ചിത്രം – ‘ദൈവജനം’.

പുതിയ നിയമത്തിലേക്കു വരുമ്പോൾ, യേശു തന്റെ ശിഷ്യഗണത്തെ വിളിച്ചുകൂട്ടുകയാണ്. (മത്താ. 4:1822, 9:913; ലൂക്ക് 5:111 & 5:2732; മാർക്ക് 1:1620, 2:1317 & 3:1319). അവർക്കുള്ളതെല്ലാം ത്യജിച്ചിട്ടു മനുഷ്യരെ സംഘടിപ്പിക്കുന്നതിനായി വിളിക്കപ്പെടുന്നു. “അവരെയും അവൻ വിളിച്ചു. തൽഷണം അവർ വഞ്ചി ഉപേക്ഷിച്ച്, പിതാവിനെയും വിട്ട്, അവനെ അനുഗമിച്ചു” (മത്താ. 4:22). ഈ വിളി ഇവിടെ വച്ചു തീരുകയല്ല. ഇതൊരു നീണ്ട പ്രക്രിയയാണ്; ലക്ഷ്യത്തെ ഉന്നം വച്ചുള്ള കൂട്ടായ യാത്രയാണ്. ചലനാത്മകതയും സർഗ്ഗശക്തിയും ഈ കൂട്ടായ്മയുടെ അന്തഃസത്തയാണ്. നിരന്തരമായ പരിവർത്തനത്തിനു ആഹ്വാനം ചെയ്യുന്ന യേശുവിനെയാണ് നാം ഇവിടെ ദർശിക്കുക. “അവൻ പറഞ്ഞു : സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് (repen-

tance - metanoia) സുവ് ശേഷത്തിൽ വിശ്വസിക്കുവിൻ.” ഇങ്ങനെ ചേതസ്സുറ്റ, ചൈതന്യവും ജീവനും നിറഞ്ഞ ഒരു സ്നേഹസമൂഹത്തിന്റെ കൂട്ടായ്മയാണ് സഭ.

ഈ സഭയുടെ സ്വഭാവത്തിലേക്കു വിരൽ ചൂണ്ടുമ്പോൾ തന്നെ, പാരമ്പര്യ ജീവിതമൂല്യങ്ങളെ യേശു തിരുത്തുകയും ചെയ്യുന്നു; പാരമ്പര്യ ജീവിത രീതികളെയും ആചാരങ്ങളെയും ഘടനകളെയും യേശു ചോദ്യം ചെയ്യുന്നു. രണ്ടു മൂന്നു ഉദാഹരണങ്ങൾ മാത്രം കുറിക്കട്ടെ. സാബത്ത്* ആചരണം അന്നു അനിഷേധ്യ നിയമമാണ്; കർശനമായി അക്ഷരം പ്രതി അനുസരിച്ചിരിക്കണം. യേശു മനുഷ്യനെ -സാബത്തിനെയല്ല- ജീവിതത്തിന്റെയും ശുശ്രൂഷയുടെയും കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിച്ചു കൊണ്ടു അന്നു നിലനിന്ന നിയമങ്ങളെയും വഴക്കങ്ങളെയും വെല്ലുവിളിക്കുന്നു( മാർക്ക് 2 : 23 28 & 3 : 1 6) “സാബത്ത് മനുഷ്യനുവേണ്ടിയാണ്; മനുഷ്യൻ സാബത്തിനുവേണ്ടിയല്ല” (മാർക്ക 2 : 27).

വളരെ ഹൃദ്യവും മനുഷ്യമനസ്സിനെ തീർത്തും പിടിച്ചു കുലുക്കുന്ന ഒരു സംഭവമാണ് യേശു ശിഷ്യഗണത്തിന്റെ പാദങ്ങൾ കഴുകുന്ന കാര്യം (യോഹന്നാൻ 13 : 1 20). സാധാരണ അടിമയാണ് യജമാനന്റെ കാൽ കഴുകുക. ഇവിടെ ഗുരുവും നാഥനുമായ യേശു ദാസനായി മാറുന്നു. അങ്ങനെ തന്റെ സഭാഗണം നിലവിലുള്ള ധാരണകളെ തിരുത്തിക്കുറിക്കണമെന്നു പ്രവർത്തിച്ചു കാണിക്കുന്നു. “നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു. അതു ശരിതന്നെ. ഞാൻ ഗുരുവും കർത്താവുമാണ്. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം” (യോഹ : 13 : 13 14).

ജറുസലേം ദേവാലയത്തിലേക്കുള്ള തന്റെ ജനത്തോടൊപ്പമുള്ള പ്രവേശനം അന്നു രാജാവിനെപ്പറ്റിയും രാജകീയ പ്രവേശനങ്ങളെപ്പറ്റിയുമുള്ള സകലവിധ ധാരണകളേയും തകിടം മറിക്കുകയാണ്. രാജാവായി കുതിരപ്പുറത്തുവരുന്ന യേശുവിനെയല്ല നാം അവിടെ ദർശിക്കുക: മറിച്ച് തഴയപ്പെട്ടതിന്റെ പ്രതീകമായ, എല്ലാവരുടെയും ഭാരവും ഭാണ്ഡവും ചുമ

---

സാബത്ത്* - ആഴ്ചയിലെ അവസാന ദിവസം. അതായത് അന്ന് ശനിയാഴ്ച. വിശ്രമത്തിനും ഈശ്വരാരാധനയ്ക്കും വേണ്ടി വേർതിരിക്കപ്പെട്ട നാൾ. സാബത്തിന്റെ വലിപ്പം പ്രകടമാക്കാൻ ബൈബിളിൽ ആറുദിവസം കൊണ്ടു സൃഷ്ടികർമ്മം പൂർത്തിയാക്കിയ ദൈവം ഏഴാം ദിവസം വിശ്രമിക്കുന്നതായി ചിത്രീകരിക്കുന്നു. സാബത്ത് ആചരണത്തിനും കർശനമായ നിയമങ്ങളും ചട്ടങ്ങളും പാരമ്പര്യങ്ങളുമുണ്ടായിരുന്നു. അങ്ങനെ അന്നുണ്ടായിരുന്ന വിപുലമായ നിയമസംഹിതയുടെ ആകെത്തുകയും പ്രതീകവുമായി വേ ‌ ാം സാബത്തിനെ മനസ്സിലാക്കാൻ. ക്രിസ്തുവർഷത്തോടെ ശനിയാഴ്ചയ്ക്കു പകരം, ഇതു ഞായറാഴ്ചയാക്കി മാറ്റി.

ക്കുന്ന കഴുതയുടെ പുറത്താണ് തന്റെ ജറുസലേം പ്രവേശനം (മാർക്ക് 11 : 1 10; മത്താ. 21 : 1 11; ലൂക്ക് 19 : 28 40 യോഹ. 12 : 12 19). ശിഷ്യ ഗണം മുഴുവൻ തങ്ങളുടെ നേതാവിനെ കഴുതപ്പുറത്തുകേറ്റി ആഹ്ലാദത്തോടെ ദൈവത്തെ സ്തുതിച്ചുകൊണ്ട്, അധികാരകേന്ദ്രീകരണത്തിന്റെയും അതിനോടൊപ്പം പോകുന്ന എല്ലാ തിന്മകളുടെയും കേന്ദ്രത്തിന്റെ പ്രതീകമായ ജറുസലേമിലേക്കു നടത്തിയ മാർച്ച് തടയാൻ ചില ഫരിസേയർ ശ്രമിച്ചു. ആ എതിർപ്പിനെ വകവയ്ക്കാതെ, "ഇവർ മൗനം ഭജിച്ചാൽ ഈ കല്ലുകൾ ആർത്തുവിളിക്കും" (ലൂക്ക: 19 : 40) എന്നു പറഞ്ഞുകൊണ്ടുള്ള നീക്കത്തിൽ "ജറുസലേം നഗരം മുഴുവൻ ഇളകിവശായി" (മത്താ : 21 : 10). "അനന്തരം അവൻ ദേവാലയത്തിൽ പ്രവേശിച്ച്, അവിടെ കച്ചവടം നടത്തിക്കൊണ്ടിരുന്നവരെ പുറത്താക്കിത്തുടങ്ങി. അവൻ അവരോടു പറഞ്ഞു: എന്റെ ആലയം പ്രാർത്ഥനാലയം എന്ന് എഴുതപ്പെട്ടിരിക്കുന്നു. നിങ്ങളോ? അതിനെ കവർച്ചക്കാരുടെ ഗുഹയായി മാറ്റിയിരിക്കുന്നു" (ലൂക്ക : 19 : 45 46) ഇതിനെപ്പറ്റി പറയുന്ന മറ്റു സുവിശേഷഭാഗങ്ങളും ശ്രദ്ധിക്കുക. (മത്താ. 21 : 12 17; മാർക്ക്. 11 : 15 19; യോഹ. 2 : 13 22; ലൂക്ക. 19 : 45 48). പക്ഷേ "ജനങ്ങളെല്ലാം അവന്റെ വാക്കുകളിൽ മുഴുകി അവനെ വിട്ടുപോകാതെനിന്നു" (ലൂക്ക. 19 : 48). ഈ സംഭവത്തിൽ യേശുവിന്റെ ദരിദ്രപക്ഷനിലപാടും തന്റെ സഭയിലെ ജനം ആരാണെന്നും വ്യക്തമാക്കുന്നു. യേശുവിന്റേത് തീർത്തുമൊരു ജനകീയ സഭയാണ്.

യേശുവിന്റെ സഭയിലെ ജനം ആരാണെന്നു ബൈബിളിലെ രണ്ടു മൂന്നു ദൃശ്യങ്ങൾ എടുത്തു അല്പംകൂടി പരിശോധിക്കുന്നതു ഉചിതമെന്നു കരുതുന്നു. വിശുദ്ധ മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിൽ അവസാന വിധിയെപ്പറ്റി ഒരു ചിത്രം വരച്ചു കാട്ടുന്ന ഒരു കഥയുണ്ട് (മത്താ. 25 : 31, 46). മനുഷ്യകുലത്തെ മുഴുവൻ ലോകവിധിയാളന്റെ മുന്നിൽ ഇടത്തു വശത്തും വലതു വശത്തും നിർത്തിയിരിക്കുകയാണ്. വലതു ഭാഗത്തുള്ളവരോടു വിധിയാളൻ പറയുന്നു : "എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിക്കാൻ തന്നു; എനിക്കു ദാഹിച്ചു, നിങ്ങൾ എനിക്കു കുടിക്കാൻ തന്നു; ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു; ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു; ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെടുത്തു വന്നു" (മത്താ· 25 : 35 & 36). അവർ ചോദിക്കുന്നു : "കർത്താവേ, നിന്നെ വിശക്കുന്നവനായിക്കണ്ട് ഞങ്ങൾ ആഹാരം നല്കിയതും ദാഹിക്കുന്നവനായിക്കണ്ടു കുടിക്കാൻ തന്നതും എപ്പോൾ? നിന്നെ പരദേശിയായിക്കണ്ട് സ്വീകരിച്ചതും നഗ്നനായിക്കണ്ട്

ഉടുപ്പിച്ചതും എപ്പോൾ? നിന്നെ ഞങ്ങൾ രോഗാവസ്ഥയിലോ കാരാഗൃഹത്തിലോ കണ്ട് സന്ദർശിച്ചത് എപ്പോൾ?" (മത്താ: 25 : 37 39). അതിനുള്ള ന്യായാധിപന്റെ മറുപടി : "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു : എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്" (മത്താ: 25 : 40). ഇതുപോലെ ഇടത്തു ഭാഗത്ത് നിന്നവരോട് ന്യായാധിപൻ പറഞ്ഞു : "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു : ഈ ഏറ്റവും എളിയവരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്യാതിരുന്നപ്പോൾ എനിക്കുതന്നെയാണ് ചെയ്യാതിരുന്നത്." (മത്താ: 25 : 45).

എന്താണ് ഈ കഥ വ്യക്തമാക്കുന്നത് ? യേശുവിന്റെ സഭ വിശക്കുന്നവരുടെ, ദാഹിക്കുന്നവരുടെ, പരദേശികളുടെ, നഗ്നരുടെ, രോഗികളുടെ, കാരാഗൃഹവാസികളുടെ കൂട്ടായ്മയാണ്. യേശു അവരിൽ ഒരാളാണ്. ഇവരിൽ നിന്നും മാറി ഒരു വ്യക്തിത്വം യേശുവിന് ഇല്ല. ഇവരുമായുള്ള തന്റെ കലവറയില്ലാത്ത താദാത്മ്യപ്പെടലിലൂടെ രൂപപ്പെട്ട ജനകീയപ്രസ്ഥാനമാണ് സഭ.

യേശുവിന്റെ പന്തിഭോജനത്തിന്റെ കഥയും തന്റെ സഭാജനത ആരായിരിക്കും എന്നു വ്യക്തമാക്കുന്നു. ധാരാളം ഉദ്ധരണികൾ സുവിശേഷങ്ങളിൽ നിന്നും നിരത്തി വെയ്ക്കാം. ഇവിടെ രണ്ടെണ്ണം മാത്രം ഉദ്ധരിക്കട്ടെ. "ചുങ്കക്കാരും പാപികളുമെല്ലാം അവന്റെ വാക്കുകൾ കേൾക്കാൻ അടുത്തു വന്നുകൊണ്ടിരുന്നു. ഫരിസേയരും നിയമജ്ഞരും പിറുപിറുത്തു: ഇവൻ പാപികളെ സ്വീകരിക്കുകയും അവരോടുകൂടെ ഭക്ഷണം കഴിക്കുകയും ചെയ്യുന്നു"(ലൂക്ക. 15 : 1 2). "അവൻ ലേവിയുടെ ഭവനത്തിൽ ഭക്ഷണത്തിനിരിക്കുമ്പോൾ അനേകം ചുങ്കക്കാരും പാപികളും അവന്റെയും ശിഷ്യരുടേയും കൂടെ ഇരുന്നു" (മാർക്ക് 2 : 15). വീണ്ടും നമ്മൾ സദ്യയോ അത്താഴമോ കൊടുക്കുമ്പോൾ സ്നേഹിതരേയും ബന്ധുക്കളേയും ധനികരായ അയൽക്കാരേയുമല്ല വിളിക്കേണ്ടത്; മറിച്ച് "നീ സദ്യനടത്തുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക" (ലൂക്ക 14 : 13). അങ്ങനെ യേശുവിന്റെ പന്തിഭോജനകാഴ്ച്ചപ്പാടു വ്യക്തം. ഈ പന്തിഭോജന പ്രക്രിയ എല്ലാ മനുഷ്യരുടേയും കണ്ണീർ തുടച്ചുമാറ്റിക്കൊണ്ട് സർവ്വജനങ്ങൾക്കുംവേണ്ടി യഹോവ പർവ്വതമുകളിൽ ഒരുക്കുന്ന വിരുന്നിനെയാണ് ഓർമ്മിപ്പിക്കുന്നത് (യേശയ്യ 26 : 6 – 8). ഈ നിരന്തര പന്തിഭോജനത്തിന്റെ പൂർത്തീകരണം എന്നോണം വേണം കർത്താവിന്റെ അന്ത്യ അത്താഴത്തെ കാണാൻ (മത്താ. 26 : 26 – 30; I കൊറി. II : 23 – 25). പലപ്പോഴും ഇങ്ങനെയല്ല അന്ത്യ അത്താഴത്തെക്കാണുക; മറിച്ച്, ഭക്തിയുടെ പരിവേഷമണിഞ്ഞ

ഒറ്റപ്പെട്ട സംഭവമായാണ് ഇതിനെ പൊതുവേ ചിത്രീകരിക്കുക. ഈ സമീപനം ചരിത്രപരമായി ശരിയല്ല. യേശുവിന്റെ ജീവിതത്തിൽ നിരന്തരമായി താൻ ബന്ധപ്പെട്ട പാവപ്പെട്ട ജനതയോടുള്ള തന്റെ താദാത്മ്യവും ദരിദ്രരായ തന്റെ സ്നേഹിതരോട് (ശിഷ്യരോട്) ഒപ്പമുള്ള പന്തിഭോജനവുമാണ് അന്ത്യ അത്താഴം. തന്റെ സഭയുടെ ചെറു രൂപമാണ് അവിടെ പ്രകടമായത്. ജനകീയ പ്രസ്ഥാനത്തിന്റെ ഉൾപ്പൊരുൾ ഒരുമിച്ചുള്ള പന്തിഭോജനത്തിലാണ് എന്ന് വ്യക്തമാക്കുകയാണ്.

ചുരുക്കത്തിൽ, ബൈബിളിന്റെ അടിസ്ഥാനത്തിൽ യേശുവിന്റെ സഭ ഒരു കാരണവശാലും ഒരു സ്ഥാപനമല്ല; മറിച്ച്, ഒരു പ്രസ്ഥാനമാണ് - സാമാന്യജനത്തിന്റെ കൂട്ടായ്മയിൽ ഊന്നി മുന്നേറുന്ന ഒരു ജനകീയ പ്രസ്ഥാനം.

# 14

# സഭ ഒരു വിമോചന പ്രസ്ഥാനം

ഈ വിഷയത്തിന്റെ കാലിക പ്രസക്തി ഏറുന്നത് ഇന്നത്തെ സമൂഹം എല്ലാ രീതിയിലും എല്ലാ മേഖലയിലും അതി തീവ്രമായി ബന്ധിക്കപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവിലാണ്. എന്താണു ഇന്നത്തെ സമൂഹത്തിന്റെ അവസ്ഥ? ഉള്ളവരും ഇല്ലാത്തവരും തമ്മിൽ വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോ നിമിഷം കഴിയുന്തോറും ഈ വിടവ് വർധിച്ചുകൊണ്ടിരിക്കുന്നു. ഒരു നേരത്തെ ആഹാരംപോലുമില്ലാതെ പട്ടിണി രേഖക്ക് താഴെയുള്ളവർ 60%, ഏറെപ്പേർ തൊഴിൽരഹിതർ, നിരക്ഷരർ, അടിസ്ഥാനകൂലി പോലും ലഭിക്കാത്തവർ, ജാതിയുടെ പേരിൽ ജോലിനിഷേധിക്കപ്പെട്ടവർ, മറ്റു പല രീതിയിലും അടിച്ചമർത്തപ്പെട്ടവർ. ഒരുചാൺ വയറിനുവേണ്ടിയും തങ്ങളുടെ കുഞ്ഞുങ്ങളുടെ ജീവൻ സംരക്ഷിക്കാൻ വേണ്ടിയും ശരീരം വിൽക്കാൻ നിർബന്ധിതരാകുന്ന അമ്മമാർ, രോഗികൾ, ഭൂരഹിതർ, സ്വന്തം ഭൂമിയിൽ നിന്നും ആട്ടിപുറത്താക്കപ്പെട്ട ആദിവാസികൾ, പട്ടിണികൊണ്ട് ബാലവേലയ്ക്ക് നിർബന്ധിതരാക്കപ്പെട്ടവർ, വികസനത്തിന്റെ ഫലമായി പുറംതള്ളപ്പെട്ടവർ, മത്സ്യത്തൊഴിലാളികൾ, സ്വന്തമായി തീരുമാനങ്ങൾ എടുക്കുവാൻ കെൽപ്പില്ലാത്തവർ... ഇങ്ങനെയുള്ളവരാണ് ഇന്നത്തെ സമൂഹത്തിൽ ബഹുഭൂരിപക്ഷം വരുന്ന ജനതയും. ഈ ജനതയ്ക്ക് എപ്പോഴാണ് സഭ അർത്ഥവത്താകുന്നതു? സഭ സദ്വാർത്തയാകുന്നത്? പ്രസക്തമാകുന്നത്? സഭ ഒരു മോചനപ്രസ്ഥാനമായിമാറുമ്പോൾ മാത്രം.

സഭ ഒരു വിമോചന പ്രസ്ഥാനമെന്നത് ബൈബിൾ അടിസ്ഥാനമാക്കിയാണോ എന്ന് നമുക്ക് ഒന്നു പരിശോധിക്കാം.

പഴയനിയമത്തിൽ തെരഞ്ഞെടുക്കപ്പെട്ടജനതയെ, ഈജിപ്റ്റിലെ ഫറവോയുടെ അടിമത്തത്തിൽ നിന്നും മോചിപ്പിച്ച ഇസ്രയേൽ ജനതയെ, വിളിച്ചിരുന്നത് 'ദൈവജനം' (people of God) എന്നായിരുന്നു. അവരുടെ ചരിത്രത്തിൽ പ്രവർത്തിച്ച ദൈവത്തെ അവർ കണ്ടിരുന്നതു് മോചിപ്പി

ക്കുന്ന ദൈവമായാണ്. അവരുടെ മോചനത്തിനായി മുൻ നിരയിൽ നിന്നു പോരാടുന്ന ഒരു ദൈവസങ്കൽപ്പമാണ് പഴയനിയമത്തിലുള്ളത്. അങ്ങനെ പഴയനിയമത്തിലെ ദൈവജനത്തിന് ഒരു വിമോചനചരിത്രമുണ്ട്.

അവിടെയാണ് യേശു കടന്നു വരുന്നത്. പുതിയ ഒരു മനുഷ്യസമൂഹത്തിന്റെ ദർശനവുമായി: അതായത് ദൈവരാജ്യ ദർശനം. "അവൻ പറഞ്ഞു: സമയം പൂർത്തിയായി. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മാർക്ക് 1: 15). ഈ ആഹ്വാനത്തോടുകൂടിയാണ് യേശു തന്റെ ജീവിതദൗത്യം ആരംഭിക്കുന്നത്. എന്താണ് ഇതിന്റെ അന്തഃസത്ത എന്ന് തന്റെ കന്നി പ്രസംഗത്തിൽ വ്യക്തമാക്കുന്നുണ്ടുതാനും. "ഏശയ്യ പ്രവാചകന്റെ പുസ്തകം അവനു നൽകപ്പെട്ടു. അവൻ പുസ്തകം തുറന്നപ്പോൾ ഇപ്രകാരം എഴുതിയിരിക്കുന്നത് അവൻ കണ്ടു. കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു....അവൻ അവരോട് പറയുവാൻ തുടങ്ങി. നിങ്ങൾ കേട്ടിരിക്കെത്തന്നെ ഇന്നു ഈ തിരുവെഴുത്തു നിറവേറിയിരിക്കുന്നു." (ലൂക്കാ 4 : 17, 18 & 21) അപ്പോൾ ബന്ധിതർക്കു മോചനം, അന്ധർക്കു കാഴ്ച, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം - യേശുദൗത്യത്തിന്റെ അടിസ്ഥാന ദർശനമിതാണ്. യേശുശിഷ്യന്മാരുടെ പ്രവർത്തനം ഇതിനെ കേന്ദ്രീകരിച്ചായിരിക്കണം താനും. അതായത് എല്ലാവിധമായ ബന്ധനങ്ങളിൽ നിന്നുമുള്ള വിടുതൽ യേശുവിന്റെ സ്വപ്നമാണ്. അതിനായി പ്രവർത്തിക്കുക യേശു ശിഷ്യന്മാരുടെ പ്രഥമവും പ്രധാനവുമായ കടമയും. മനുഷ്യനു മനുഷ്യത്വം നിഷേധിക്കുന്ന എല്ലാ ഘടനകളേയും ശക്തികളേയും ചോദ്യം ചെയ്തു എതിർത്തു തോൽപ്പിച്ചു്, അവനെ മനുഷ്യത്വത്തിന്റെ പൂർണ്ണതയിലേക്കു പിടിച്ചു നടത്തുക സഭയുടെ ധർമ്മമായി മാറുന്നു. എല്ലാവിധമായ ബന്ധനങ്ങളുടേയും ചുവടിന് കോടാലിവയ്ക്കുകയാണ് ക്രൈസ്തവദൗത്യം. സ്വാതന്ത്ര്യത്തിന്റെയും മനുഷ്യത്വത്തിന്റെയും തികവിലേക്ക് മനുഷ്യസമൂഹത്തെ പിടിച്ചു നടത്തുകയാണ് സഭയുടെ ഉന്നം. ഇതാണ് പശ്ചാത്തപിച്ച് സുവിശേഷത്തിൽ വിശ്വസിക്കൂ എന്നു പറയുന്നതിന്റെ ആന്തരാർത്ഥം. ഇങ്ങനെ നോക്കുമ്പോൾ മർദ്ദിത ജനവിഭാഗത്തോട് വിമോചന സദ് വാർത്ത അറിയിക്കുന്ന, അതു ജീവിതത്തിൽ വിമോചന പോരാട്ടത്തിലൂടെ എടുത്തു കാണിക്കുന്ന, ദരിദ്രജനം അവരുടെ മനുഷ്യത്വത്തിനും സ്വത്വത്തിനും വേണ്ടിയുള്ള സമരത്തിൽ മുൻ നിരയിൽ

നിന്നു യുദ്ധം ചെയ്യുന്ന ദൈവത്തോടൊപ്പം പോരാട്ടത്തിൽ ഏർപ്പെടുന്ന ജനകീയ കൂട്ടായ്മയാണ് സഭ. അതേ, സഭ ഒരു വിമോചന പ്രസ്ഥാന മാണ്.

ഈ വ്യക്തതയിലാണ് ഇന്നു കാണുന്ന സഭയെ നാം വിലയിരുത്തേ ണ്ടത്; ഇന്നത്തെ സഭ എവിടെ, അരോടൊപ്പം നില്ക്കുന്നു എന്നു നോക്കി ക്കാണേണ്ടത്. ഗൗരവമുള്ള പല ചോദ്യങ്ങൾക്കും ഇന്നത്തെ സഭ ഉത്തരം പറയേണ്ടതുണ്ട് എന്നാണ് എന്റെ വ്യക്തമായ പക്ഷം.

* ആസൂത്രിതമായും ശാസ്ത്രീയമായും പട്ടിണിയിലേക്കും മരണ ത്തിലേക്കും ദരിദ്ര ജനകോടികളെ നിർബന്ധപൂർവ്വം തള്ളി വിടുന്ന മുതലാളിത്ത നയങ്ങളോടുള്ള സഭയുടെ നിലപാടു എന്ത്?

* മനുഷ്യാവകാശങ്ങൾ, അല്ല മനുഷ്യത്വം പോലും, നിഷേധിക്ക പ്പെടുന്ന കോടിക്കണക്കിനുള്ള സ്ത്രീകൾ, കുട്ടികൾ, ദലിതർ, ആദിവാസികൾ, വലിയവന്റെ വികസനത്തിന്റെ ഇരകൾ - ഇവ രോടുള്ള സഭയുടെ നിലപാടു എന്ത്?

* അടിസ്ഥാന അവകാശങ്ങൾക്കു വേണ്ടിയുള്ള, ന്യായമായ കൂലിയും അവർ ഉണ്ടാക്കിയ മിച്ചമൂല്യത്തിന്മേലുള്ള അവകാശ ത്തിനു വേണ്ടിയുള്ള തൊഴിലാളിജനവിഭാഗത്തിന്റെ സമര പോരാട്ടങ്ങളിൽ സഭയുടെ നിലപാടു എന്ത്?

* ഹരിജന മർദ്ദനം, സ്ത്രീ പീഡനം, തൊഴിലാളികളെ അടിച്ച മർത്തൽ തുടങ്ങിയ മനുഷ്യത്വഹീനമായ ഇടപെടലിൽ സഭ ആരോടൊപ്പം?

* ജാതി - വർണ്ണ - ലിംഗ വിവോചനത്തിന്റെ തിക്തഫലം ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുന്ന ജനവിഭാഗത്തോടുള്ള സഭയുടെ നിലപാടു എന്ത്?

* മൂലധന(സമ്പത്ത്)ത്തിനോടും അധികാര സംവിധാനത്തോടും അവയുടെ അനുബന്ധ സ്ഥാനമാനങ്ങളോടുമുള്ള സഭയുടെ കൂട്ടുചേരൽ (ബാന്ധവം) ഉപേക്ഷിക്കാൻ സഭ തയ്യാറാകുമോ?

* കരിങ്കൽ ഭിത്തികളിലും കണ്ണാടിക്കൂട്ടിലും ഒതുക്കി, വർണ്ണശബളി മയോടെയും ശില്പചാതുര്യത്തോടെയും പ്രകാശിപ്പിക്കുന്ന യേശുവിനേയും ഇന്തരം യേശുവിനെ പ്രഘോഷിക്കുന്ന ആഡം ബരാഘോഷങ്ങളേയും ആർഭാടങ്ങളേയും സഭ എങ്ങനെ

8415

നോക്കികാണുന്നു? ഏറ്റം എളിയവനു ചെയ്തപ്പോൾ എനിക്കാണ് ചെയ്തത്, ചെയ്യാഞ്ഞപ്പോൾ എനിക്കാണ് ചെയ്യാഞ്ഞത് എന്നു പഠിപ്പിച്ച ദരിദ്രയേശുവിനെ സഭ എങ്ങനെ നോക്കിക്കാണുന്നു?

* സ്ഥാപനങ്ങളോടുള്ള സഭയുടെ അത്യാർത്തിയും (സ്കൂളുകൾ, കോളേജുകൾ, ഇൻസ്റ്റിറ്റ്യൂട്ടുകൾ, ആശുപത്രികൾ, ആതുരാലയങ്ങൾ, സാമൂഹ്യസേവനകേന്ദ്രങ്ങൾ, വികസന ആലയങ്ങൾ, അംബരചുംബികളായ ദേവാലയങ്ങൾ, കത്തീഡ്രലുകൾ, ബസലിക്കാകൾ, കുരിശടികൾ മുതലായവ) അവ നൽകുന്ന സ്വാധീനവും പദവിയും അധികാരാംഗീകാരവും സമ്പത്തും ശക്തിയും ഒക്കെ അതാത് സമയത്തു നിലവിലിരിക്കുന്ന അധികാരശക്തികളുമായി ബാന്ധവമോ വിധേയത്വമോ ഉണ്ടാക്കാൻ സഭയെ നിർബന്ധിക്കുമ്പോൾ സഭ ആരോടൊപ്പം പക്ഷംചേരും?

* ഒറ്റവാക്കിൽ, റോമാസാമ്രാജ്യത്തിന്റെ തലവൻ ചക്രവർത്തി കോൺസ്റ്റന്റൈനിനെയോ, യാക്കോബിന്റെ കിണറ്റിൻകരയിൽ യേശു ബന്ധപ്പെട്ട സ്ത്രീയെയോ - ആരെയാണ് സഭ തിരഞ്ഞെടുത്തു ഏറ്റുവാങ്ങുന്നത്? സ്ഥാപനത്തെയോ പ്രസ്ഥാനത്തെയോ? ദരിദ്രപക്ഷത്തെയോ, മുതലാളിത്തത്തെയോ?

ഇവിടെ ഒരു കാര്യം വ്യക്തം. യേശുവിന്റെ സഭ വിമോചനാത്മക പ്രസ്ഥാനമാണ്; ഇന്നത്തെ സഭയോ സ്ഥാപനോന്മുഖ സംവിധാനവും. ഇവ രണ്ടിനേയും സംയോജിപ്പിക്കുവാനുള്ള വിഫലശ്രമങ്ങളാണ് രണ്ടാം വത്തിക്കാൻ കൗൺസിലും മറ്റു നവോത്ഥാന പ്രസ്ഥാനങ്ങളും ശ്രമിക്കുന്നത്. അതു ഫലവത്താകുന്നില്ല എന്നതു ചരിത്ര പാഠം.

അപ്പോൾ ക്രിസ്തുസഭ ഒരു വിമോചന പ്രസ്ഥാനമാകണമെങ്കിൽ, ഇന്ന്ത്തെ സ്ഥാപന സഭയിൽ നിന്നും നൂറു ശതമാനവും പൂർണ്ണമായും വിമോചിക്കപ്പെടണം. ഒരു പുതിയ പാത വെട്ടിത്തുറക്കണം. ഇന്നത്തെ സ്ഥാപനസഭയോടുയാതൊരു സന്ധിയുമില്ല എന്നു പറഞ്ഞുകൊണ്ട് ശാശ്വതമായ ഒരു വിടുതലാണ് ഇതിന്റെ ആദ്യപടി. തുടർന്നു സ്നേഹത്തിലും നീതിയിലും സമത്വത്തിലും സാഹോദര്യത്തിലും സ്വാതന്ത്ര്യത്തിലും ഊന്നിയ ജീവസ്സുറ്റ കൂട്ടായ്മയുടെ രൂപീകരണത്തിലൂടെ സഭ ഒരു ജനകീയ പ്രസ്ഥാനമായി പുനഃർജനിക്കണം. ഇതിനുള്ള തന്റേടവും നിശ്ചയദാർഢ്യവും ഉണ്ടാകട്ടെ എന്നാശിക്കുന്നു.

# മരണത്തിലൂടെ ജീവൻ

ചരിത്രത്തിൽ കാണുന്ന ക്രിസ്തുവും
നമ്മുടെ മുമ്പിലുള്ള ക്രിസ്തീയ സഭയും
എന്ന വിഷയം
ഏറെ പഠനം അർഹിക്കുന്ന
ഒന്നായിത്തീർന്നിരിക്കുന്നു.
വൈദിക പഠനകാലം മുതൽ
മനസ്സിനെ മഥിച്ചിരുന്ന
ഇതുമായി ബന്ധപ്പെട്ട
പ്രശ്നങ്ങളുടെ വേരുകൾ തേടിയുള്ള
ഒരു അന്വേഷണത്തിന്റെ ഫലമാണ്
ഈ ലഘു ഗ്രന്ഥം

" സഭ ദരിദ്രർക്കുവേണ്ടിയുള്ളതായാൽ പോരാ
ദരിദ്രരുടേതാവണം
എന്നതാണ് ഗ്രന്ഥകാരൻ
ഉന്നയിക്കുന്ന പ്രധാന വാദം.
ഫാ. അലോഷ്യസിന്റെ
നിരീഷണങ്ങളും ഉൾക്കാഴ്ചകളും
സത്യത്തിന്റെ സാന്ദ്രമായ മുഴക്കമുള്ളതാണ്.
ആ അനുഭവത്തിന്റെ
ഊർജ്ജവും കരുത്തും
ആ ആശയങ്ങൾക്കുണ്ടുതാനും "

**ഡോ.ഡി.ബെഞ്ചമിൻ**



ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ്

**Media House,**
375-A, Pocket - 2
Mayur Vihar Phase 1, Delhi 110 091
Ph: 011- 43042096, 22750667,22751317
Email : mediahousedelhi@gmail.com
mediahousedelhi@hotmaiil.com

www.mediahousedelhi.org

Price Rs. 45/-

ISBN: 81-7495-239-X
9 788174 952394

# മരണത്തിലൂടെ ജീവൻ



242

ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ്

Indic Digital Archive Foundation
gpura.org